പുസ്തകം ൩. ലക്കം ൧, വൃ.

# സഹൃദയ

## നൈഷധ ചമ്പുവിലെ ഒരു പാഠഭേദം.

കെ. ആർ. കൃഷ്ണപിള്ള ബി. ഏ., ബി. എൽ.

1. അനന്തരം വിദർഭജാ ഭുജങ്ങളും
കുചങ്ങളും
മനോഹരാധരോഷ്ഠവും തദംഗ--
കങ്ങളൊക്കവേ
തനിച്ചു തങ്ങളൊട്ടനാൾ കൊടാഞ്ഞ
കാംക്ഷിതങ്ങളെ
കണക്കു തീർത്തു നൽകിനാൾ നളന്നു
പുണ്യവാരിധേഃ.

നൈഷധചമ്പുവിന്റെ അവസാനഭാഗത്തു്, ആകാശവാണിയാൽ നിർദ്ദോഷയെന്നറിയിക്കപ്പെട്ട ദമയന്തിയെ നളൻ പരിഗ്രഹിച്ചതിന്റെശേഷമുള്ള ഒരു ശ്ലോകമാണിതു്. ഇപ്പോൾ മുദ്രിതങ്ങളായിക്കാണുന്ന എല്ലാപുസ്തകങ്ങളിലും ഈ പാഠംതന്നെ അംഗീകരിച്ചുകാണുന്നു. എന്നാൽ ഏകദേശം അറുപതുവർഷം മുമ്പു ഞാൻ സംസ്കൃതം പഠിച്ചുകൊണ്ടിരുന്ന കാലത്തു്, ഒരു വേലുപ്പിള്ളവൈദ്യൻ—ബുധന്നൂർക്കാരനാണെന്നു തോന്നുന്നു—ഞങ്ങളുടെ ഗൃഹത്തിൽ ചിലപ്പോൾ വരാറുണ്ടായിരുന്നു. വൈദ്യനെന്നു മാത്രമല്ലാ സംസ്കൃതത്തിൽ സാമാന്യപാണ്ഡിത്യമുള്ള ഒരു സാഹിത്യരസികനുമായിരുന്നു അദ്ദേഹം. നൈഷധചമ്പു ഒട്ടുമുഴുവനും അദ്ദേഹത്തിനു മുഖസ്ഥമായിരുന്നു. അതിൽനിന്നു ശ്ലോകങ്ങൾ ചൊല്ലി അർത്ഥം പറഞ്ഞുകേൾപ്പിക്കുകയായിരുന്നു അദ്ദേഹത്തിനു് അതിപ്രിയമായ ഒരു സാഹിത്യവിനോദം. കൃതവിദ്യരായ അന്നത്തെ മലയാളികൾക്കു ചമ്പുക്കൾ, ആട്ടക്കഥകൾ മുതലായി സംസ്കൃതപ്രചുരങ്ങളായ മലയാളകൃതികളിൽ എത്രമാത്രം പ്രീതിയും നമ്പ്യാരുടെ തുള്ളക്കഥകളിലുംമററും എത്രമാത്രം അനാസ്ഥയുമാണുണ്ടായിരുന്നതെന്നു് ഇപ്പോഴും ഞാൻ വ്യക്തമായി ഓർമ്മിക്കുന്നു. ഇങ്ങനെയുള്ള കാലഘട്ടത്തിൽ വിരചിതമായ കേരളവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ അഭിജ്ഞാനശാകുന്തളതർജ്ജിമയ്ക്കു സാർവത്രികമായ പ്രചാരവും ശ്ലാഘയും ലഭിച്ചതു കേവലം സ്വാഭാവികമേ ആയിരുന്നുള്ളു. അതുപോകട്ടെ, പ്രകൃതം തന്നെ പറയാം. മേലെഴുതിയ ശ്ലോകത്തിനു വേലുപ്പിള്ളവൈദ്യന്റെ പാഠാന്തരം ഇപ്രകാരമായിരുന്നു.

2. അനന്തരംവിദർഭജാകുചങ്ങളും
ഭുജങ്ങളും
മനോഹരാധരോഷ്ഠവും തദംഗ
കങ്ങളൊക്കവേ
തനിച്ചു തങ്ങളൊട്ടുനാൾ കൊടാഞ്ഞ
കാംക്ഷിതങ്ങളെ
കണക്കുതീർത്തു നൽകിനാർ നളന്നു
പുണ്യവാരിധേഃ.

ഇവിടേ ഒന്നും രണ്ടും പദ്യങ്ങളുടെ നാലാം പാദത്തിൽ കീഴ്വരയിട്ടിട്ടുള്ള 'നൽകിനാൾ', 'നൽകിനാർ' എന്ന പദങ്ങളെയാണു പാഠഭേദങ്ങളെന്നു പറയുന്നതു് വേലുപ്പിള്ളവൈദ്യന്റെ മുഖപാഠം കേട്ടതിൽപിന്നെ അനേക വർഷങ്ങൾ കഴിഞ്ഞതിന്റശേഷം കാളേജിൽ ആ കാവ്യം പഠിപ്പിക്കേണ്ടിവന്നപ്പോഴാണു് ഇതിന്റെ അച്ചടിച്ച ഒരു പ്രതി ആദ്യമായി ഞാൻ കണ്ടതു്. കൈയെഴുത്തുപ്രതി ഒന്നും ഇതുവരെ കാണാൻ സാധിച്ചിട്ടുമില്ല. ഭാഷാചരിത്രകർത്താവായ ഗോവിന്ദപ്പിള്ള സർവാധികാര്യക്കാർ അച്ചടിപ്പിച്ച പുസ്തകമാണു് അന്നു കാളേജിൽ ഉപയോഗിച്ചിരുന്നതു്. അതിൽ 'നൽകിനാൾ' എന്നായിരുന്നു പാഠം. പിന്നീടു ബി. വി. ഡിപ്പോക്കാർ ഈ ചമ്പുവിന്റെ പൂർവാർദ്ധം പ്രസിദ്ധീകരിച്ചെങ്കിലും പ്രസ്തുത പദ്യം അടങ്ങിയ ഉത്തരാർദ്ധം അച്ചടിക്കയുണ്ടായില്ല. പിന്നീടുണ്ടായ മുദ്രണം ഇപ്പോൾ സാഹിത്യകുതുകികൾ ധന്യവാദപൂർവം സ്വീകരിച്ചിട്ടുള്ള പാട്ടത്തിൽ പത്മനാഭമേനോൻ അവർകളുടെ പ്രസിദ്ധീകരണമാണെന്നു തോന്നുന്നു. അതിലും 'നൽകിനാൾ' എന്നുതന്നെയാണു പാഠം. പക്ഷേ ഇതുവരെയുള്ള മുദ്രണങ്ങൾക്കെല്ലാം ആദർശം ഒരേ കൈയ്യെഴുത്തുഗ്രന്ഥമായിരുന്നേക്കാം. ഏതായാലും ഞാൻ ഉപന്യസിച്ച പാഠാന്തരത്തിനു പ്രമാണമായി ലിഖിതമോ മുദ്രിതമോ ആയ യാതൊരു രേഖയും കാണുകയുണ്ടായിട്ടില്ല. എങ്കിലും ഈ പാഠങ്ങൾക്കു തമ്മിലുള്ള അർത്ഥഭേദം ചിന്തിച്ചുനോക്കുക. മുദ്രിത പാഠത്തിൽ 'വിദർഭജാ' ശബ്ദം പ്രഥമാവിഭക്തിയായും 'നൽകിനാൾ' എന്ന ക്രിയയുടെ കർത്താവായും ഗ്രഹിച്ചു്, 'പ്രാഞ്ജലി' വ്യാഖ്യയിൽ കൊടുത്തിരിക്കുന്നതുപോലെ, ഭുജകുചാദ്യംഗങ്ങൾ ഒട്ടുനാളായി കൊടുക്കാതിരുന്ന കാംക്ഷിതങ്ങളെ വിദർഭജ കണക്കുതീർത്തുനൽകിയെന്നർത്ഥം പറയുവാൻ വിരോധമില്ല. സ്വാരസ്യത്തിനും കുറവില്ല. ഇനി മറ്റേപാഠത്തിന്റെ അർത്ഥം നോക്കാം 'വിദർഭജാകുചങ്ങളും എന്നതിനെ ഷഷ്ഠീതൽപുരുഷസമാസമായി ഗ്രഹിക്കാം. 'ഭുജങ്ങൾ' 'മനോഹരാധരോഷ്ഠം', ഇവയ്ക്കും 'വിദർഭജാ' ശബ്ദത്തിന്റെ ഷഷ്ഠ്യർത്ഥം യോജിച്ചുകൊള്ളുമല്ലോ. 'തദംഗകങ്ങൾ' എന്നു പിന്നേയും ഷഷ്ഠീതൽപുരുഷൻ. ഇവയെ എല്ലാം പ്രഥമാവിഭക്തിയിൽ 'നൽകിനാർ, എന്ന ക്രിയയുടെ കർത്താവായി അന്വയിക്കാം. 'തനിച്ചു്' എന്ന ക്രിയാവിശേഷണം ഇതിന്റെ ചമൽക്കാരത്തിനു് ആണിയായി നിൽക്കുന്നു. തനിച്ചു് എന്നുവച്ചാൽ സ്വതന്ത്രങ്ങളായി—ഭൈമിയുടെ ഇച്ഛാശക്തിയാൽ പ്രവർത്തിതങ്ങളാകാതെ— —ഭൈമി മനഃപൂർവം തങ്ങളെ പ്രേരിപ്പിക്കുന്നതിനു മുമ്പുതന്നെ അവളുടെ കുചഭുജാദ്യംഗങ്ങളെല്ലാം സ്വയം (Involuntarily) തങ്ങളുടെ കൃത്യത്തെ തികച്ചും നിർവഹിച്ചു എന്നർത്ഥം. അചേതനത്തിൽ ചേതനധർമ്മാരോപം

# ആത്മനിവേദനം.

ബി. മാധവമേനോൻ

സുഗന്ധധൂപങ്ങളെരിഞ്ഞുയൎന്ന
ധൂമം പരത്തിപ്പുതരുന്ന വാതം
അത്യാഹിതത്തിൻ നിഴലെന്നപോലെ-
യിത്തപ്തഗേഹത്തിലിഴഞ്ഞിടുന്നു. 1

എരിഞ്ഞിടും ദീപമിളക്കിടുന്ന
നാളങ്ങൾ നിന്നങ്ങനെ വിങ്ങി വിങ്ങി
ഇടയ്ക്കു ദീൎഘശ്വാസിതങ്ങളോടേ
വിരഞ്ഞുനോക്കീടുകയാണു കഷ്ടം. 2

---

ചെയ്തിരിക്കുന്നു. അംഗിയുടെ ഇച്ഛാശക്തി പ്രവൎത്തിക്കാതിരിക്കുമ്പോൾ അംഗങ്ങൾ അചേതനങ്ങളാണല്ലോ. വൎജ്ജ്യമായ അശ്ലീലതയിൽ എത്താതെ രതിഭാവത്തിന്റെ പരമകോടിയിൽ സ്ഥിതിചെയ്യുന്ന ഈ പാഠത്തിനു മറേറതിനേക്കാൾ അല്പംകൂടി സ്വാരസ്യമുണ്ടെന്നും മഴ മങ്ഗലത്തിന്റെ സരസതയ്ക്കു ഇതുയുക്തതരമാണെന്നും എനിക്കു തോന്നുന്നു. തനിച്ചു തങ്ങൾ=താന്താങ്ങൾ എന്നു 'പ്രാഞ്ജല'യിൽ പറയുന്ന അൎത്ഥം ക്ലിഷ്ടപക്ഷമല്ലേ എന്നും സംശയിക്കുന്നു. ശ്ലോകത്തിന്റെ ആദ്യപാദത്തിൽ 'വിദർഭജാ' ശബ്ദത്തെ പ്രഥമാരൂപത്തിൽ വേർതിരിച്ചു നിറുത്താതെ രണ്ടു പദങ്ങളും ചേൎത്തു ഷഷ്ഠീതൽപുരുഷസ്വരത്തിൽ വായിച്ചാൽ കുറെക്കൂടി ഇമ്പവും സ്വഭാവികതയും തോന്നുകയില്ലേ?

വേണമെങ്കിൽ ഈ പാഠാന്തരങ്ങൾ തമ്മിൽ ഒരു ചെറിയഭേദംകൂടി കാണിക്കാം? മുദ്രിതപാഠത്തിന്റെ ആദ്യപാദത്തിൽ 'വിദർഭജാഭുജങ്ങളും കുചങ്ങളും' എന്നു കാണുന്നതിനു പകരം മറേറ പാഠത്തിൽ വിദർഭജാകുചങ്ങളും ഭുജങ്ങളും എന്നാണു്. രണ്ടാമത്തേതിന്നു് ഉച്ചാരണസുഖം കൂടുമെന്നു പറയാം.

ഈ ഭിന്നപാഠങ്ങളെപ്പററി എനിക്കുള്ള ആശയങ്ങൾ ഇങ്ങനെയാണു്. ഇതു ശരിയാണെങ്കിൽ മേലിൽ കിട്ടിയേക്കാവുന്ന കയ്യെഴുത്തു പ്രതികളിൽ പ്രസ്തുത പാഠാന്തരം കാണ്മാനുണ്ടോ എന്നു ഗവേഷകന്മാർ നോക്കട്ടെ. അഥവാ ഇതിനകംതന്നെ ആരെങ്കിലും പാഠാന്തരം കണ്ടിട്ടുണ്ടെങ്കിൽ ആ വസ്തുത സാഹിത്യലോകത്തെ ഗ്രഹിപ്പിക്കേണ്ടതാണല്ലോ.

---

ലേഖകന്റെ പാഠമാണു് സരസതരമെന്നു മാത്രമല്ല സാധുവെന്നുകൂടി തെളിയിക്കാൻ 'തനിച്ചു' 'തങ്ങൾ' എന്നു രണ്ടു പദം മതിയല്ലോ. Ed.

വിങ്ങുന്ന ചിത്തങ്ങൾ പൊഴിച്ചിടുന്ന
വികാരമൂർച്ഛാഭരിതം വിലാപം
നിർഭാഗ്യനാമെൻ ശ്രവണേന്ദ്രിയങ്ങൾ
ഭഞ്ജിച്ചു പായുന്ന ശരങ്ങൾപോലെ 3

തകർത്തു കൂലം പ്രവഹിച്ചു കൊള്ളൂ
ഹൃദ്രക്തധാരേ നയനത്തിലൂടെ!
മജ്ജീവഗംഗേ മതി നിൻപ്രവാഹം
മരിച്ചുപോയീ ജനകൻ മദീയൻ. 4

നാളേറെയാലസ്യമിയന്നമൂലം
വലഞ്ഞു കഷ്ടം വ്യഥയാർന്ന ദേഹം
പെട്ടെന്നു രാവിൽ ധരണീനിവാസം
ത്യജിപ്പതോ ദുർവ്വിധിതന്നഭീഷ്ടം? 5

തങ്ങൾക്കുവേണ്ടിപ്പലവത്സരങ്ങൾ
പയററിയിജ്ജീവിതമാം രണത്തിൽ
ക്ഷതാംഗനായ് നേർത്തു ജയോൽകനായ
താതന്നെ നേരേയറിയാത്ത മക്കൾ. 6

അവർക്കു നേരാം വഴി കാട്ടുവാനാ—
യുള്ളോരു ദീപം തെളിയുമ്പൊഴേയ്ക്കും
അതിൻമൃദുസ്നേഹനിധാനവായ്പിൽ
കടന്നു ധാതാവിത കൊള്ളി വച്ചു! 7

രോഗം പിതാവിന്നു കടുത്തുപോയെ-
ന്നെഴുത്തു കാലത്തു ലഭിച്ചനേരം
സംഭ്രാന്തനായിട്ടു തിരിക്കവേയെൻ—
വപുസ്സു തെല്ലും വിറയാർന്നതില്ല. 8

അസ്വസ്ഥനാമെൻ ഹൃദയത്തിൽമാത്ര—
മുദിച്ചുപൊങ്ങീ ചില ചിന്തനങ്ങൾ
യദൃച്ഛയാ കൈവിരലല്പമപ്പോൾ
മുറിഞ്ഞതെന്നെബ്ഭയമൂകനാക്കി. 9

അച്ഛൻ മരിച്ചെന്നൊരു വാർത്തയല്ലോ
ഗൃഹത്തിൽ മേ സ്വാഗതവാക്യമായി!

വിളത്തൊരാസ്യം നനവാന്ന കണ്ണും
തെളിച്ചിതാ മാതുലഭാഷണത്തെ. 10

കുതിച്ചിതന്തഃപുരഭൂവിലെത്താൻ
ദൗർബല്യമോടെൻ കഴലും മനസ്സും;
ആകാത്ത കാഴ്ചയ്ക്കു വിധേയമായി—
ത്തളന്നു കണ്ണും കരളും ക്ഷണത്തിൽ. 11

പക്ഷങ്ങൾ തല്ലിച്ചെറുപഞ്ജരത്തെ
ഭേദിച്ചുപോയ് ജീവശുകം മനോജ്ഞം
അതിന്റെ സാന്നിദ്ധ്യവിലാസമില്ലാ—
ഞ്ഞീക്ഷിച്ചു ഞാൻ ദൃഗ്ഗത ശൂന്യഭാവം. 12

ലോകങ്ങളെല്ലാം പ്രഭയാൽ നിറയ്ക്കും
തേജസ്സിലീ നൽദ്യുതിയും ലയിക്കാം.
നാട്ടിൻ പ്രദീപങ്ങൾ കവന്നുതന്നെ
വാനിൽ കൊളുത്താം വിധി താരകങ്ങൾ. 13

ബാഷ്പങ്ങളാലിപ്പരിപൂതരംഗം
നനച്ചു ഞാനെന്തിനു കേണിടുന്നു!
സ്ഫുലിംഗമൊന്നിന്നു തിരിച്ചുപൊയ്യോ-
യതുത്ഭവിച്ചോരു മഹസ്സിലേയ്ക്കായ്. 14

എന്നാകിലും മർത്ത്യനു ചാപലങ്ങൾ
ആജീവനാന്തം സഹജസ്വഭാവം
ബാഷ്പപ്രതപ്തം മനുജസ്മിതം ഹാ
ഖദ്യോതമിജ്ജീവിതമാം തമസ്സിൽ. 15

മുറിച്ചിടാം ജീവികൾ തമ്മിലേലും
സ്നേഹത്തെ രൂക്ഷം മൃതിഖഡ്ഗമെങ്കിൽ
വിശ്വേശനെന്തേ വിരചിച്ചിടുന്നു
വീണ്ടും ക്ഷതിക്കായ് വിവിധാത്മബന്ധം. 16

മാത്രയ്ക്കു മാത്രയ്ക്കു മമാന്തരംഗേ
മിന്നുന്നു ഗേഹസ്മരണാസഹസ്രം
അവയ്ക്കധീനം ഹൃദയം തകന്നു
നൂറായ് നുറുങ്ങുന്നു ഹരേ മഹേശാ! 17

ആപാദചൂഡം വിറയാന്നു വായ്ക്കും
താപത്തിൽ നീറും ചെറുബാലകൻ ഞാൻ
സംശുദ്ധനാകട്ടെ യെരിഞ്ഞുപൊന്തും
ജ്വാലാകലാപം ചുഴലട്ടെ മേന്മേൽ. 18

ക്ഷണപ്രഭാചഞ്ചലമാണു ലോകം
മാറുന്നു മായുന്നു സമസ്തഭൂതം
ഇന്നീത്തപിക്കും തനുവും ക്രമേണ
മണ്ണായി മണ്ണിങ്കലടിഞ്ഞുപോകും 19

ഹാ കഷ്ടമെന്നാൽ വിധിവൈപരീത്യം
മഥിച്ചിടും ഹൃത്തിനു ശാന്തിയെങ്ങോ?
ഗൃഹത്തിലോരോ ചെറുവസ്തുവും മേ
ഖേദാസ്പദം ചിന്തകളേകിടുന്നു. 20

ധാരാളമായ് പൂത്തൊരു പാരിജാതം
മൊട്ടാന്ന വാസന്തിയൊടൊത്തു നിൽക്കും
മുററത്തു പൂന്തെന്നലുമേററു താത-
നിരുന്നിടാറുണ്ടു വസന്തരാവിൽ. 21

അകത്തു പാരായണലോലനായ് ഞാൻ
കിടന്നുകേൾക്കും കതുകാൽ ചിലപ്പോൾ
മിത്രങ്ങളോടാ നഗരപ്രധാന-
നരച്ചിടും വാക്കുകൾ സാരഗർഭം. 22

ആ ദേഹം—ഇന്നായതു ചാരമാകാം,
പോകില്ല തെല്ലും ദൃഢമാത്മശക്തി
അദ്ദിവ്യതേജഃപ്രസരം തരുന്നു
കേഴുന്ന ഹൃത്തിന്നു നവപ്രഭാവം. 23

താതൻ മരിക്കിൽ തനയൻ നടക്കു
തൽപാദപാതങ്ങൾ പതിഞ്ഞ പാരിൽ
ആമട്ടിലത്രേ കവരുന്നു മക്കൾ
കാലൻെറ കീത്തിക്കതിർകന്ദളങ്ങൾ. 24

ഞാനിങ്ങു വീപ്പിൻപുകയാൽ ഗൃഹാഭ-
മേറെക്കറുപ്പിച്ച വിയോഗഖിന്നൻ

പ്രപഞ്ചമെന്നാൽ ചിരകാലമായ്ത്താൻ
നടത്തിടും വൃത്തികൾ വിട്ടതില്ല. 25

ഹസിച്ചു മന്ദം വിളറുന്ന താരം
നിറഞ്ഞോരെൻ ലോചനമുററുനോക്കി:
അത്യന്തവൃദ്ധം നരലോകസീമ
നിര്യാണശോകാകുലമെന്നുമെന്നും. 26

മൂവന്തിനേരത്തു പതിച്ച പുഷ്പം
സൗരഭ്യമെന്നേയ്ക്കുമിയററി പാരിൽ;
പൂവോടു രാഗം പരമാൎന്നവന്നോ
നാരാചമാകുന്നിതതിൻ സുഗന്ധം. 27

പാറിപ്പറന്നീടിന ദേഹിതൻെറ
പവിത്ര പക്ഷങ്ങളിലെൻെറ ബാഷ്പം
എന്തിന്നു തങ്ങുന്നു വിഭാതനേരം
വീഴും ദളത്തിൽ ഹിമബിന്ദുപോലെ. 28

കരച്ചിലോടേ ജനിയാൎന്ന മർത്ത്യൻ
പോകുമ്പൊഴും ബാഷ്പമുതിക്കയെന്നോ!
വൻകാററിലും കോളിലുമൊന്നുപോലെ
തുഴഞ്ഞിടേണം തളരാതെ നമ്മൾ. 29

തോന്നുന്നു മേ ജീവിതമിന്നു മെല്ലെ-
ത്തുടങ്ങിടുന്നൂ വഴിപോലെയെന്നായ്;
സന്തപ്തചിന്താഗ്നിയിൽ വെന്തു ഞാനും
ചെന്നെത്തിടാമീശദയാപഥത്തിൽ. 30

ചിരന്തനം സ്നേഹ സമാഖ്യശക്തി
വിളക്കിടട്ടേ സകലപ്രപഞ്ചം
പൊന്തുന്ന ചെന്താമര മേൽ പ്രകാശം
ചിന്തും ത്രിലോകീതിലകാഭപോലെ. 31

# ഭരതനാട്യം

വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള പി. ഒ. എൽ.

ഭാരതഭൂമിയുടെ പ്രശസ്തിക്കുള്ള പ്രധാനകാരണങ്ങളിൽ ഒന്ന് അതിൻെറ കലാസമ്പത്തിയാകുന്നു. അറുപത്തിനാലു കലകളേയും യഥായോഗ്യം പോഷിപ്പിച്ചതാണ് ഈ ഭൂഖണ്ഡം. കലകളിൽ നാട്യത്തിനുള്ള പ്രാധാന്യം അപ്രതിമമാകുന്നു. അതിൽ മുഖ്യമാണ് ഭരതനാട്യം. ഗാനത്തിൻെറ സഹായംകൊണ്ടുമാത്രം സംഭവങ്ങളുടെ യാഥാർത്ഥ്യം ജനതയെ ഗ്രഹിപ്പിക്കാൻ നാടകത്തിനു ത്രാണിയില്ല.

സംഭവങ്ങൾ വാക്കുകൊണ്ടല്ലാതെ അഭിനയംമൂലം ഗ്രഹിപ്പിക്കുകയാണ് ഭരതനാട്യം ചെയ്യുന്നതു്. ശ്രീകൃഷ്ണൻെറ വേണുഗാനവും ശ്രീപരമേശ്വരൻെറ ആനന്ദതാണ്ഡവവും നമ്മുടെ ഹൃദയത്തിൽ ദൃഢമായിപ്പതിയുന്നതു് ഭരതനാട്യത്താൽ ആകുന്നു. ഈ കലയുടെ മഹിമയെ വർണ്ണിക്കുക ക്ഷിപ്രസാധ്യമല്ല.

ഭാവം, രാഗം, താളം എന്നിവയെ വിവരിക്കുന്ന ഗ്രന്ഥത്തിന് ഇവയുടെ ആദ്യക്ഷരങ്ങൾ ചേർത്തുണ്ടാക്കിയ നാമധേയമാണ് ഭരതം. മനോഗതി അന്യരെ അറിയിക്കുന്നതാണ് ഭാവം. സ്വരത്തിൻെറ വിഭിന്നതകളെ രാഗം ദ്യോതിപ്പിക്കുന്നു. ഭാവരാഗങ്ങൾക്ക് അനുഗുണമാകുംവണ്ണം പുറപ്പെടുവിക്കുന്ന ശബ്ദത്തിൻെറ കാലക്ൢപ്തിയാണു താളം.

മനോവികാരമൂർത്തിയായ ഭാവവും ശബ്ദമൂർത്തിയായ രാഗവും കാലമൂർത്തിയായ താളവും അനുരൂപമായവിധം ഇണങ്ങിഭംഗിയായിപ്പരിണമിക്കുന്നതാണ് ഭരതനാട്യം എന്നു ചുരുക്കിപ്പറയാം.

ഭാവം, രാഗം, താളം എന്നിവ സംയോജിച്ചതാണല്ലോ താണ്ഡവം. അതിൽ ഒന്നാമത്തേതു് മനോഭാവം, അഭിനയഭാവം രസഭാവം എന്നിങ്ങനെ മൂന്നുവിധമുണ്ട്. അവയിൽ സർവ്വവല്ലഭത്വം തികഞ്ഞ സാക്ഷാൽ പരമേശ്വരൻ സകലലോകങ്ങളേയും ആത്മാവുകൾ മുഖേന സൃഷ്ടിക്കാൻ കരുതിയതിനെ മനോഭാവം എന്നും വിചാരിച്ചനിമിഷത്തിൽ ചലിച്ചതിനെ അഭിനയഭാവമെന്നും ചലിച്ചമാത്രയിൽ ഉണ്ടായ ചിച്ഛക്തിയെ സംബന്ധിച്ചതിനെ രസഭാവം എന്നും ചിലർ പറയുന്നുണ്ട്. സകലജീവരാശികളും വിചാരിക്കുന്നതു് മനോഭാവം എന്നും അവയവങ്ങളെ ചലിപ്പിക്കുന്നതു് അഭിനയ ഭാവമെന്നും മുഖംദ്യോതിപ്പിക്കുന്ന സംജ്ഞകൾ രസഭാവമെന്നും സംസാരിക്കുമ്പോൾ പുറപ്പെടുന്ന നാദങ്ങൾ രാഗമെന്നും പാദങ്ങളുടെ വിന്യാസഭേദങ്ങൾ താളമെന്നും പറയപ്പെടുന്നു.

ഭാരതി, ആരഭടി, സാത്വതി, കൈശികി എന്നീ നാലു വൃത്തികളിൽ അടങ്ങിവിളങ്ങുന്നതാണ് നാട്യം. ദുഷ്ടനിഗ്ര

* ബറോഡ സംസ്കൃതഗ്രന്ഥാവലിയിൽ ഉൾപ്പെട്ട നാട്യശാസ്ത്രമാണ് ഈ ലേഖനത്തിൻെറ പ്രാരംഭഭാഗത്തിനു അവലംബം.

ഹം, ശിഷ്ടപരിപാലനം ആദിയായവ സംബന്ധിച്ച ധൎമ്മശാസ്ത്രം കാവ്യം മുതലായവയിൽ അഭിവൃദ്ധിനേടി വീരകരുണാദികളെ പ്രദൎശിപ്പിക്കുന്നതാണ് ഭാരതീവൃത്തി. കളി, ചിലമ്പം, ആയുധാഭ്യാസം മുതലായവയായി വളൎന്ന ചതുരംഗസേനയോടുകൂടി നടത്തുന്ന യുദ്ധത്തിൽ രൗദ്രബീഭത്സങ്ങളെ പ്രകാശിപ്പിക്കുന്നതാണ് ആരഭടിവൃത്തി. സാത്ത്വതീവൃത്തി, കൎമ്മജ്ഞാനഭക്തിയോഗങ്ങളായി പോഷിച്ച അത്യത്ഭുതഫലങ്ങളെ പ്രകടിപ്പിക്കുന്നു. കൈശികവൃത്തി, നായികാനായകഭാവങ്ങളായി അഭിവൃദ്ധിനേടി ശൃംഗാരഹാസ്യങ്ങളെ പ്രകാശിപ്പിച്ച അനേക പാത്രങ്ങളാൽ നടിക്കത്തക്ക നാടകമായിത്തീൎന്നു.

ചിലപ്പതികാരം അരങ്ങേററുകാതൈയിൽ നാട്യത്തെപ്പററി അനേകം വിവരങ്ങൾ പറഞ്ഞിട്ടുണ്ടു്. രംഗം, ഗീതം, അഭിനയം എന്നിങ്ങനെ മൂന്നായിട്ടാണ് അതിൽ വൎണ്ണിച്ചിട്ടുള്ളതു്. രംഗത്തിനു 'തലൈക്കോററാനം' എന്നു പറയും. കൊട്ടാരത്തിലെ നാട്യശാലയ്ക്കു 'കൂത്തുപ്പററി' എന്നും ക്ഷേത്രത്തിലെ നാട്യശാലയ്ക്കു 'കൂത്തമ്പലം' എന്നും പേർ. നാട്യശാലയിൽ മൂന്നു തരം കട്ടൻസ് ഉണ്ടായിരുന്നു. (1) ഒരു മുകവെഴിനി (2) പെരുമുകവെഴിനി (3) കരന്തുവരൽ എഴിനി. ഒരുവശത്തേക്കു നീക്കാവുന്നതാണ് ഒന്നാമത്തേതു്. പെരുമുകവെഴിനി നടുവിൽനിന്നു രണ്ടുവശത്തേക്കും മാററപ്പെടുന്നു. മുകളിലേക്കു നീക്കാവുന്ന ഒടുവിലത്തേതിനു 'എന്തിരവെഴിനി' എന്നും പറഞ്ഞിരുന്നു. പലതരം ചിത്രങ്ങൾ, മുത്തുമാലകൾ മുതലായവകൊണ്ടു പ്രസ്തുതശാല അലങ്കരിക്കപ്പെട്ടിരിക്കും. സന്ദൎശകരുടെ സ്ഥാനത്തിനു തക്കവണ്ണം ഇരിപ്പിടങ്ങൾ തയാറാക്കിയിരിക്കും. നാട്യം അഥവാ കൂത്തു് തുടങ്ങുന്നതിനുമുമ്പേ 'തലൈക്കോൽ' സ്ഥാപിക്കുന്നതു് പ്രധാനചടങ്ങാണ്. പിന്നീടു ഗണിക രംഗത്തിൽ പ്രവേശിക്കുന്നു. വലതുകാൽ മുമ്പിൽ വച്ചേ രംഗത്തു കയറുകയുള്ളു. ഓരോ നടനും രംഗത്തു പാടിക്കൊണ്ടാണ് പ്രവേശിക്കുന്നതു്.

സംഗീതത്തിനു് യാഴ്, മുരളി, മൃദംഗം, ഭാഗവതർ എന്നീ നാലും അപരിത്യാജ്യമാണ്. യാഴ് നാലുവിധത്തിലുണ്ടായിരുന്നു. യാഴ് ഉപയോഗിക്കുന്ന ആൾ നൂററിമൂന്നുതരം രാഗ (പൺ)ങ്ങളിലും വൈദുഷ്യം നേടിയവനായിരിക്കണം. മുരളി മുള, ചന്ദനത്തടി വെങ്കലം എന്നിവയിലൊന്നുകൊണ്ടു നിൎമ്മിക്കപ്പെട്ടിരുന്നു. അതിൽ എട്ടു ദ്വാരങ്ങളുണ്ടായിരിക്കും. മൃദംഗം ഇരുപത്തിയെട്ടുതരത്തിലുണ്ടായിരുന്നുവെന്നു കാണുന്നു. തേനീച്ചയുടെ ശബ്ദംമുതൽ ഇടിനാദംവരെ അനേകം മാതിരി സ്വരം പുറപ്പെടുവിക്കുന്നതിനു കഴിവുള്ള ചൎമ്മവാദ്യങ്ങളും പ്രചരിച്ചിരുന്നു. മേൽപറഞ്ഞവയേക്കാൾ പ്രാധാന്യം ഭാഗവതരുടെ പാട്ടിനാണ്. മനുഷ്യസ്വരത്തെ നന്നാക്കുന്നതിനു വേണ്ട സൂചനകൾ അടിയാൎക്കുനല്ലാരുടെ വ്യാഖ്യാനത്തിൽ കാണ്മാനുണ്ടു്.

രംഗം യഥാവിധി സജ്ജമാക്കിക്കഴിഞ്ഞാൽ നിശ്ചിതസമയത്തു സംഗീതമേളത്തോടുകൂടി അഭിനയം ആരംഭിക്കും. വേണുവിൻെറ മോഹനനാദത്തോടൊന്നിച്ച കാൽച്ചിലമ്പുകളുടെ ഒച്ചയും കേ

ൾക്കുമ്പോൾ നടനത്തിനുള്ള ആൾ വരുന്നു എന്നു രംഗവാസികൾ മനസ്സിലാക്കും. ഗണിക, രംഗത്തിൽ പ്രവേശിച്ചാലുടനെ മന്ദമാരുതനിൽ ഇളകിയാടുന്ന സുവൎണ്ണകുസുമത്തിൻെറ സ്മരണ സന്ദർശകരിൽ ഉളവാക്കിക്കൊണ്ടു് സംഗീതതാളാദികൾക്കനുരൂപമായവിധം നടനം തുടങ്ങും. പന്ത്രണ്ടുവയസ്സായ ഒരു ലാവണ്യവതി സംഗീതകലയിലും നൎത്തനകലയിലും വേണ്ടുവോളം പരിശീലനം നടത്തിയിട്ടുവേണം ഇദംപ്രഥമമായി രംഗപ്രവേശം ചെയ്യാൻ. കൂത്തു പലവിധത്തിലുണ്ടെങ്കിലും അവയിൽ പ്രത്യേകം പരിഗണനീയമായിട്ടുള്ളതു് ശാന്തിക്കൂത്തും വിനോദക്കൂത്തും മാത്രമാണു്. ശാന്തിക്കൂത്തിനെ നാലായിട്ടു വിഭജിച്ചിരിക്കുന്നു (1) ചൊക്കം (2) മെയ് (3) അഭിനയം (4) നാടകം. വിനോദക്കൂത്താകട്ടെ കുരവ, കലിനടം, കുടക്കൂത്തു്, കുരണം, നോക്കു്, തോൽപാവ എന്നിങ്ങനെ ആറായിപ്പിരിയുന്നു. ഏഴോ ഒമ്പതോപേർ കൈകോൎത്തുകൊണ്ടു ചെയ്യുന്ന നൎത്തനമാണു് കുരവക്കൂത്തു്. ഇതാണു് രാസക്രീഡയെന്നു് ഒരു പണ്ഡിതർ പ്രസ്താവിച്ചുകാണുന്നു. കമ്പത്തിന്മേൽ നിന്നു ചെയ്യുന്ന നടനമത്രേ കലിനടം. തൻെറ പൗത്രനായ അനിരുദ്ധനെ ബാണൻ ബന്ധനസ്ഥനാക്കിയപ്പോൾ ബാണൻെറ പുരിയിൽ ചെന്നു ശ്രീകൃഷ്ണൻ കുടമെടുത്തു കൊണ്ടാടിയ കൂത്താണു് കുടക്കൂത്തെന്നു അടിയാക്കു നല്ലാർ എഴുതിയിരിക്കുന്നു. തോലുകൊണ്ടുണ്ടാക്കിയ പാവയെ കൈയിൽ ഏന്തിക്കൊണ്ടു നൎത്തനം ചെയ്യുന്നതു തോൽപ്പാവക്കൂത്തു്. കൂത്തുകളെ ഇനിയും പലതരത്തിൽ പിരിക്കാവുന്നതാണു്. വിസ്തരഭയത്താൽ ചുരുക്കുന്നു. ചിദംബരം നടരാജക്ഷേത്രത്തിൽ കിഴക്കേ ഗോപുരത്തിൽ നൂറോളം നൎത്തനവിധങ്ങൾ ചിത്രീകരിച്ചിട്ടുണ്ടു്.

വിനോദക്കൂത്തുകൾ ഇടയന്മാരുടേയും നായാടികളുടേയും ഉല്ലാസത്തിനായി ഉദ്ദേശിക്കപ്പെട്ടവയാണുപോലും. തമിഴ്നാട്ടിൽ ഇന്നു ബാലികാപാഠശാലകളിൽ വളരെ പ്രചാരമുള്ള കുമ്മി ചെമ്പുനൎത്തനം മുതലായവ ഈ വിഭാഗത്തിൽ ഉൾപ്പെട്ടവയാണു്. ദുർദ്ദേവതകൾ മൂലമുണ്ടാകുന്ന പീഡകളെ അകററുന്നതിനും മററുമായി ചെയ്യുന്ന നൎത്തനങ്ങളും ഇക്കൂട്ടത്തിൽ ചേൎന്നവതന്നെ. പുരാണകഥകളുമായി കൂട്ടിയിണക്കിയ പതിനൊന്നു തരം നൎത്തനങ്ങളുണ്ടു്. പൊതുവേ നൎത്തനത്തിൻെറ ആസ്പദം ഹിന്ദുപുരാണകഥകളോ ചരിത്രസംഭവങ്ങളോ ഗൃഹസംഭവങ്ങളോ ആകുന്നു.

രാജസന്നിധിയിൽ നടനംചെയ്യുന്നവളെ രാജദാസിയെന്നും നാടകശാലകളിലും സഭകളിലും ആടുന്നവളെ അലങ്കാരദാസിയെന്നും ക്ഷേത്രങ്ങളിൽ നൎത്തനംചെയ്യുന്നവളെ ദേവദാസിയെന്നും പറഞ്ഞിരുന്നു. രുദ്രഗണികാകുലജാതയ്ക്കേ ഇതിനു് അൎഹതയുള്ളു.

ഭരതശാസ്ത്രവിജ്ഞാനികളുടെ മതമനുസരിച്ചു ശ്രുതി മാതാവും ഗീതം പിതാവും വാദ്യം മിത്രവും താളം സോദരനും നവരസം പത്നിയും ആകുന്നു. രാഗപ്പിഴമൂലം ദാരിദ്ര്യവും നാട്യപ്പിഴമൂലം ദേഹനാശവും വാദ്യപ്പിഴമൂലം കീൎത്തിക്കുറവും താളപ്പിഴമൂലം അമംഗലവും വരുമെന്നു പറഞ്ഞു കാണുന്നു.

# "ഹേമ"

ഏറ്റുമാനൂർ എം. എസ്സ്. കുമാരൻനായർ. ബി. എ. എൽ. റ്റി.

(ഗീതിക).

I

ഹേമയെൻ മനസ്സിനു യോജിച്ചു വരുന്നീലാ,
കോമളവസന്തങ്ങൾ മൂന്നോളം കഴികിലും!
പരിതഃസ്ഥിതിക്കാരും കീഴടങ്ങിപ്പോം; പക്ഷേ
ചെറുതും കുറയുന്നീലെൻ ചിത്തപ്രതിഷേധം.
എൻ പരിചര്യയ്ക്കെല്ലാം ബദ്ധശ്രദ്ധയാണവൾ,
എൻപ്രിയമറിവാനാണുൾക്കണ്ഠയെല്ലായ്പോഴും;
നർമ്മഭാഷണത്തിനുമില്ലെനിക്കഭിലാഷം
ദുർമ്മുഖം ചിലപ്പോൾ ഞാൻ കാട്ടിപ്പോമറിയാതെ.
മേദുരഗൃഹകൃത്യാമഗ്നയാമവൾക്കതിൽ
ഖേദമാന്നിരിക്കാനും കേഴാനുമില്ല നേരം.
അശ്രു ചെറുതിന്നെങ്കിൽ, നെടുവീപ്പുയന്നെങ്കിൽ
ലക്ഷണം പരിഭ്രമിച്ചെന്നിൽനിന്നൊളിക്കയായ്!
ഹേമയിലനുരക്തമാകുന്നതില്ലെൻ ചിത്തം
കോമളവസന്തങ്ങൾ മൂന്നോളം കഴികിലും ! !

II

ഹേമയെബ്ബാല്യംമുതലറിയും ഞാനന്നവൾ
സൌമ്യയായ് സുശീലയായ് വളരും വിദ്യാർത്ഥിനി.
വല്ലതും സഹോദരീവാത്സല്യം പക്ഷേ കാണും
തെല്ലുമെൻമനം മുന്നോട്ടുതുവിട്ടാഞ്ഞിട്ടില്ലാ.
ഭാവിജീവിത സ്വപ്നസൌഖ്യത്തെ പ്രകീർത്തിച്ചു
'യൌവനം' കുറെനാളായെന്നോടൊട്ടടുക്കിലും
കേവലം വിദ്യാഭ്യാസനിരതൻ ഞാനന്നെങ്ങും
ഭാവനചെയ്തിട്ടേയില്ലുദ്വാഹാദികളൊന്നും.
താതനിശ്ചയത്തിന്നു നീക്കമില്ലൊരുനാളും
യാതൊരാളോടും കൂടി ചിന്തിക്കപതിവില്ലാ.
എത്രയുമാകസ്മികമായിരുന്നാവാഗ്ദാനം !

എത്രയുമനിഷേധ്യമായിരുന്നാനിർദ്ദേശം !
ഹേമതൻ സാഹചര്യം സുഖമായ് തോന്നുന്നീലാ,
കോമളവസന്തങ്ങൾ മൂന്നോളം കഴികിലും ! !

III

അപകടമാണന്നെന്നിൽ ഗൃഹസ്ഥാശ്രമചിന്ത,
അകാലത്തത്രേ വന്നു ദുർഭരമസ്വാതന്ത്ര്യം.
അച്ഛനിക്കാര്യത്തിലെന്നിംഗിതമറിയാതേ
സ്വേച്ഛപോലുറപ്പിച്ചതന്യായമെന്നും തോന്നീ.
അന്നെൻെറ സതീർത്ഥ്യയാം ഭാമയെ സ്നേഹിച്ചു ഞാൻ
എന്നുമുണ്ടവൾക്കെന്നോടോരോന്നു സംസാരിപ്പാൻ.
ഹേമ കൊച്ചനുജത്തി, ഭാമയോ കളിത്തോഴി;
ഭാമയെത്തന്നേ തിരഞ്ഞെടുത്തുകൊണ്ടേനേ ഞാൻ!
അവിവാഹിതയായിട്ടിപ്പൊഴുമിരിക്കയാ-
ണിവിടന്നയൽഗൃഹത്തിങ്കലാപ്പാവം ഭാമ.
ഞാനെത്രവേഗം മാറീ—പതിയായ്, പിതാവായീ;
നൂനമിങ്ങകന്നു പോന്നവളിൽ നിന്നെന്നേയ്ക്കും !
ഹേമയെൻ ഹൃദയത്തിൻ നായികയാകുന്നീലാ
കോമളവസന്തങ്ങൾ മൂന്നോളം കഴികിലും ! !

IV

കൺമണിപ്പൈതൽക്കിതാ സ്തന്യവും കൊടുത്തുകൊ-
ണ്ടമ്മുറിക്കകം ഹേമയിരിപ്പൂ ചിന്താധീന.
അമ്മതൻഹൃദയത്തിൻ സന്താപമല്പം പക്ഷേ
അമ്മുലപ്പാലിൻ ചൂടായ്പൈതലിൽ പകന്നാലോ?
അമ്മയെക്കടാക്ഷിക്കും പുത്രൻെറ പാൽപുഞ്ചിരി-
യുൺമയിൽ നുകന്നവൾ നിർവൃതി നേടുന്നുണ്ടാം
അച്ഛനാമെനിക്കമജ്ഞേയമാം സങ്കേതത്താ-
ലായിരം വികാരങ്ങളവർ കൈമാറുന്നുണ്ടാം ! !
കേവലമെൻപ്രാണനും പ്രാണനാം മണിക്കുഞ്ഞിൻ
പാവനജനിത്രിയെൻ ഹൃദയേശ്വരിയല്ലീ ?
താതനെൻ ശുഭഭാവിക്കൽക്കണ്ഠാപൂർവ്വം തിര-
ഞ്ഞേതതെടുത്തേൽപ്പിക്കിലും സ്വീകാര്യതമമല്ലീ?
ഹേമയെ മമാത്മാവായ് ദർശിക്കയാണെൻ ധർമ്മം,
മാമകഭാവിക്കതേ ശാന്തിദമാർഗ്ഗം ദൃഢം.

# മലയാളത്തിലെ ഗ്രന്ഥപ്രകാശനം

ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ.

9839

മലയാളം കഴിയുന്നത്ര വികസിപ്പിക്കണമെന്നും, മലയാളത്തിൽ ശാസ്ത്രഗ്രന്ഥങ്ങളും വിജ്ഞാനത്തിനും വിനോദത്തിനും ഉതകുന്ന മററു ഗ്രന്ഥങ്ങളും ധാരാളം നിർമ്മിക്കണമെന്നും ഭാഷാഭിമാനികൾ മനസ്സിരുത്തിവരുന്നതു വളരെ സന്തോഷപ്രദമായ കാര്യം തന്നെ. നമ്മുടെ ഭാഷയുടെ അവശതകൾ എന്തെല്ലാമായിരുന്നാലും അതൊന്നും അതിൻെറ കെട്ടുപാടിനെയും ഓജസ്സിനെയും കഴിവുകളെയും, അതുപോലെ തന്നെ, അതു സംസാരിക്കുന്ന ആളുകളുടെ ബുദ്ധിബലത്തെയും സ്പർശിക്കുന്നതല്ലെന്നു സംശയംകൂടാതെ പറയാം. അതുകൊണ്ടു ഭാഷാവികസനയത്നത്തിൽ ആ വിധത്തിലുള്ള കാര്യങ്ങളിൽനിന്നു പ്രത്യേകം പ്രയാസങ്ങൾ നേരിടേണ്ടതായിട്ടില്ല. സാഹിത്യത്തിലായാലും ശാസ്ത്രത്തിലായാലും ഉൽകൃഷ്ടങ്ങളായ ഗ്രന്ഥങ്ങൾ നിർമ്മിക്കാൻ ബുദ്ധിയും അഭ്യാസവും ജ്ഞാനശക്തിയും തികഞ്ഞ പണ്ഡിതന്മാർ നമ്മുടെ നാട്ടിൽ വളരെയില്ലെങ്കിലും കുറവാണെന്നും പറയാൻ പാടില്ല. പൗരസ്ത്യവും പാശ്ചാത്യവുമായ വിദ്യകൾ നമ്മുടെ ദേശത്തു ഇണങ്ങിച്ചേർന്നു പ്രചരിക്കുന്നു. രണ്ടുതരത്തിലുള്ള കലകളിലും ശാസ്ത്രങ്ങളിലും നമുക്കു സിദ്ധിച്ചിട്ടുള്ള മേന്മ പ്രയോഗകോടിയിൽ ഗണ്യമായി ഉയർന്നിട്ടില്ലെങ്കിലും വിജ്ഞാനമണ്ഡലത്തിൽ പ്രശസ്തമാണ്. മലയാളഭാഷ ശക്തിയോടും ഭംഗിയായും പ്രയോഗിക്കാൻ വശമുള്ളവരുടെയും, വലിയ പ്രയാസംകൂടാതെ വശപ്പെടുത്താവുന്നവരുടെയും എണ്ണം കുറവല്ല. പാശ്ചാത്യശാസ്ത്രങ്ങളിൽ മാത്രം തീവ്രയത്നം ചെയ്തിട്ടുള്ള സ്വദേശികളായ പണ്ഡിതന്മാർക്കും മനസ്സിരുത്തിയാൽ അവരുടെ വിജ്ഞാനം നമ്മുടെ ഭാഷയിൽ രൂപാന്തരം ചെയ്യാൻ അത്ര വളരെ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. മലയാളഭാഷ അത്രകണ്ടു ഋജുഗതിയാണ്; അതായതു്, ക്ലേശഭൂയിഷ്ഠമായ അഭ്യാസം കൊണ്ടേ വശമാകൂ എന്ന ഒരു ഗതി അതിനില്ല. ഒന്നുകൂടെ കടന്നു പറകയാണെങ്കിൽ, ഇതു ചിലർക്കു പരിഹാസമാണെന്നു തോന്നിയേക്കാം, അല്പം തെററു പററിയാലും മററു ഭാഷകളിലേപ്പോലെ നമ്മുടെ ആളുകൾ കുററമെടുക്കാറില്ല. മലയാളപത്രങ്ങളും ഇന്നു് ഉണ്ടാകുന്ന പല ഗ്രന്ഥങ്ങളും കാണാറില്ലേ? ഏതേതു തരത്തിലുള്ള ഭാഷാദോഷങ്ങളാണ് അവയിൽ കാണാൻ പാടില്ലാത്തതു്? വിചാരദോഷം, ശൈലീഭംഗം, യുക്തിഹീനത, തെററായ അർത്ഥത്തിൽ വാക്കുകൾ പ്രയോഗിക്കുക, അബദ്ധരൂപങ്ങൾ യാതൊരു ഗണനയും കൂടാതെ കോരിവാരിച്ചൊരിയുക, ഏതു കാര്യത്തിലും സ്വാതന്ത്ര്യം കാണിച്ചുകളയുക, ഇതെല്ലാം പേരുപിടിച്ചവരുടെ എഴുത്തിലും കാണുന്നു. ഈ സ്ഥിതിയിൽ സാമാന്യന്മാർ യാതൊരു വൈരസ്യം കാണിക്കുന്നുമില്ല. ഇതിൽ കൂടുതൽ എന്തൊരു സൗകര്യമാണു വേണ്ടതു്? ശരി! ഒന്നു തെററി മാറിപ്പോയി. ഇതു സൗകര്യമോ അസൗകര്യമോ, ഗുണമോ ദോഷമോ ആകട്ടെ.

നല്ല ഭാഷാസ്വാധീനമില്ലാത്തവർക്കും ഭാഷാഗ്രന്ഥനിർമ്മിതിയിൽ ഏർപ്പെടാൻ ഇതൊരു സൗകര്യമെന്നു തന്നെ പറയണം. ആസ്ഥിതിക്കും ഭാഷയിൽ നൂതനഗ്രന്ഥങ്ങൾ വർദ്ധിക്കാവുന്നതാണ്. ഭാഷാസംബന്ധമായി അവയുടെ നില എന്തു തന്നെ ആയാലും, വിജ്ഞാനാഭിവൃദ്ധിക്ക് ഉതകുമെന്നുണ്ടെങ്കിൽ തൽകാലം അവയും സ്വീകാര്യം തന്നെ ആയിരിക്കും. അല്ലെന്നു പറഞ്ഞാൽ വാസ്തവമാകയില്ല. അത്തരം പല പുസ്തകങ്ങളും ഇന്ന് ഇവിടെ സാമാന്യം വിജയത്തോടെ പ്രചരിക്കുന്നുണ്ടല്ലോ. ഈ സ്ഥിതിക്കു മലയാളം സംപുഷ്ടമാകുമെന്നു തന്നെ ആശിക്കരുതോ? വന്ദേ മാതരം. കൈരളി, അവിടന്നു സർവ്വോൽകൃഷ്ടയായി വർത്തിച്ചാലും, എന്ന് ആശംസിച്ചുകളയാം.

എന്നാൽ ഈ ആശംസകൊണ്ടും മേൽ വിവരിച്ച സൗകര്യങ്ങൾ കൊണ്ടും മാത്രം മലയാളം ഉയർന്നുപോകുമോ? നമുക്ക് ഇത്രയും കാര്യങ്ങൾ മാത്രമേ ഈ വിഷയത്തിൽ സാരമായി ആലോചിക്കേണ്ടതായിട്ടുള്ളോ? ഈ കാര്യങ്ങളാണോ ഇന്ന് ഒരു മഹാഭാഷയിലെ ഗ്രന്ഥസമ്പത്തിന്റെ വികാസത്തിനു മുഖ്യമായ പ്രേരണ നൽകുന്നത്? വിരക്തന്മാരായ മഹാന്മാരുടെയും, രാജാക്കന്മാരുടെ രക്ഷാധികാരിത്വത്തിൽ പുലർന്നു ഗ്രന്ഥനിർമ്മാണം ചെയ്ത സഭാപണ്ഡിതന്മാരുടെയും, മിതമായ ആവശ്യങ്ങളെ ക്ലിപ്തമായ സമുദായവ്യവസ്ഥകളുടെ താങ്ങുകൊണ്ടു പൂരിപ്പിച്ചു വിശ്രമസമയമെല്ലാം വിജ്ഞാന സംവർധനത്തിനും ഗ്രന്ഥനിർമ്മാണത്തിനും വേണ്ടി വിനിയോഗിച്ച സാഹിത്യദാസന്മാരുടെയും കാലം പാടേ മറഞ്ഞുപോയെന്നും, അവരുണ്ടാക്കിയ തരത്തിലുള്ള ഗ്രന്ഥങ്ങളല്ല ഇന്ന് ആവശ്യമെന്നും, അവയ്ക്ക് അന്നു സിദ്ധിച്ച മന്ദവും ക്രമാഗതവുമായ പ്രചാരമല്ല ഇന്നത്തെ ഗ്രന്ഥങ്ങൾക്കു വേണ്ടതെന്നുംകൂടെ ഈ അവസരത്തിൽ ഓർമ്മിക്കാനുണ്ട്. ഇന്ന് സാഹിത്യവും ജ്ഞാനാഭിവൃദ്ധിയും സാമാന്യരുടെ ആവശ്യവും, അവരുടെ സമ്പത്തുമാണ്. വളരെക്കാലത്തെ അഭ്യാസംകൊണ്ടും പരിശ്രമംകൊണ്ടും ഒരു മഹാൻ നിർമ്മിക്കുന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ ആരാധകന്മാരും ശിഷ്യന്മാരും പകർത്തിയെഴുതി കൈ പകർന്നു നാടോടുനാടു പ്രചരിക്കുന്ന സമ്പ്രദായവും, അങ്ങനെ പ്രചരിച്ചാൽ മതിയെന്ന നിലയും എന്നേ പോയ്മറഞ്ഞു. ഒരു വിഷയത്തെപ്പറ്റി സിദ്ധാന്തങ്ങൾ രൂപീകരിക്കുന്നതു് പണ്ടു് ഒരു തലമുറയുടെ നിരന്തരമായ ബുദ്ധിവ്യാപാരത്തിന്റെ ഫലമായിരുന്നു. അവയ്ക്കു ഭാഷാരൂപം കൊടുക്കുന്നതും അതു പോലെ തന്നെ. അവ പ്രചരിക്കുന്നതും അവയുടെ ആവശ്യവും അതേരീതിയിൽ ദീർഘകാലംകൊണ്ടായിരുന്നു. ഇന്നോ? നിമിഷംതോറും സിദ്ധാന്തങ്ങളും വിശ്വാസങ്ങളും തത്ത്വങ്ങളും ആദർശങ്ങളും മാറിപ്പോകുന്നു. അവയുടെ വിജ്ഞാനരൂപത്തിൽ കുറേ ആളുകൾക്കു മാത്രമേ ശ്രദ്ധയുള്ളുവെങ്കിലും പ്രയോജനത്തിൽ ലോകംമുഴുവൻ സമസ്വകരാണ്. ഇങ്ങനെ വിസ്തരിക്കണമെന്നില്ല. ഇന്നത്തെ ആവശ്യങ്ങളും രുചിഭേദങ്ങളും സർവ്വവും ഒന്നു പ്രത്യേകംതന്നെ. അതനുസരിച്ച് ഇന്നു ഗ്രന്ഥനിർമ്മാണവും ഗ്രന്ഥപ്രകാശനവും പണ്ടത്തേതിൽ നിന്നു ഭിന്നമായ ഗതി അവലംബിക്കാതെ നിവൃത്തിയില്ല. ഈ തത്ത്വം സർവ്വഭാഷകൾക്കും തുല്യ

മത്രെ. നമുക്ക് അതിൽനിന്നു മാറിനില്ക്കാൻ സാധ്യമല്ല. അതിനെ അനുസരിച്ച് എന്തെല്ലാമാണു ചെയ്യാവുന്നതെന്നേ ആലോചിക്കേണ്ടതുള്ളൂ.

മലയാളത്തിൽ ഗ്രന്ഥനിർമ്മിതി സാധിക്കാനുള്ള ജ്ഞാനപുഷ്ടിയും മററും ഉണ്ടെന്നു മുമ്പു പറഞ്ഞസ്ഥിതിക്ക് ഇനി എന്താണ് ആവശ്യമെന്നു നോക്കാം. വിജയപ്രദമായി ഗ്രന്ഥം പ്രസിദ്ധീകരിക്കാനുള്ള വ്യവസ്ഥ നമുക്ക് ഉണ്ടായിരിക്കണം എന്നു പറഞ്ഞാൽ വേണ്ടതു മുഴുവനായി എന്നു കല്പിക്കാം. പരമാർത്ഥത്തിൽ പ്രകാശനസൗകര്യമാണ് ഇന്നു നമുക്കു വളരെ കുറവായിരിക്കുന്നതെന്നു പരിചയത്തിൽ നിന്നു പറയാൻ കഴിയും. മലയാളത്തിൽ ഗ്രന്ഥരചനചെയ്യാൻ താത്പര്യമുള്ള ആളുകളുടെ സംഖ്യ പലരും വിചാരിക്കുന്നപോലെ അത്ര കുറവല്ല. അവരവരുടെ കഴിവിനു തക്കവണ്ണവും, ചുററുപാടുകൾ അനുവദിക്കുന്ന പ്രകാരവും ഇന്നു സാഹിത്യസേവ നിർവ്വഹിക്കുന്നവർ ചുരുക്കമല്ലെന്നും പ്രതിജ്ഞ ചെയ്യാം. എന്നാൽ കഴിവുള്ള പലരും ഭാഷാസേവനകൃത്യത്തിൽ അലസന്മാരായിരിക്കുന്നതിനും, ഭാഷാസേവയിൽ ഉൾപ്പെടുന്നവരുടെ തന്നെ കൃതികൾ പരിമിതമായിരിക്കുന്നതിനും, വിജ്ഞാനത്തിന് ഉതകുന്ന മഹാഗ്രന്ഥങ്ങൾ തീരെ ഉണ്ടാകാതിരിക്കുന്നതിനും മുഖ്യമായ കാരണം പ്രസിദ്ധീകരണവിഷയത്തിൽ ഇന്നുള്ള ദൂഷ്യങ്ങൾ തന്നെയാണ്.

പ്രയാസപ്പെട്ട് ഒരു ഗ്രന്ഥം രചിക്കുന്ന ആളിന് ആ പ്രയത്നത്തിൽ നിന്നു ന്യായമായ ഒരു പ്രതിഫലം കിട്ടാൻ സാധിച്ചില്ലെങ്കിൽ, ജീവിതഗതികൾക്കു ബദ്ധപ്പെടേണ്ടിയിരിക്കുന്ന ഇക്കാലത്ത്, ആ കൃത്യത്തിൽ എത്ര താല്പര്യത്തോടെ ഏർപ്പെടാൻ സാധിക്കുമെന്ന് ആലോചിക്കണം. യശഃകാമന്മാരായോ, അടക്കാൻ പാടില്ലാത്ത അന്തഃപ്രേരണയ്ക്കു വിധേയരായോ സാഹിത്യയത്നം ചെയ്യുന്നവരെപ്പററി ഇക്കാര്യം പറയേണ്ടതില്ലായിരിക്കും. അവർക്കുതന്നെയും ഇന്നത്തേ ലോകസ്ഥിതിയിൽ, മററുജീവിതമാർഗ്ഗങ്ങൾ സ്വാധീനമല്ലെങ്കിൽ, പ്രതിഫലത്തിന്റെ നില ഈ വിധമായാൽ, പൂർണ്ണമായി മനസ്സു ചെലുത്താൻ സാധ്യമാണോ എന്നും, സാധ്യമായാലും ജീവിത സുഖങ്ങളെ മുഴുക്കെ ബലികഴിച്ചുകൊണ്ട് ഇമ്മാതിരി കാര്യങ്ങളിൽ പ്രവർത്തിക്കുന്നതു വളരെ ബുദ്ധിപൂർവകമാണോ എന്നും ചിന്തിക്കേണ്ടതാണ്.

ഗ്രന്ഥപ്രകാശനവിഷയത്തിൽ ഇന്നു നമ്മുടെ സ്ഥിതി എന്താണ്? ഒരു പുസ്തകം അച്ചടിച്ചാൽ പാഠ്യഗ്രന്ഥമായില്ലെങ്കിൽ പത്തുവർഷംകൊണ്ടും ആയിരം പ്രതി ചിലവാകുമെന്നു പറയാൻ സാധ്യമല്ല. ഇതാണു പരമാർത്ഥമെങ്കിൽ ആർക്ക് എത്ര പുസ്തകം അച്ചടിപ്പിക്കാൻ സാധിക്കും? ഇതു സാമാന്യം നല്ല പുസ്തകങ്ങളുടെ സ്ഥിതിയാണ്. നല്ലതെന്നു വച്ചാൽ ഏതെങ്കിലും നിലയിൽ ആളുകളെ പ്രത്യേകം ആകർഷിക്കുന്നതിനു പര്യാപ്തമായതു് എന്നാണ് അർത്ഥമാക്കുന്നതു്. ശാസ്ത്രീയങ്ങളായ പ്രമാണഗ്രന്ഥങ്ങളാണെങ്കിൽ ഒരു പ്രതി പോലും പിരിയാതെ വന്നാലും അത്ഭുതപ്പെടാനില്ല. ശാസ്ത്രവിഷയങ്ങളൊന്നും ഉയർന്ന ക്ലാസുകളിൽ മലയാളത്തിലല്ല പഠിപ്പിക്കുന്നതെന്നുള്ളതുകൊണ്ട് ഈ ഭാഷയിൽ എഴുതുന്ന

ശാസ്ത്രഗ്രന്ഥങ്ങൾ പാഠ്യപുസ്തകമാകാനും നിവൃത്തിയില്ല. അഥവാ പാഠ്യഗ്രന്ഥമായി ഉയൎന്ന ക്ലാസുകളിൽ ഒരു പുസ്തകം വച്ചു എന്നു വന്നാലും, ആ ആവശ്യത്തിന് കുറച്ചു പ്രതികൾ വിററതുകൊണ്ട് ഉണ്ടാകുന്ന ആദായം വളരെ ഗണനീയമായിരിക്കയുമില്ല. പാഠ്യപുസ്തകത്തിൻെറ നിലയ്ക്ക് ഒരു ഗ്രന്ഥത്തിനു മലയാളത്തിൽ വരാവുന്ന പ്രചാരത്തെപ്പററി തുടൎന്ന് ആലോചിക്കുമ്പോൾ ഗ്രന്ഥപ്രകാശനവിഷയത്തിൽ നമുക്കുള്ള പല പരാധീനതകളും വെളിവാകും. ഒന്നാമത്, മലയാളദേശം തന്നെ ഈ കാര്യത്തിൽ മൂന്നായിപ്പിരിഞ്ഞുനിൽക്കുന്നു. ഈ സ്ഥിതി പുസ്തകത്തിൻെറ പ്രചാരത്തെ സാരമായി ബാധിക്കും. രണ്ടാമത്, ശുദ്ധസാഹിത്യകൃതികളെ നീക്കി നോക്കിയാൽ വേറേ ഏതെങ്കിലും തരത്തിലുള്ള ഒന്നാംതരം മലയാളഗ്രന്ഥങ്ങൾക്കു പാഠ്യപുസ്തക കോടിയിൽ പ്രവേശം സാദ്ധ്യമല്ല. വലിയ തോതിലുള്ള ചരിത്രമാകട്ടെ, തത്ത്വവാദഗ്രന്ഥമാകട്ടെ, ഭൂമിശാസ്ത്രം തുടങ്ങിയുള്ള ശാസ്ത്രങ്ങളെപ്പററി പ്രതിപാദിക്കുന്ന പുസ്തകങ്ങളാകട്ടെ, പാഠ്യകോടിയിൽ ഉൾപ്പെടുത്താൻ ഇന്നത്തേ നിലയ്ക്കു നിവൃത്തിയുമില്ല.

ഗ്രന്ഥപ്രചരണത്തിനു പിന്നെ എന്താണു വഴി? ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച മലയാളികൾ ശാസ്ത്രഗ്രന്ഥങ്ങളുംമററും വില കൊടുത്തു വാങ്ങാറുണ്ടെങ്കിലും അവ ഇംഗ്ലീഷിലുള്ളവയാണ്. അവർ ഇനി മലയാളത്തിലുള്ള ശാസ്ത്രഗ്രന്ഥങ്ങൾ വാങ്ങുമെന്നു വച്ചാലും, ചുരുക്കംചിലർ മാത്രം വാങ്ങിച്ചതുകൊണ്ടു ഗ്രന്ഥകാരനു പ്രയോജനകരമായ ആദായം ഉണ്ടാകുമോ എന്നും സംശയിക്കണം. ലോകത്തിലുള്ള അനേകം രാജ്യക്കാരുടെ ആവശ്യത്തിനായി രചിക്കുന്ന ഇംഗ്ലീഷ് ഗ്രന്ഥങ്ങളോട് ഇടുങ്ങിയ ഈ സ്ഥലത്തുമാത്രം പ്രചാരമുള്ള മലയാളഗ്രന്ഥങ്ങൾക്ക് എങ്ങനെ മത്സരിക്കാം? മലയാളത്തിലേ ഗ്രന്ഥശാലകൾക്കു പ്രചരണവിഷയത്തിൽ സാരമായ ഒരുകൃത്യം നിർവഹിക്കാവുന്നതാണ്. ഇന്നു ഗ്രന്ഥശാലകൾ നാട്ടിൻെറ നാനാഭാഗങ്ങളിലും സ്ഥാപിച്ചുവരുന്നതു നമുക്കു സന്തോഷപ്രദമത്രേ. എന്നാൽ, ഈ ഗ്രന്ഥശാലകളിൽ അധികവും ധനവിഷയത്തിൽ വളരെ പിന്നോക്കം നിൽക്കുന്നതുകൊണ്ടു, ഗ്രന്ഥകാരന്മാൎക്ക് അവലംബം കൊടുക്കുന്നില്ലെന്നു മാത്രമല്ല, അവ മിക്കപ്പോഴും പുസ്തകസംഭരണകാര്യത്തിൽ അവരെത്തന്നെ ആശ്രയിക്കേണ്ടതായിട്ടും വരുന്നു. ഇങ്ങനെ പരസഹായം ആവശ്യമുള്ള രണ്ടുകൂട്ടർ അന്യോന്യാശ്രയംകൊണ്ടു പുലരാമെന്നു മോഹിച്ചാൽ ഫലം എന്തായിരിക്കും? ഇവിടെ ചെയ്യേണ്ടതു ഗ്രന്ഥശാലകളുടെ ധനസ്ഥിതി നന്നാക്കുകയാണെന്നു സ്പഷ്ടമാണല്ലോ. ഓരോ ഗ്രന്ഥശാല ഓരോ നാട്ടിൻെറയും പൊതുവകയായി ഉണ്ടായിരിക്കയും, അതിനു നാട്ടിലുള്ളവരുടെ ശരിയായ പിൻതുണ ലഭിക്കയും ചെയ്താൽ, മലയാളത്തിലുള്ള നല്ല പുസ്തകങ്ങൾ സംഭരിക്കുന്നതിനും അന്നന്ന് ഉണ്ടാകുന്ന ഉത്തമഗ്രന്ഥങ്ങൾ വാങ്ങി അവയുടെ കൎത്താക്കന്മാൎക്കു പ്രോത്സാഹനം നൽകുന്നതിനും ഇത്തരം സ്ഥാപനങ്ങൾക്കു സാധിക്കുമെന്നാണ് എൻെറ വിശ്വാസം. നാട്ടിലേ സമ്പത് ക്ഷയവും മററ് അനേകം കാര്യങ്ങളും ഓരോരുത്തരും ഈ വിഷയത്തിൽ വിഷമതകളായി നിർദ്ദേശിക്കുമെങ്കിലും, 'മനസ്സ്

ഉണ്ടെങ്കിൽ മാറ്റവും ഉണ്ട്'' എന്നുതന്നെ ഉത്തരം പറയാം. ക്ഷാമം നടമാടുന്നു എന്നു പറയുന്ന ഇക്കാലത്ത് അത്യാവശ്യമല്ലെന്ന് ആക്കും സമ്മതിക്കേണ്ടിയിരിക്കുന്ന എത്രയെത്ര കാര്യങ്ങൾക്കാണ് എന്നുന്തെ തുകകൾ ചിലവിടുന്നതെന്ന് ഓരോരുത്തരും ആലോചിച്ചുകൊണ്ടാൽ മതി. പറഞ്ഞാൽ രസിക്കാത്ത കാര്യങ്ങൾ പറയാതിരിക്കയാണല്ലോ മെച്ചം. സിനിമായ്ക്കും പുകവലിക്കും ചിലവാക്കുന്നതു പോലെയെങ്കിലും ഗ്രന്ഥശാലകൾക്കും ചിലവിടാൻ മനസ്സു വരുന്നില്ലെങ്കിൽ നാം നശിക്കേണ്ട വഗ്ഗമാണെന്നു തീച്ച തന്നെ. മറവുള്ളതിന്റെ കാര്യമൊന്നും ഞാൻ ഓമ്മിപ്പിക്കാനേ ആഗ്രഹിക്കുന്നില്ല. നമുക്കു കേസു പറയാൻ പണമുണ്ട്; അമ്മയ്ക്കു് ആഹാരത്തിനു കൊടുക്കാനില്ല. കള്ളു കുടിക്കാനുണ്ട്; ഔഷധത്തിനില്ല. ഇതിന്റെ ഫലം നാം അനുഭവിക്കതന്നെ വേണം.

ഇനിയും ഒരു കാര്യംകൂടിമാത്രമേ പറയണമെന്ന് ആഗ്രഹിക്കുന്നുള്ളൂ. ഗ്രന്ഥപ്രകാശനം തൊഴിലായി സ്വീകരിച്ചു ഭാഷാസേവനം നടത്തുന്ന പുസ്തകശാലക്കാരെപ്പററിയാണു പറയാൻ തുടങ്ങുന്നതു്. ബഹുമാനംകൂടാതെ അവരെക്കുറിച്ചു പറയുക എനിക്കു സാദ്ധ്യമല്ല. തെന്നാട്ടു റെഡ്ഡ്യാർ തുടങ്ങിയുള്ള മാന്യന്മാർ കേരളഭാഷയ്ക്കു ചെയ്തിട്ടുള്ള ഉപകാരം നാം എന്നും കൃതജ്ഞതയോടെ ഓർമ്മിക്കും. മലയാളത്തിലേ പ്രാചീനകൃതികളിൽ ഏറിയഭാഗവും, അതുപോലെ പല നല്ല പുത്തൻ ഗ്രന്ഥങ്ങളും അവരുടെ വ്യവസായത്തിന്റെ ഫലമായിട്ടാണ് നമുക്കിന്നു ലഭിക്കുന്നതു്. ഗ്രന്ഥകാരന്മാരോട് ഉള്ളിടത്തോളം കടപ്പാടു നമുക്കു പ്രകാശനകത്താക്കന്മാരോടില്ലെന്നു പറയണമെന്നില്ല. പക്ഷേ, പ്രകാശകന്മാരുടെ സേവനവും ഒരുവിധത്തിലും വിഗണിക്കാവുന്നതല്ല. ശരി, ഇത്രമാത്രം പ്രശംസയേ അവർ അർഹിക്കുന്നുള്ളൂ. ഇത്രത്തോളം പ്രശംസ അവരിൽ ആരും തികച്ചും അർഹിക്കുന്നുമുണ്ട്. എന്നാൽ വേറൊരുവശം കൂടെ നോക്കണം. ഞാൻ പറയാൻ പോകുന്ന കാര്യം എല്ലാവരെയും ഒരു പോലെ സ്പശിക്കുന്നതല്ലായിരിക്കാം. ഒരാളുടെ കാര്യത്തിൽ തന്നെ കാലഭേദം അനുസരിച്ചു വ്യത്യാസമുണ്ടായിരിക്കാമെന്നും സമ്മതിക്കുന്നു. എന്നാലും, ഇന്നു നമ്മുടെ നാട്ടിൽ ഗ്രന്ഥകാരന്മാരും പ്രകാശകന്മാരിൽ ഒരു വലിയ ഭാഗം ആളുകളും തമ്മിലുള്ള ബന്ധം, തൊഴിലാളികളും മുതലാളികളും തമ്മിലുള്ളതുപോലെയാണെന്നോ, അതിൽ നിന്നു വ്യത്യാസപ്പെട്ടതാണെങ്കിൽ, അതിൽക്കൂട്ടതൽ കഷ്ടമാണെന്നോ പറയേണ്ടിയിരിക്കുന്നു. എന്റെ പരിചയത്തിൽ പെട്ടിടത്തോളം, ഗ്രന്ഥകാരന്റെ സ്ഥാനോന്നതിപോലും ഈ വിഷയത്തിൽ അയാളെ ചില പുസ്തകവ്യാപാരികളുടെ കൈയ്യിൽ നിന്നു രക്ഷപ്പെടുത്താൻ പര്യാപ്തമാകുന്നില്ല. ന്യായവാദം, അനുനയം, പ്രാത്ഥന, ഭീഷണി, നീതിന്യായവ്യവഹാരം ഇതിൽ എന്തു തന്നെ സ്വീകരിച്ചാലും ചില പുസ്തകശാലക്കാരുടെ പക്കൽ നിന്നു ന്യായം ലഭിക്കുന്നതു് സാധ്യമല്ലെന്നു സത്യപ്രതിജ്ഞചെയ്യത്തക്ക അനുഭവമുള്ള പല ഗ്രന്ഥകാരന്മാരും നമ്മുടെ നാട്ടിൽ ഉണ്ട്. കഷ്ടം! ഈ വ്യാപാരികൾ മഹത്തായ ഒരു തൊഴിലിനെ എത്രകണ്ടു വഷളാക്കുന്നുവെന്ന് ആലോചിക്കേണ്ടതു്

ഇന്നു ഭാഷാഭക്തന്മാരിൽ ഓരോരുത്തരുടെയും കർത്തവ്യമായിത്തീർന്നിരിക്കുന്നു. എന്റെ ഈ പ്രസ്താവങ്ങളിൽ അവരുടെ ഇടയിലുള്ള അപൂർവം ചില മാന്യന്മാരെ ഉൾപ്പെടുത്തുന്നില്ലെന്നു വീണ്ടും എടുത്തു പറയുന്നു. ദീർഘകാലത്തെ അഭ്യാസത്തിന്റെയും വളരെ പ്രയത്നത്തിന്റെയും ഫലമായി നിർമ്മിക്കുന്ന ഒരു ഗ്രന്ഥം അച്ചടിപ്പിക്കാൻ തൽകാലം കൈയ്യിൽ പണം ഇല്ലാത്തതുകൊണ്ടു ഗ്രന്ഥകാരൻ പുസ്തകവ്യാപാരിയെ ശരണം പ്രാപിക്കുന്നു. സ്വന്തം കൃതി പ്രസിദ്ധപ്പെടുത്താനുള്ള തിടുക്കത്തിനു് അയാൾ എന്തുകരാറും സമ്മതിക്കും. പുസ്തകം മുദ്രണംചെയ്തു വെളിക്കുവരുന്നു. അതു പിന്നെ പാഠ്യപുസ്തകമായിട്ടോ, അല്ലെങ്കിൽ മററുവിധത്തിലോ വിററഴിയട്ടെ, അതിന്റെ ആദായവും, അതിന്റെ ഉടമസ്ഥഭാവവും വ്യാപാരിക്കുമാത്രം. പുസ്തകത്തിന്മേലുള്ള അവകാശത്തെപ്പററിയുണ്ടാക്കുന്ന വ്യവസ്ഥ തനിക്കു് അനുകൂലമല്ലെങ്കിൽ വ്യാപാരി അച്ചടിപ്പിക്കയില്ലെന്നു് ഊഹിക്കാമല്ലോ. തീർച്ചയായും ലാഭം കിട്ടുകയില്ലെന്നുണ്ടെങ്കിൽ കച്ചവടത്തിന്റെ കള്ളങ്ങൾ അറിയാവുന്ന ആളുകൾ പണം മുടക്കി അച്ചടിച്ചിലവു വഹിക്കയില്ലെന്നും വിശേഷിച്ചു പറയണമെന്നില്ല. നമ്മുടെ നാട്ടിൽ പുസ്തകങ്ങൾ പ്രചരിക്കാൻ വളരെ വിഷമമുണ്ടെന്നു മുമ്പു പറഞ്ഞതിനു വിരോധമല്ല ഇവിടെ പ്രസ്താവിക്കുന്നതു്. പാഠ്യഗ്രന്ഥമായും മററും ചിലവാകുമെന്നുള്ള പുസ്തകങ്ങൾമാത്രമേ വ്യാപാരികൾ സ്വീകരിക്കാറുള്ളൂ എന്ന രഹസ്യംകൂടെ എടുത്തുപറഞ്ഞാൽ ഈ സംശയത്തിനു് അവകാശമില്ലെന്നു വ്യക്തമാകും.

കാപട്യചതുരനായ ഒരു പുസ്തകവ്യാപാരിയോടാണു് ഒരു ഗ്രന്ഥകാരനു് അടുക്കാൻ ദൗർഭാഗ്യമുണ്ടാകുന്നതെങ്കിൽ അയാളുടെ ഗ്രന്ഥനിർമ്മാണതൃഷ്ണ ക്രമേണ നശിച്ചുപോകാതെ തരമില്ല. ഇന്നത്തെ നില നോക്കിയാൽ ഈ തൊഴിൽ സ്വീകരിച്ചിട്ടുള്ളവരിൽ വളരെപ്പേർ ഗ്രന്ഥകാരന്മാരെ വട്ടത്തിലാക്കി ജീവിതമാർഗ്ഗം സമ്പാദിക്കാൻ കച്ചകെട്ടിയിട്ടുള്ള നിർഘൃണന്മാരാണെന്നു തന്നെ പറയണം. ചില അക്ഷരവ്യാപാരികൾ അനക്ഷരവ്യാപാരികളായിരിക്കുന്നതു് അത്ഭുതവുമാണു്. പേരു അച്ചടിച്ചു കാണുമ്പോഴുള്ള സന്തോഷത്തിനല്ലാതെ ഗ്രന്ഥകർത്താവിനു പുസ്തകം സംബന്ധിച്ചു വേറൊന്നിനും അവകാശമില്ലെന്നു വന്നാൽ കഥ എത്ര ഹൃദയഭേദകമാണെന്നു വിചാരിച്ചുകൊള്ളണം. ഗ്രന്ഥകാരനും പ്രകാശകനും തമ്മിലുള്ള അവകാശവിഭാഗത്തിനു സഹിക്കത്തക്ക പ്രകാരഭേദങ്ങളുമുണ്ടെങ്കിലും, വെറും ന്യായം പോലും വഴക്കു പറയാതെ സിദ്ധിക്കയില്ലെന്നു നിശ്ചയമാണു്. കാലക്രമത്തിനു ഗ്രന്ഥകാരൻ പുസ്തകത്തിന്റെ കാര്യം പറയുന്നതുതന്നെ പ്രകാശകനു ദുസ്സഹമാകും. പുസ്തകം സ്വന്തംവകയെന്നല്ലാതെ വിചാരിക്കുന്ന കച്ചവടക്കാർ അപൂർവ്വമാണു്. പണ്ടു പ്രഭുക്കന്മാർ അവരുടെ ഒടുങ്ങാത്ത സ്തുതിതൃഷ്ണയെ പൂരിപ്പിക്കാൻ ശ്ലോകം എഴുതിയ കവികൾക്കു കൊടുത്തതിൽ കൂടുതൽ രക്ഷാദാനമാണു് ഇന്നത്തെ ചില പുസ്തകക്കച്ചവടക്കാർ നമ്മുടെ ഗ്രന്ഥകാരന്മാർക്കു കൊടുക്കുന്നതായി അഭിമാനിക്കുന്നതു്! കഷ്ടം! സരസ്വതീദാസന്മാർ എന്നും ആർക്കെങ്കിലും അടിമകളായിരിക്കണമെന്നോ വന്നുചേരുന്നതു്? അതും ഗതി

# നിത്യസൗന്ദര്യം

ഇടവാ കെ. എ. ജമാൽ മുഹമ്മദ്

നെന്മണി കൊത്തിപ്പെറുക്കിക്കൊറിക്കുമ-
പ്പൊന്മണിപ്രാക്കളെ നോക്കിനോക്കി
പാടത്തിൻവക്കത്തിങ്ങെത്തുന്നിതാ രണ്ടു
ബാലികമാർ—ഹർഷദായിനികൾ!

ii

പുഞ്ചിരിതന്നിൽ കുളിപ്പിച്ചോരായിരം
ചിന്തകൾക്കൊക്കെ നിർവ്വാണമേകി,
മോദമാർന്നന്യോന്യം കെട്ടിപ്പിണയുന്ന
മാലതീവല്ലികളെന്നപോലെ,
തങ്ങളിൽ കൈകോർത്തു, മേനിയുരുമ്മിയ-
പ്പൊന്നിൻകതിരുകൾ മുന്നിൽ നില്പൂ!!

---

കീഴ്പ്പോട്ട്. പണ്ടു വലിയ ആളുകൾക്ക്; ഇന്നു നിസ്സാരന്മാർക്ക്!

വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ നിയമാധീനമാക്കുന്ന ഈ കാലത്ത് ഈ വിഷയത്തിൽ ന്യായമായ തീരുമാനങ്ങൾ ഉണ്ടാകേണ്ടതു് അത്യാവശ്യമാണു്. സ്വന്തം സമ്മതമനുസരിച്ചും അന്യോന്യം സഹായം പ്രതീക്ഷിച്ചുമാണു് ഒരു വ്യവസ്ഥ ചെയ്യുന്നതെന്നു പറഞ്ഞു് ഇത്തരം ഏർപ്പാടുകളെ നീതീകരിക്കാവുന്നതല്ല. ആത്മഹത്യ ചെയ്യാനും, സ്വയം വേറൊരുത്തനു് അടിമയായിരിക്കാനും പരിഷ്കൃതസമുദായങ്ങൾ ഇന്നു് ഒരു വ്യക്തിയെയും അനുവദിക്കാറില്ല. എല്ലാ ആളുകളുടെയും ന്യായമായ സുഖസ്ഥിതിയെയാണു് സമുദായവ്യവസ്ഥകൾ പുലർത്തേണ്ടതു്. ഒരുത്തന്റെ സ്വാർത്ഥകാര്യത്തിനു് ഉതകുന്ന നടപ്പു് മറെറാരാളുടെ ന്യായമായ അവകാശങ്ങളെ ഭംജിക്കുന്നുണ്ടെങ്കിൽ, ആ സ്ഥിതി എങ്ങനെ വന്നാലും ശരി, അതു മാറണം; അതു മാററണം. ഈ ദൃഷ്ടിയനുസരിച്ചു ഗ്രന്ഥകാരന്മാരും പ്രകാശനകർത്താക്കളുമായുള്ള ബന്ധത്തെ ക്രമീകരിക്കുന്ന നിയമങ്ങൾ ഉണ്ടാകേണ്ടതു ഭാഷയുടെ ഭാവിക്കു് അത്യന്തം ആവശ്യമാണെന്നു കരുതണം. ഈ വിഷയത്തിൽ ഇപ്പോഴുള്ള നിയമങ്ങളെ വിഗണിക്കുന്നില്ല; ഗ്രന്ഥകാരന്മാരുടെയും പ്രകാശകന്മാരുടെയും അവകാശങ്ങളുടെ എല്ലാ ഭാവങ്ങളും ന്യായമായി ക്ലിപ്തപ്പെടുത്തേണ്ടതാണെന്നു് ഊന്നിപ്പറകയേ ചെയ്യുന്നുള്ളൂ.

ഗ്രന്ഥപ്രകാശനം ഭാഷയുടെ വളർച്ചയ്ക്കു് അത്യന്താപേക്ഷിതമായതുകൊണ്ടു് ഇവിടെ നിർദ്ദേശിച്ച കാര്യങ്ങൾ പൊതുവേ ശ്രദ്ധാർഹമാണു്. കേരളഭാഷയ്ക്കു് ഉത്തരോത്തരമായ മംഗളം വരട്ടെ; ഗ്രന്ഥകാരന്മാരുടെ പരാധീനത തീരട്ടെ, എന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

iii

കൈത്തണ്ടിൽ തൂങ്ങുന്ന പൂക്കൂട രണ്ടിലും
ചെന്തെച്ചിനന്മലർ ശേഖരിപ്പാൻ,
രണ്ടിളം ചിത്രശലഭങ്ങൾ പോലവ-
രങ്ങിങ്ങു പാറുന്നു തീരത്തെങ്ങും.
കൊഞ്ചിക്കളിക്കും പുഴതൻെറ വക്കത്തെ-
പ്പച്ചിലപ്പൊന്തകൾ തേടിത്തേടി,
ഓടിനടന്നവർ പൂക്കളിറുത്തു ചാ-
ഞ്ചാടുന്നു ഹർഷവിവശരായി.

iv

അച്ചക്രവാളത്തെത്തൊട്ടുരുമ്മീടുമ-
പ്പശ്ചിമസിന്ധുവിൽ നീരാടുവാൻ
അൻപോടസ്സന്ധ്യയാമംഗനമെല്ലവേ
ചെംപട്ടു സാരിയഴിക്കും നേരം,
കണ്ഠാഭരണങ്ങൾ പൊട്ടി മണികളാ-
വിണ്ണിൻതടത്തിൽ വിതറി വീണു!
പൊൽച്ചിറകോമനിച്ചാമോദാൽ വീശിയ-
പ്പൊൻകിളിക്കൂട്ടം പറന്നുപോയി;
നിന്നിമേഷാക്ഷരായ് നിൽക്കുന്നു പൈതങ്ങ-
ളന്യൂനവിസ്മയസ്തബ്ധരായി!

...............................................................

...............................................................

നിത്യതതന്നിലേക്കെന്നെയുയർത്തിയാ-
'നിത്യസൗന്ദര്യ'മന്നേരം തന്നെ!!

# *ചരിത്രത്തിന്റെ ചരിത്രം.

മൗലവി എ. മുഹമ്മദ് യൂസുഫ് തങ്ങൾ അഫ്സലുൽ ഉലമാ

മനുഷ്യർ പണ്ടേതന്നെ പഴങ്കഥകൾ അറിയാൻ ഉത്സുകരായിരുന്നു. പക്ഷേ അവയെ രേഖപ്പെടുത്താനുള്ള സമ്പ്രദായം കണ്ടുപിടിച്ചിട്ടില്ലായിരുന്ന അക്കാലത്തു സംഭവങ്ങൾ കർണ്ണാകർണ്ണികയാ അറിയുകയായിരുന്നു പതിവ്. പൗരാണിക അറബികളുടെ ഇടയിൽ കഥപറച്ചിൽ ഒരു തൊഴിലായി സ്വീകരിച്ചിരുന്ന ആളുകൾ ധാരാളം ഉണ്ടായിരുന്നു. രാത്രിയിൽ കഥ പറയാൻ ഒരു "സമീറി"നെ (നിശാകഥാകാരനെ) കിട്ടാത്ത കൂടാരം കേവലം നിരുത്സാഹമായിട്ടാണ് 'ഫാറാൻ' പ്രദേശത്തു കഴിഞ്ഞുകൂടിയിരുന്നത്. ഇവരുടെ കഥാവിഷയങ്ങളിൽ ഭൂരിഭാഗവും പേർഷ്യാ, ഇന്ത്യാ എന്നിവിടങ്ങളിലേ രാജാക്കന്മാരുടെയും, അറബിദേശത്തെ യോദ്ധാക്കളുടെയും ചരിതങ്ങളായിരുന്നു. കഥകളിൽ അതിശയോക്തി ചേർത്തുവിടാൻ അതിതല്പരരായ ആദിമജനങ്ങൾ കേട്ടറിഞ്ഞിട്ടുള്ളതിൽ പുതുമ കൂട്ടാനായി അതിനെ വലുതോ ചെറുതോ ആക്കി അടുത്തതലമുറയ്ക്കു പറഞ്ഞുകൊടുക്കുക പതിവായി. ഇങ്ങനെയാണ് പഴയ ചരിത്രങ്ങളിൽ പലതും ഇന്നു നമുക്ക് വിശ്വസിക്കാൻ കഴിയാത്ത നിലയിൽ വന്നുപോയിട്ടുള്ളത്. നൈൽനദിയുടെ ഏതുഭാഗത്ത് ഇറങ്ങിയാലും കാൽമുട്ടോളംവെള്ളം എത്താത്ത തരത്തിലുള്ള "ഊജ്" എന്ന മനുഷ്യന്റെ പരാക്രമങ്ങളെപ്പററി ഇജിപ്തുകാർ വർണ്ണിച്ചിരുന്നുവെങ്കിൽ പത്തുതലയുള്ള ലങ്കാധിപന്റെ യുദ്ധസാമർത്ഥ്യങ്ങളെ ഇന്ത്യയിലേ പുരാണകഥകൾ ഘോഷിക്കുന്നു. ചൊട്ടച്ചാൺമാത്രം പൊക്കമുള്ള ആളുകളെ സംബന്ധിച്ചു ഗള്ളിവർ എഴുതുന്നതിനു മുമ്പേതന്നെ അറബികൾ, കുരുന്തോട്ടിത്തണലിൽ കൂടാരമടിച്ചു വിശ്രമിച്ചിരുന്ന ഒരുതരം ഹ്രസ്വകായന്മാരെക്കുറിച്ചുള്ള കഥകൾ പറഞ്ഞുപോന്നിരുന്നു. പെരുവിരലിന്റെ വലിപ്പത്തിലുള്ള മനുഷ്യൻ പർവ്വതങ്ങളെ ചവിട്ടിത്താഴ്ത്തിയ കഥ ഇവിടെ നമുക്കും സുപരിചിതമാണല്ലോ. "അൻഖാ" (ആനറാഞ്ചൻപക്ഷി) "ഗ്രൂൽ" (തീവിഴുങ്ങിപ്പിശാച്) മുതലായ പാത്രങ്ങൾ അറബി "സമീർ"കളുടെ പക്കൽ സുലഭങ്ങളായിരുന്നു. അറബിക്കഥയിലേ "സിന്ധുബാദി"ന്റെ സമുദ്രസഞ്ചാരവും, പക്ഷംകൂടാതെ പറക്കുന്ന കുതിരയുടെ പരാക്രമവും മററും പണ്ടത്തേ കഥപറച്ചിൽകാരുടെ പക്കൽ നിന്നു പകർത്തിഎടുത്തതാണ്. കേട്ടുകേൾവിയുടെ അവശിഷ്ടങ്ങൾ പിന്നീട് എഴുത്തിലും കടന്നുകൂടിപ്പോയതല്ലെങ്കിൽ ഇതൊക്കേ എന്താണ്?

വിചിത്രപ്പണിയിൽ വിദഗ്ദ്ധന്മാരായിരുന്ന ഇജിപ്തുകാർ ചരിത്രങ്ങൾ രേഖപ്പെടുത്താനുള്ള ഒരു സമ്പ്രദായം ആദ്യമായിക്കണ്ടുപിടിച്ചു. അതു ശിലകളിലും

* Copyright of all his articles in the Journal reserved by the author

ലോഹങ്ങളിലും സംഭവങ്ങളുടെ ചിത്രം കൊത്തി വെയ്ക്കുക എന്നുള്ളതാണ്. പണ്ട് ഫിറോറംസീസ് നടത്തിയ യുദ്ധവും, പരാജിതരുടെ പലായനവും മററും അവർ പിരമിഡിൽ മുൻപറഞ്ഞ വിധത്തിൽ രേഖപ്പെടുത്തീട്ടുണ്ട്. അടുത്ത പടിയായി അവർ ചിത്രലിപി (Hieroglyphs) നിർമ്മിച്ചു. അതുകൊണ്ട് സംഭവങ്ങൾ ഒരു വിധം രേഖപ്പെടുത്തിത്തുടങ്ങി. അതിനുശേഷമാണ് പല ജാതി അക്ഷരമാലകൾ ഉത്ഭവിച്ചതും എഴുത്തുകാർ ഉണ്ടായതും. അങ്ങനെ ചരിത്രങ്ങൾ വ്യക്തമായി എഴുതിവെയ്ക്കാൻ അനന്തരകാലത്ത് ആളുകൾക്കു സാധിച്ചു. പിന്നീട് മുദ്രണകല ഉത്ഭവിക്കയും അതു പ്രചാരത്തിൽ വരികയും ചെയ്തു. എ. ഡി 9-ാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ചീനത്തുകാർ ഈ സമ്പ്രദായം കണ്ടുപിടിച്ചുവെങ്കിലും ആദ്യമായി കടലാസിൽ അച്ചടിച്ചതു ജപ്പാൻകാരാണ്. ലോഹംകൊണ്ട് അക്ഷരങ്ങൾവാർത്തു പരിഷ്കൃതരീതിയിൽ ആദ്യമായി മുദ്രണത്തൊഴിൽ ആരംഭിച്ചതു ജർമ്മനിയിൽ ആയിരുന്നു. ഇതു ഏതാണ്ട് പതിനഞ്ചാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ആണ്.

ചരിത്രം എഴുതിവെയ്ക്കുക എന്ന കാര്യത്തിന്റെ ഉപജ്ഞാതാവ് ആരാണെന്നു തീർത്തുപറവാൻ ഇതുവരെ സാധിച്ചിട്ടില്ല. എന്നാൽ മോസസിനു ലഭിച്ച "തൗറാത്തു" എന്ന വേദപുസ്തകത്തിലാണ് ചരിത്രരൂപത്തിലുള്ള ചില കഥകൾ ആദ്യമായി കാണപ്പെട്ടതു്. ഇതു് ബി. സി 15-ാം നൂററാണ്ടിലാണ്. ക്രിസ്തുവിനുമുമ്പു പത്താംനൂററാണ്ടിൽ ഗ്രീക്കിലെ പ്രസിദ്ധ കവിയായ ഹോമർ പണ്ടത്തേ ഗ്രീക്കുകാരുടെ വീര്യപരാക്രമങ്ങളും മററും വിവരിക്കുന്ന കഥകൾ തന്റെ കവിതകൾവഴി പ്രചരിപ്പിച്ചിരുന്നു. തൗറാത്തിനുശേഷം ചരിത്രസംഭവങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥം ഇതാണ്. പരിഷ്കൃതരീതിയിൽ ഒരു ചരിത്രപുസ്തകം ആദ്യമായി അവതരിപ്പിച്ചതു സുപ്രസിദ്ധ ലോകസഞ്ചാരിയും ചരിത്രത്തിന്റെ പിതാവ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ആളുമായ "ഹിറോദത്തസ്" ആണ്. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലാകട്ടെ മനുഷ്യസമുദായത്തിന്റെ ആരംഭകാലം മുതൽ താൻ ജീവിച്ചിരുന്ന ബി. സി അഞ്ചാം നൂററാണ്ടുവരെയുള്ള ചരിത്രം ക്രോഡീകരിച്ചിട്ടുണ്ട്. ബി. സി അഞ്ചും എട്ടും നൂററാണ്ടുകൾക്കിടയ്ക്കു വാൽമീകിമഹർഷി രചിച്ചിട്ടുള്ള രാമായണം ഇന്ത്യയുടെ ഒരു പൗരാണികചരിത്രം എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ബി. സി നാലാം നൂററാണ്ടിലേ ഒരു ചരിത്രകാരനാണ് "നിസ്യാസ്" എന്ന പെർഷ്യൻ ഭിഷഗ്വരൻ. ഇദ്ദേഹം പെർഷ്യാക്കാരുടെ പൂർവ്വചരിത്രം രേഖപ്പെടുത്തിത്തന്നു. ഹോമർ, ഹിറോദത്തസ്, നിസ്യാസ് എന്നിവരാണ് പൗരാണിക ചരിത്രകാരന്മാരിൽ പ്രധാനികൾ. പൂർവ്വകാലസംഭവങ്ങളെപ്പററി വിവരിക്കുന്ന ഏതൊരുഗ്രന്ഥകാരനും ഇവരെ ആശ്രയിക്കാതെ തരമില്ല. പഴയ ചരിത്രകാരന്മാരിൽപ്പെട്ട മറെറാരാൾ ഇജിപ്തിലെ ഒരു ജ്യൗതിഷികനായ "സിബാനിത്ത്" ആണ്. ക്രിസ്തുവിനു മുമ്പു നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഇദ്ദേഹം ഇജിപ്തിന്റെ ഒരു ചരിത്രം എഴുതീട്ടുണ്ട്. പിന്നീടുണ്ടായതു് ക്രിസ്താബ്ദം ഒന്നാം നൂററാണ്ടിൽ സിസിലിയിലേ "മീതുദ്റസ്"

എഴുതിയ ചരിത്രമാണ്. ഇതിനു ശേഷം ചരിത്രപുസ്തകനിർമ്മാതാക്കളും, ചരിത്രപഠനവും ക്രമേണ ലോകമൊട്ടുക്ക് വ്യാപിക്കയും അഭിവൃദ്ധിപ്പെടുകയും ചെയ്തു.*

ഇനി ഇസ്‌ലാം ചരിത്രത്തെയും ചരിത്രകാരന്മാരെയും കുറിച്ചുകൂടി ഇവിടെ അല്പം പറയുന്നതു് അസ്ഥാനത്തായിപ്പോകയില്ലെന്നു തോന്നുന്നു. ചരിത്രോപപാദന വിഷയത്തിൽ ഇത്ര സൂക്ഷ്മതയോടെ പ്രവർത്തിച്ചിട്ടുള്ളവർ വേറേ ഇല്ലന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ലോകസഞ്ചാരികളും മററുമായ മുസ്‌ലിംകൾ ചരിത്രത്തെയും ഭൂമിശാസ്ത്രത്തെയും അഭിവൃദ്ധിപ്പെടുത്തീട്ടുണ്ടു്. വ്യക്തികളെയും രാജ്യങ്ങളെയും കുറിച്ചു് അവർ എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ സാഹിത്യലോകത്തു സഞ്ചരിക്കുന്നവക്ക് ആയിരക്കണക്കിനു കാണാവുന്നതാണ്. കൂടുതൽ ചരിത്രപുസ്തകം എഴുതാൻ ഇടവന്നിട്ടുള്ള വ്യക്തികളുടെ കൂട്ടത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു് മഹാത്മാവായ മുഹമ്മദ്നബിയാണ്.† നബിതിരുമേനിയെക്കുറിച്ചു വിവിധഭാഷകളിലായി എഴുതീട്ടുള്ള നല്ല ചരിത്രഗ്രന്ഥങ്ങൾ ഇന്നു രണ്ടായിരത്തിൽപരം ഉണ്ടു്. നബിയുടെ ചരിത്രം അവധാനപൂർവ്വം രേഖപ്പെടുത്തീട്ടുള്ള ഒന്നാണ്. ഇതിൽ കൃത്രിമസംഭവങ്ങൾക്കാകട്ടെ കേട്ടകഥകൾക്കാവട്ടെ പ്രവേശനം ലഭിക്കുവാൻ ഇടയായിട്ടില്ല. അഥവാ അപ്രകാരം എന്തെങ്കിലും അനന്തരകാലങ്ങളിൽ കടന്നുകൂടിട്ടുണ്ടെങ്കിൽ തന്നെയും അവ മുസ്‌ലിം ചരിത്രകാരന്മാരുടെ വിമർശനത്തിനു വിഷയീഭവിക്കുകയും തൽഫലമായി ത്യാജ്യകോടിയിൽ തള്ളപ്പെടുകയും ചെയ്തിട്ടുണ്ടു്. ഈ വക ചരിത്രമെഴുത്തുകാർ കേട്ടതിനെയൊക്കേ അപ്പടികുറിച്ചുവെയ്ക്കുകയല്ല ചെയ്തിരുന്നതു്. നബിയെക്കുറിച്ചുള്ള ഒരു സംഭവത്തെ ഒരാൾ പ്രസ്താവിച്ചാൽ ആ ആളിൻെറ യോഗ്യതയെപ്പററി ആദ്യമായി അന്വേഷിക്കും. പിന്നീടു് ആ അറിവു് അയാൾക്കു് ലഭിച്ച മാർഗ്ഗങ്ങളെപ്പററി വേണ്ടവിധം തിരക്കീട്ടു സംഭവം യഥാർത്ഥമാണെന്നു ബോദ്ധ്യപ്പെട്ടതിൽ പിന്നീടു മാത്രമേ ചരിത്രത്തിൽ അതിനെ രേഖപ്പെടുത്താറുള്ളു. ഇങ്ങനെ ഈ ചരിത്രത്തിൻെറ സൂക്ഷ്മതയെപ്പററി അന്വേഷിക്കേണ്ട ചുമതല നിമിത്തം നബിയുടെ ചരിത്രത്തെക്കുറിച്ചു പ്രതിപാദിച്ചിട്ടുള്ളവരും നബിയുമായി അടുത്തു് ഇടപെട്ടിട്ടുള്ളവരുമായ പതിമൂവ്വായിരം ആളുകളുടെ ചരിത്രം എഴുതേണ്ടതായിവന്നു. ഇതിനും പുറമേ നബിയുടെ കാലശേഷം നബിയെക്കുറിച്ചു കേട്ടറിഞ്ഞ ചില സംഭവങ്ങളെപ്പററി ഉപപാദിച്ചിട്ടുള്ള 500000 ആളുകളുടെ ജീവചരിത്രസംക്ഷേപവും രേഖപ്പെടുത്തിട്ടുണ്ടു്.‡ അഞ്ചു ലക്ഷം ആളുകളുടെ ജീവചരിത്രം അടങ്ങിയ "അസമാഉരിജാൽ" എന്ന ഈ അറബി ഗ്രന്ഥസമുച്ചയം ഇന്നും ലണ്ടൻ മ്യൂസ്യത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഡാക്ടർ "ഡ്പ്രിംഗർ" എന്ന ജർമ്മൻപണ്ഡിതൻ ഇതിനെപ്പററി ഇങ്ങനെ പറയുന്നു. "വിദ്വാന്മാരുടെ ചരിത്രങ്ങളെ സംരക്ഷിക്കുന്ന വിഷയത്തിൽ മുസൽമാന്മാരെപ്പോലെ അത്ര താല്പര്യം പ്രകടിപ്പിച്ചിരു

* Alkirattura Sheeda Book IV By Ali omar Bak Inspector of schools Egypt.

† രണ്ടാംസ്ഥാനം നെപ്പോളിയനു ലഭിക്കുന്നു (ലേ)

‡ Muhammad the Prophet By Moulana Abdul majeed Kueshi Lahore.

ന്ന ഒരു സമുദായം ലോകത്തില്ല. ഉണ്ടായിരുന്നിട്ടുമില്ല. അവർ എഴുതീട്ടുള്ള ജീവചരിത്ര ഗ്രന്ഥങ്ങൾ ശേഖരിക്കയാണെങ്കിൽ പ്രമാണപ്പെട്ട അഞ്ചുലക്ഷം ആളുകളുടെ ചരിത്രം നമുക്ക് സിദ്ധിക്കുന്നതാണ്.'' എ. ഡി. 9-ാം നൂററാണ്ടിൽ പരിശുദ്ധനബിയുടെ ജീവചരിത്രം എഴുതാൻ ഒരുങ്ങിയ ''ഇമാംബുഖാരി'' ഈ ആവശ്യത്തിനായി പതിനാറുകൊല്ലം ഇസ്‌ലാംസാമ്രാജ്യം മുഴുവൻ ചുററിസഞ്ചരിച്ചിട്ടു നബിയെപ്പററിയുള്ള നൂറുലക്ഷം സംഭവങ്ങൾ ശേഖരിച്ചുവെങ്കിലും അതിൽ നിന്നു 7200 വാർത്തകൾ മാത്രമേ അദ്ദേഹം തന്റെ ''സഹീഹു'' എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളു.

എ. ഡി 14 ാം നൂററാണ്ടിന്റെ ആരംഭത്തിൽ സ്പെയ്നിലെ മന്ത്രിയായിരുന്ന ''ഇബൻഖാദൂൻ'' എന്ന പ്രസിദ്ധ അറബിചരിത്രകാരനാണ് ആദ്യമായി ചരിത്രത്തിന്റെ തത്വങ്ങൾ എഴുതിയുണ്ടാക്കിയതു്. അടിസ്ഥാനരഹിതമായ വാർത്തകളടങ്ങിയ ചരിത്രഗ്രന്ഥങ്ങൾ വർദ്ധിച്ചുവന്ന അക്കാലത്തു് അദ്ദേഹത്തിന്റെ കൃതി വ്യാജം കണ്ടുപിടിക്കാനുള്ള ഒരു ഉപായമായിത്തീർന്നിരുന്നു. അതിൽ, കള്ളക്കഥകൾ സത്യവേഷംകെട്ടി ചരിത്രങ്ങളിൽ കടന്നുകൂടുന്ന വിധവും, അതിനെ കണ്ടുപിടിച്ചു പുറന്തള്ളാനുള്ള മാർഗ്ഗവും മററും യുക്തിപൂർവ്വം പ്രതിപാദിച്ചിരിക്കുന്നു. ഇദ്ദേഹം തന്നെ ഒരു ലോകചരിത്രം 14 വാല്യമായി എഴുതീട്ടുണ്ടു്. ഇതിന്റെ വിവർത്തനം മിക്കയൂറോപ്യൻ ഭാഷകളിലും കാണാം. സുപ്രസിദ്ധലോകസഞ്ചാരിയും ഒരു ചരിത്രകാരനുമായ ഇബൻ ബത്തൂത്തായുടെ യാത്രാവിവരണത്തിന്റെ ചില ഭാഗങ്ങളെയും ഇബൻഖൽദൂൻ വിമർശിക്കാതെ വിട്ടില്ല. ഇവർ രണ്ടുപേരും സമകാലീനന്മാരുമാണ്. ഇബൻഖൽദൂൻ തന്റെ ചരിത്രഗ്രന്ഥത്തിന്റെ മുഖവുരയിൽ ഒരിടത്തു് ഇങ്ങനെ പറയുന്നു. 'ററാഞ്ചീറി'ലേ ഷൈഖ്‌വംശത്തിൽപെട്ട ഇബൻബത്തൂത്താ എന്നൊരാൾ 20 വർഷം ലോകസഞ്ചാരം നടത്തുകയും ഇതിനിടെ ഡെൽഹിയിലേ ഒരു ''ഖാസി'' (ജഡ്ജി) യായി കുറെക്കാലം കഴിച്ചുകൂട്ടുകയും ചെയ്തിട്ടു മടങ്ങിഎത്തി, ''ഫെസ്സി'' ലെ അബൂഇനാൻ രാജാവിനെ അടുത്തുകൂടീട്ടുണ്ടു്. അദ്ദേഹം തന്റെ യാത്രയിൽ അനുഭവപ്പെട്ടതായി അതിശയോക്തിപരമായ പല കഥകളും പറഞ്ഞു് പരത്തുന്നു. ഇന്ത്യയെപ്പററിയാണ് അദ്ദേഹം കൂടുതൽ വിവരിക്കുന്നതു്. ഇന്ത്യയിലേ രാജാവു് (മഹമ്മദ്‌തഗ്ലഗ്) തലസ്ഥാനമായ ഡെൽഹിവിട്ടു പുറത്തു പോകുമ്പോൾ ഡെൽഹിനിവാസികളെ എണ്ണിത്തിട്ടപ്പെടുത്തീട്ടു് അവർക്കു് ആറുമാസത്തേ ആഹാരത്തിനുള്ള വക സ്വന്തം കയ്യിൽനിന്നു കൊടുത്തിട്ടാണ് പോകുന്നതു് എന്നും, രാജാവു് മടങ്ങിഎത്തുമ്പോൾ എഴുന്നള്ളത്തു കാണാൻകൂടി നില്ക്കുന്ന ജനങ്ങൾക്കു വെള്ളിയിലും സ്വർണ്ണത്തിലും ഉള്ള നാണയങ്ങൾ വാരിവിതറുന്നു* എന്നും ആ അവസരത്തിൽ അകലേനില്ക്കുന്നവർക്കു ലഭിക്കുന്നതിനു് ഒരു യന്ത്രത്തിന്റെ സഹായം കൊണ്ടാണ് എറിയുന്നതു് എന്നും മററുമുള്ള കഥകൾ അത്ര വിശ്വാസയോഗ്യമാണോ എന്നു പ്രസിദ്ധപണ്ഡി

* തിരുവനന്തപുരത്തും മഹാരാജാക്കന്മാർ തിരിച്ചെഴുന്നള്ളിയാൽ കൊട്ടാരവാതല്ക്കൽകൂടി നില്ക്കുന്ന ജനങ്ങൾക്കു പൂവും പണവുംവാരി എറിഞ്ഞു കൊടുക്കുന്ന പതിവു് ഉണ്ടല്ലോ.

തനായ "ഇബൻവിദാറി" നോട്ട് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം എന്നോട്ട പറഞ്ഞതു് ഇങ്ങനെയാണ്. "കണ്ടറിഞ്ഞ ഒരാൾ പറയുന്നകാൎയ്യത്തിൽ കാണാത്ത നിങ്ങൾ അഭിപ്രായം പ്രകടിപ്പിക്കുന്നതു ശരിയല്ല. കാരാഗൃഹത്തിനുള്ളിൽ വളൎന്ന ഒരു മന്ത്രിപുത്രൻെറ കഥയാണ് ഞാൻ ഇപ്പോൾ ഓൎമ്മിക്കുന്നതു്. അതായതു വളരെക്കാലം ജയിൽവാസം അനുഭവിക്കേണ്ടിവന്ന ഒരു മന്ത്രി സ്വപുത്രനെയുംകൂടി അവിടെത്തന്നെ വളൎത്തുകയായിരുന്നു. കുട്ടി കുറെ പ്രായമായതിൽ പിന്നീടു് ഒരിക്കൽ പിതാവിനോടു് "നാം ഭക്ഷിക്കുന്ന മാംസം എന്തിൻെറതാണ്" എന്നു ചോദിച്ചു. അതു ആട്ടുമാംസമാണെന്നു പിതാവു് മറുപടിപറഞ്ഞപ്പോൾ ആടു് എന്നാൽ എന്താണെന്നു കുട്ടി തുടൎന്നുചോദിക്കയുണ്ടായി. നീണ്ടതലയും നാലുകാലും ഒരു വാലുംഉള്ള ഒരുജന്തുവാണ് ആടു്, എന്നു മന്ത്രി വിവരിച്ചപ്പോൾ "മനസ്സിലായി. അതൊരു എലിയെപ്പോലിരിക്കും, അല്ലേ" എന്നാണ് കുട്ടി പറഞ്ഞതു്. ഇത്തരം ജന്തുക്കളിൽ എലിയെ മാത്രം കണ്ടിരുന്ന കുട്ടിക്കു് അങ്ങനെ തോന്നിപ്പോയതിൽ അതിശയപ്പെടാനില്ല. പണ്ഡിതൻ ഇങ്ങനെ ഉപദേശിച്ചുവെങ്കിലും സംഗതികളുടെ സാദ്ധ്യതാസാദ്ധ്യതയെപ്പററി ചിന്തിക്കുകയും, യുക്തിക്കു യോജിക്കാത്തതിനെ ത്യജിക്കയോ അതിനെപ്പററിക്കൂടുതൽ അന്വേഷണം നടത്തുകയോ ചെയ്യുകയും ആണ് വേണ്ടതു്."

ചരിത്രമെന്നല്ല ഏതു വിജ്ഞാനഗ്രന്ഥങ്ങളെയും സമ്പാദിക്കുന്നതിലും അവയെ സൂക്ഷിക്കുന്നതിലും മുസൽമാന്മാർ പ്രത്യേകതാല്പൎയ്യം പ്രകടിപ്പിക്കുന്നവരാണ്. ഇജിപ്റ്റിൽ തന്നെ ഇപ്പോൾ ലക്ഷക്കണക്കിനു പുസ്തകങ്ങൾ ശേഖരിച്ചിട്ടുള്ള അനേകം ഗ്രന്ഥശാലകൾ ഉണ്ടു്. അച്ചടിച്ചിട്ടാല്ലാത്തതും അമൂല്യവുമായ ഒരുലക്ഷത്തി എൺപതിനായിരം കയ്യെഴുത്തുഗ്രന്ഥങ്ങൾ ശേഖരിച്ചിട്ടുള്ള ഒരു ഗ്രന്ഥശാലയും ഇക്കൂട്ടത്തിലുണ്ടു്. അതിനെയാണ് ഇററാലിയന്മാരുടെ ബോംബ്നശിപ്പിക്കാത്ത വിധത്തിൽ "മുഖത്തം" മലയുടെ അടിവാരത്തിലേയ്ക്കു മാററിയതായി ഏതാനും ആഴ്ചകൾക്കു മുമ്പു വൎത്തമാനപ്പത്രങ്ങളിൽ നാം കണ്ടതു്. ആധുനികചരിത്രമെഴുത്തുകാർ പല സംഗതികളിലും അറബിചരിത്രകാരന്മാരെ ആശ്രയിക്കുന്നുണ്ടു്. ഇന്ത്യയിൽ തന്നെ അടിമവംശരാജാക്കന്മാരുടെ ചരിത്രവും, മദ്ധ്യകാലത്തേ കേരളചരിതവും ഇബൻബത്തൂത്തായുടെ അറബിഗ്രന്ഥത്തിൻ നിന്നാണ് നമുക്കു ലഭിക്കുന്നതു്. യൂറോപ്പിലെ ജനങ്ങൾ, ചരിത്രം മാത്രമല്ല ഭൂമിശാസ്ത്രം, കണക്കു് മുതലായതും അഭ്യസിച്ചതു സ്പെയ്നിലെ മുസ്ലിം സൎവ്വകലാശാലയിൽ നിന്നാണ്. ഇസ്ലാം ചരിത്രത്തെയോ ചരിത്രകാരന്മാരെയോപ്പററി വിസ്തരിക്കാനുള്ളതല്ല ഈ ലേഖനം. ഇത്തരം ഒരു ലേഖനംകൊണ്ടു് അതു സാദ്ധ്യവും അല്ല. എങ്കിലും യൂറോപ്യൻ ഗ്രന്ഥശാലകളിൽ ഇപ്പോൾ സൂക്ഷിച്ചിട്ടുള്ളതും, കയ്യെഴുത്തുപ്രതികളുമായ ചില അമൂല്യഅറബി ചരിത്രഗ്രന്ഥങ്ങളുടെ* ഒരു പട്ടികകൂടി ചേൎത്തുകൊണ്ടു് ലേഖനം അവസാനിപ്പിച്ചുകൊള്ളട്ടെ.

* Arabic Literature by Professor Clement Huart.

| ചരിത്രകാരൻെറ പേരു | ഏ ഡി. | ആരെ അല്ലെങ്കിൽ എന്തിനെ കുറിച്ചുള്ള ചരിത്രം | വാല്യം | പുസ്തകം സൂക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|---|
| തഗ് രീബർദീ | 690 | ഭൂലോകം | | പാരീസ് ലൈബ്രറി |
| ഇബ് നൽകലബീ | 819 | അറബികൾ, അവരുടെ വിഗ്രങ്ങൾ | 1 | ,, ,, |
| അൽമിർദാസീ | 853 | സ്പെയിൻ | 1 | ബെർളിൻ ,, |
| ഇമാംബൂഖാരീ | 870 | നബിയുടെ ചരിത്രോപപാദന്മാർ | | അയാസോഫയാ ,, |
| അബുൽഫാസിൽ താഹിർ | 890 | ഭൂലോകം (6-ാം വാല്യം) | 1 | ബ്രിട്ടീഷ് മ്യൂസാം |
| അഹ് മദ് നസ ഈ | 914 | നബിയുടെ ജീവചരിത്രോപപാദകന്മാർ | | ,, |
| ഇബൻയൂസുഫ് തൂലൂൻ | 945 | ഇജിപ്തു, അതിലേ രാജാക്കന്മാർ | 1 | ,, |
| അബുൽഖാസിം | 971 | നബിയുടെ ജീവചരിത്രോപപാദകന്മാർ | | ,, |
| ഇബൻബാബവൈഹി | 991 | ഷിയ്യാക്കൾ | 1 | അയാസോഫയാ ലൈബ്രറി |
| അബൂമൻസൂർ | 1038 | അറബിക്കവികൾ | 2 | ,, |
| അൽബൈരൂനീ | 1100 | ഇന്ത്യാ | | ലണ്ടൻ ,, |
| ഇബ്ൻഹസം | 1064 | കവികൾ | 1 | ലേഡൻ ,, |
| അബുൽഫത്ഹുഷഹ്റസ്ഥാനി | 1153 | മതങ്ങൾ | 1 | ബെർലിൻ ,, |
| അൽഅമീർ | 1176 | ഇജിപ്തു (ഏതാനുംവാല്യം) | | എസ്കോറിയൻ ,, |
| അൽഅൻബാരീ | 1181 | അറബിഭാഷ | 1 | പാരീസ് ,, |
| ഇബൻമുൻഖിദ് | 1188 | സ്വന്തംജീവചരിത്രം (ആദ്യമായി എഴുതിയതു്) | 1 | ,, ,, |
| ഇമാമുദ്ദീൻഇസ്ഫഹാനീ | 1201 | കുരിശുയുദ്ധം | 7 | കാൺസ്റ്റാൻറിനോപ്പിൾ ,, |
| ഇസ്സുദ്ദീൻ അബ്ദുൽ അസീസ് | 1215 | ക്രിസ്തുമതം | 1 | പാരിസ ,, |
| അബുൽഹസൻ ഖിബ്ത്തി | 1248 | വിദ്വാന്മാർ | 1 | ലേഡൻ ,, |
| ,, | ,, | കവികൾ | 1 | ,, ,, |
| ഇബ് നൽജൗസീ | 1257 | ഇമാം അലിയും, കുഡുംബവും | 1 | ,, ,, |
| നജ്മുദ്ദീൻജാഫർ | 1277 | ഷിയ്യാക്കൾ | 1 | മാസ്കോ ,, |
| ഇമാംമൻസൂർ | ,, | ,, | 1 | ലണ്ടൻ ,, |
| മുഹമ്മദ് തഹാബീ | 1348 | ഇസ്ലാം ലോകം | 1 | കാൺസ്റ്റാൻറിനോപ്പിൾ ,, |
| ഇബൻഐബക്ക് | 1363 | ജീവചരിത്ര നിഘണ്ടു | 26 | ,, ,, |
| ഉമർബിൻഖദീർ | 1372 | ഭൂലോകം | | വിയന്നാ ,, |
| ഇബൻബത്തൂത്താ | 1400 | ഇന്ത്യാ (രണ്ടാംവാല്യം) | 2 | പാരിസ് ,, |
| സാരിമുദ്ദീൻ | 1406 | ഇസ്ലാം ലോകം | 12 | അയാസോഡയാ ,, |
| ഇബൻഖൽദൂൻ | ,, | ഭൂലോകം | 14 | പാരീസ് ,, |
| ,, | ,, | പ്രസിദ്ധന്മാർ | 80 | ലേഡൻ ,, |
| അൽമുഖ് രീസീ | 1442 | ഫാത്തിമീഖലീഫമാർ | 1 | ഗോത്താ ,, |

# ഗീതകം.

എം. പി. അപ്പൻ, എം. എ; എൽ. ടി.

രാക്ഷസീയമാം നിന്റെ യാരവോമ്മിയാൽ വിശ്വ-
മക്ഷദണ്ഡത്തിൽനിന്നു തെറിച്ചു തകരുന്നു.
പിഞ്ചുപൈതലും സ്ത്രീയും വൃദ്ധനുമൊരുപോൽ നിൻ-
ചെഞ്ചോരക്കുരുതിയിൽ പിടച്ചുതുടിയ്ക്കുന്നു.
എന്തിനിക്കട്ടുംകൈ? നിൻവെന്നിപ്പൊൻപതാകക-
ളിന്ദ്രമണ്ഡലത്തോളമുയൻറു പറക്കാനോ?
മഞ്ഞുനീർക്കണംപോലെ യെത്രയോ സാമ്രാജ്യങ്ങൾ
മാഞ്ഞുപോയധൃഷ്യമാം സ്വാതന്ത്ര്യ സുഷമയിൽ!
ചെങ്കനൽ ചിതറും നിൻ വാളിലും മിഴിയിലും
തങ്കുമാപ്രതാപത്താൽ തിമിത്തു മദിക്കേണ്ട.
നിൻതലയ്ക്കുപരിയായ് തലനാരിഴയിന്മേൽ
ഹന്ത! തൂങ്ങുന്ന ലോകനീതിതൻ മഹാഖഡ്ഗം
അററുവീഴുവതേതുനേരമോ, സഹജർതൻ
കട്ടിരക്തത്താൽ കണ്ണു കുളിത്ത നിൻകണ്ഠത്തിൽ!

---

| | | | | | |
|---|---|---|---|---|---|
| സുയൂത്തി | 1469 | നബിയുടെ ബന്ധുക്കൾ | 1 | ലണ്ടൻ | ,, |
| ഇബ്ൻമുഹമ്മദ്ദീയാർബക്രി | 1500 | പരിശുദ്ധനബി | 5 | ബെർലിൻ | ,, |
| തിൽമിസാനീ | 1632 | സ്പെയിൻ | 2 | ലണ്ടൻ | ,, |
| ഇബ്ൻഅബ്ദുറഹ്മാൻ | 1671 | പാലസ്റ്റയിൻ | | ഗോത്താ | ,, |
| മുഖ്രീസി | | അബിസീനിയായിലെ രാജാക്കന്മാർ | | ലേഡൻ | ,, |
| ഇബ്ൻറസ്തം | | ഭൂലോകം | 7 | ലണ്ടൻമ്യൂസിയം | |
| ഇബ്ൻഅബീഹാത്തം | | നബിയുടെ ചരിത്രോപവാദകന്മാർ | | ,, | ,, |
| ഇബ്ൻഅബീസാർ | 1860 | മൊറോക്കോ സുൽത്താന്മാർ | 1 | പാരീസ് | ലൈബ്രറി |
| സൈനുദ്ദിൻമാബരി | | മലബാറിലെപോർട്ടുഗീസ് ആക്രമണം | 1 | ലണ്ടൻ | ,, |

# കോട്ടയത്തു തമ്പുരാനും കഥകളിയും

(തുടർച്ച)

എൻ. ദിവാകരക്കുറുപ്പു്, കൈതക്കോട്ടു്.

അടുത്തതായി തമ്പുരാന്റെ മറ്റൊരു കൃതിയായ കൃമ്മീരവധം പരിശോധിക്കാം.

"കൃമ്മീരവധത്തിൽ രസങ്ങളുടെ അംഗാംഗിഭാവ നിബന്ധത്തിനു മാത്രം കുറെ വൈകല്യമുണ്ടെങ്കിലും ഓരോ ഘട്ടത്തിലും പ്രത്യേകം അതാതു രസങ്ങളെയും ഭാവങ്ങളെയും വേണ്ടപോലെ വ്യഞ്ജിപ്പിച്ചിട്ടുണ്ടു് എന്നു ഏതൊരു സഹൃദയനും സമ്മതിക്കാതിരിക്കുകയില്ല". ഭാഷയെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ സംസ്കൃതമയം തന്നെയെങ്കിലും മദ്ധ്യമ കല്പമായ മണിപ്രവാളമായി ഗണിക്കാവുന്നതാണു്. ഈ ദൃശ്യകാവ്യത്തിൽ വസ്ത്വലങ്കാര ധ്വനികൾ വിരളമാണെങ്കിലും രസഭാവന നിരന്തരമായി വിലസുന്നുണ്ടു്. ശബ്ദാലങ്കാരത്തിലാണു കവി ഈ കൃതിയിൽ അധികമായി ശ്രദ്ധിച്ചിട്ടുള്ളതെന്നു്,

"ക്ഷ്വേളാഘോഷാതിഭീതിപ്രചലദനിമിഷാ
സിംഹികാ ഭാഷ്യപുഷ്യ-
ദ്വേഷാ ദോഷാചരിത്ഥം ഖലു നിജ വപുഷാ
ഭീഷയന്തീ പ്രദോഷേ
ഈഷാകൂലങ്കഷേണ പ്രപരുഷപരുഷാ
ജോഷമാദായ ദോഷാ
യോഷാഭൂഷാമനൈഷിൽ പ്രിയവധരുഷിതാ
പാഷ്തീം ദൂരമേഷാ".

എന്ന പദ്യവും

"പാലോലും മൊഴിമാർകുലതിലകേ!
പാഞ്ചാലാധിപ സുകൃതവിപാകേ!
കാളാംബുദരുചി തേടും വിപിനേ
കാമിനി വന്നതിനാലതിഗഹനേ
ഡോളായിതമിഹ മാമകഹൃദയം
ലോകോത്തരഗുണശാലിനി! സദയം.
തളരുന്നു ഗൃഹചംക്രമണേന
തളിരോടിടയും തവപദയുഗളം
കളമൊഴിമാരണിയും മുടിമാലേ!
കഥമിവ സഹതേ കാനനചരണം?
വികസതി ദിനകരകിരണൈരധികം
വിരവോടിതരസരോരുഹനിവഹം
ശുകഭാഷിണി! ബത തവ മുഖകമലം
സുന്ദരി വാടീടുന്നതിവേലം.
മണിമയസദനേ മോഹനശയനേ
മണമിയലും നവകുസുമാസ്തരണേ
മദനരസേന രമിച്ചീടും നീ
മധുമൊഴി വാഴുന്നെങ്ങനെ വിപിനേ"?

എന്നും മററുമുള്ള പദങ്ങളും സ്പഷ്ടമാക്കുന്നുണ്ടു്. എന്നിരുന്നാലും അത്യന്താപേക്ഷിതമായ സ്ഥാനങ്ങളിൽ കവി അർത്ഥാലങ്കാരം ചമൽക്കാരതരളിതമായി പ്രയോഗിച്ചും കാണുന്നുണ്ടു് എന്നു്,

"വിധുരാവിരഭൂൽ പുരോഭുവി
ദ്രുപദേന്ദ്രാത്മഭവാചകോരികാം,
സ്മിതചന്ദ്രികയാ പ്രഹർഷയൻ
ചലദൃക് ചഞ്ചുപുടാം തമോപഹഃ"

എന്നുള്ള ശ്ലിഷ്ടപരമ്പരിത രൂപകാലങ്കാരമയമായ പദ്യം വെളിപ്പെടുത്തും. ഈ കൃതിയിൽ "വൈദർഭ്യാദിരീതികളും ഭാരത്യാദിവൃത്തികളും ഉണ്ടെന്നിരുന്നാലും പ്രധാനമായ രീതി ഗൗഡിയും, വൃത്തി

ആരഭടിയുമാകുന്നു'' എന്നു വ്യക്തമാണ്. ഇതുപോലെ തന്നെ പ്രധാനമായ ഗുണം ഓജസ്സാണെന്നുള്ളതിനും സംശയമില്ല. ഇതിലെ രസങ്ങളും ഭാവങ്ങളും അംഗിയായ രൗദ്രത്തിന് ഉപസ്കാരകങ്ങളായിട്ടാണു സ്ഥിതിചെയ്യുന്നത്. ആട്ടക്കഥകളിലെ ഒരു പ്രധാന ഘടകമെന്നപോലെ കണക്കാക്കുന്ന സംഭോഗശൃംഗാരത്തെ അസഭ്യരീതിയിൽ സാധാരണ നിബന്ധിക്കുന്നതായ മററൊരുദോഷം ഈ ഗ്രന്ഥത്തിൽ നിഴലിച്ചിട്ടുപോലുമില്ലെന്നുള്ളതു് ഈ ഗ്രന്ഥത്തിനു ഒരു മെച്ചം തന്നെയാണ്.

മൂന്നാമതായി ബകവധം പരിശോധിക്കുക. ശൈശവം മുതല്ക്കുതന്നെ പാണ്ഡവരോടു കൗരവർ വിരോധം തുടങ്ങിയിരിക്കുന്നു എന്നുള്ള സംഗതി ഇതിലെ

''നാഗകേതനനു വൈരം നാളിൽ നാളിൽ വളരവേ'' എന്ന പദം കൊണ്ടു് പ്രത്യക്ഷപ്പെടുന്നു. ദുഷ്ടരാക്ഷസനായ ഹിഡിംബൻ, മാനുഷവാസം വനത്തിൽ ഉണ്ടെന്നു മനസ്സിലാക്കി സോദരിയായ ഹിഡിംബിയോടു്

''ചോരകൊണ്ടെനിക്കിപ്പോഴേ
പാരണ ചെയ്വാൻ വൈകുന്നു;
വാരണഗാമിനി ! ചെറവം പാരാതെ
പോയ്ക്കൊണ്ടാലും നീ''

എന്നു പറഞ്ഞപ്പോൾ ഹിഡിംബിയാകട്ടെ,

''അഗ്രജ ! വൈകാതവരെ ഞാൻ ചെന്നു
നിഗ്രഹിച്ചിങ്ങു കൊണ്ടുന്നീടാം;
വ്യഗ്രത കൈവിട്ടുവീരനാം നിന്റെ
അഗ്രേ വച്ചൻപിൽ വണങ്ങീടാം''

എന്നു പറഞ്ഞു തൊഴുതുപോകുന്നു. കാന്താരമദ്ധ്യത്തിൽപ്രവേശിച്ച ഹിഡിംബി,

''കാമനോടു തുല്യനാകും ഭീമസേനൻ തന്നെ
[കാൺകയാലേ
മായകൊണ്ടു മറഞ്ഞൊരു മോഹിനിയായവൾ
നൂതന ശരീരം പൂണ്ടുയാതുനാരി
മന്ദംമന്ദം വിളയാടി സുന്ദരാംഗിയവൾ
നിന്നീടുന്നു സന്നിധിയിൽ മിന്നൽപോലെ.''

ഈ സന്ദർഭത്തിലുള്ള ഹിഡിംബീ ഭീമസേന സംഭാഷണം വളരെ മനോഹരമാണ്. വ്യാസന്റെ നിയോഗമനുസരിച്ചു ഭീമൻ ഹിഡിംബിയെ പ്രാപിക്കുന്നു എന്നുള്ള കവിവാചകം സൂക്ഷിക്കുക.

''സത്യോക്തസ്സത്യവത്യസ്സുത ഇതിസമുപാ
ദിശ്യ മോദാൽ പ്രയാതേ,
ശാന്താസ്തേശാലഹോത്രദ്വിജ സദസിസദാ
വന്യഭക്ഷാന്യവാത്സുഃ
താവത്താമാത്തമോദാദനുരഹസി തതോ
മാരുതിർമാനയിത്വാ
പ്രോചേ പ്രോദ്ദാമകാമാമതിതരസമമി-
ത്രാന്തകാരീ ഹിഡിംബീം.''

ശൃംഗാരാവാസയായ ഹിഡിംബി ഭീമസേനനോടു പ്രകൃതിവർണ്ണനം ചെയ്യുന്നു.

''കോലാഹലമോടു നല്ല കോകിലാംഗനമാ-
[രുടെ
ആലാപം കേൾക്കാകുന്നു പൂഞ്ചോലതന്നിൽ
[കാന്താ
മലയമാരുതലോലമാലതീ കുഞ്ജങ്ങൾ
[കാൺക''.

ഇതുപോലെ തന്നെ രൗദ്രരസത്തിനും കവി പ്രധാനമായ സ്ഥാനം നൽകിക്കാണുന്നു. ഈ കൃതിയിൽ കവി ദ്വിതീയാക്ഷരപ്രാസം ശ്രദ്ധിച്ചിട്ടുണ്ടെന്നു്

''നിഹതേഽനിലസൂനുനാ ഹിഡിംബേ
സഹസാബുദ്ധ്യത യാതവീ തനുജൈഃ
സഹസാ ച വിസിസ്മയേ ഹിഡിംബ്യാ
സഹിതം വീക്ഷ്യ ജയശ്രീയേവ ഭീമം''

"പ്രജ്ഞാട്ടശസ്സു പ്രണിപത്യ ധീമാൻ
വിജ്ഞായ സിദ്ധാന്തമജാതശത്രുഃ
വിജ്ഞാന വിശ്വാസ വിവേകശാലീ
വിജ്ഞാപയാമാസ വിഭും കുരൂണാം".

എന്നും മററുമുള്ള ശ്ലോകങ്ങൾ തെളിയിക്കുന്നുണ്ട്. മററുകൃതികളിലെപ്പോലെ തന്നെ യമകപ്രയോഗത്തിലും കവി വളരെ സ്വാരസ്യം കാണിച്ചിട്ടുണ്ട്.

"തതഃ പ്രഭാതേ തപതേ പ്രഭാതേ
പരാശരാന്താശ്ച പരാശരാത്മജം."

"കമല ഗന്ധവും ഭ്രമരനാദവും
സമയേ കേൾക്കുന്ന കമലസൂചകം."

ഇത്യാദി ഉദാഹരണങ്ങൾ ഈ കൃതിയിൽ വളരെയുണ്ട്. ഇപ്രകാരം നോക്കുകയാണെങ്കിൽ പ്രസ്തുതകൃതി ആടിക്കാണുവാനും പാടികേൾക്കുവാനും വളരെ ഹൃദ്യമാണെന്നു കാണാം. തന്മൂലം ഈ കഥകളിയ്ക്കു നല്ല പ്രചാരം സിദ്ധിച്ചുകാണുന്നു. ഈ ആട്ടകഥ സർവ്വപ്രധാനമായി അതിലുള്ള ലാളിത്യഗുണത്താൽ തെക്കൻ ബകവധത്തെ അതിശയിക്കുന്നുണ്ട്.

ഇനി കല്യാണസൗഗന്ധികത്തെപ്പററി ചർച്ച ചെയ്യാം. പാപഹരങ്ങളായ തീർത്ഥങ്ങൾ കൊണ്ടുവരുന്നതിനായി പാണ്ഡവന്മാർ പോകുന്നതിനെ കവി വർണ്ണിച്ചിരിക്കുന്നതു ഇപ്രകാരമാണ്.

"വൃത്തം വൃത്രാരിസൂനോർമ്മുനിതിലക മുഖാ-
ദേവമാകർണ്ണ്യമോദാൽ
പാർത്ഥാസ്തീർത്ഥാഭിഷേകപ്രണിഹിതമനസഃ
പ്രസ്ഥിതാസ്തേനസാകം
ഗോത്രാസത്രാശനാനാന്തതിഭിരപിസമം
സഞ്ചരന്തസ്സമന്താൽ
സ്വച്ഛപ്രച്ഛായവൃക്ഷപ്രചുരമുനിവനം
വീക്ഷ്യപപ്രച്ഛുരേനം".

"പ്രയുക്താശിഷസ്തേന തേ പണ്ഡുപുത്രാഃ
പ്രയാതാഃ പ്രഭാവ പ്രഭാസഞ്ചിതാംഗാഃ
സ്വഭക്താനപായാദുപായാദ്ധതാരി-
സ്സഭോജസ്സമേതാൻ സമാകാർണ്ണ്യശൗരിഃ".

ഇതുപോലെ തന്നെ ചൂതിൽ തോററു വനത്തെ അഭയം പ്രാപിച്ചിരിക്കുന്ന പാണ്ഡവരെ ശ്രീകൃഷ്ണഭഗവാൻ സമാധാനപ്പെടുത്തുന്ന ഭാഗം എത്രസരസമായിരിക്കുന്നു എന്നു നോക്കുക.

"പരിതപിക്കരുതേ പാണ്ഡവന്മാരേ
ഭരതാന്വയതിലക ഭാഷിതം മമ കേൾക്ക
പരനെന്നുമഹമെന്നും ഭാവഭേദമുള്ളവർ [ലെ
പരിചോട്ടുള്ളോരു നിങ്ങൾ പ്രാകൃതന്മാരെപ്പോ
പരമേശൻ ഭിക്ഷയേററു പാരിൽ നടന്നിലയോ?
പുരുഹൂതൻ ശാപംകൊണ്ടു പാരം വലഞ്ഞില [യോ?
വീരമൗലി രാഘവൻ വിപിനേ വസിച്ചീലയോ?
ശിരസിലിഖിതമാകും ശിവശിവ നീക്കീടാ [മോ?"

ഈ പദങ്ങളിൽ നിന്നും കവി ഒരു വേദാന്തപണ്ഡിതനാണെന്നു തെളിയിന്നു.

ദ്രുപദാത്മജയുടെ അപേക്ഷ അനുസരിച്ചു കൽഹാരപുഷ്പഗ്രഹണത്തിനു പുറപ്പെട്ട ഭീമസേനൻെറ കദളിവനപ്രവേശശ്ലോകം ആരെയും രസിപ്പിക്കും.

"ശാതോദരീചടുലചാരുകടാക്ഷപാത-
പാഥേയവാൻ പ്രവിചരൻപ്രിയസാഹസോ- [സൗ
പാദപ്രപാതചകിതാഖിലസത്വജാതോ
വാതാത്മജോപി കദളീവനമാസസാദ".

ഈ കൃതി ആകെക്കൂടിനോക്കിയാൽ ശൃംഗാരമയവും രസാവഹവുമാണെന്നു ചുരുക്കിപ്പറഞ്ഞുകൊണ്ടു നിറുത്തുന്നു.

കോട്ടയം കൃതികളിൽ ഗാംഭീര്യവും ചമൽകാരവും കൂടുന്നവ കിമ്മീരവധവും

കാലകേയവധവുമാണെന്നു ഇത്രയുംകൊണ്ടു് തെളിഞ്ഞു കാണുമെന്നു വിശ്വസിക്കുന്നു. എന്നാൽ ഇവതമ്മിൽ താരതമ്യപ്പെടുത്തുമ്പോരം കാലകേയവധമാണു മുന്നണിയിൽ നിൽക്കുന്നതെങ്കിലും കൃമ്മീരവധവും പിന്നോക്കമല്ല എന്നുസ്പഷ്ടമാണു്. കൃമ്മീരവധത്തിലെ

"പുരോഹിതം മുനിമുപവിഷ്ടമാസ്യനേ
പുരോഹിതം നിജമുപവേശ്യ ധമ്മജഃ
പുരോഹിതപ്രകൃതിരനേന ഹസ്തിനാൽ
പുരോഹിതപ്രഹിതമുവാച സാഞ്ജലിഃ".

"സഭാജനൈവ്വിര ചിതസത്സഭാജനഃ
പരന്തപഃ സമഭിഹിതഃ പരന്തപഃ
ചരിഷ്ണുനാ ഖലു മുനിനാ ചരിഷ്ണുനാ
വനാന്തരേ f രമത സപവനാന്തരേ"

എന്നു തുടങ്ങിയ യമകങ്ങരം രുചിരമാണെങ്കിൽ

"നഗരീതരസാരഥിനാ-
മപഹർത്രാ കീർത്തിമാത്മതരസാരഥിനാ
യുധിനാമനസാ ദരിണാ
ലംഘ്യാപ്രാപേജ്ജനേന മനസാദരിണാം"

"കല്പദ്രു കല്പദ്രുപദേന്ദ്രപുത്രീ-
സരസ്യ സാരസ്യ നിവാസഭൂമീ"
നാളീക നാളീക ശരാഗ്ലിതാ സാ
മന്ദാക്ഷ മന്ദാക്ഷരമേവമൂചേ"

എന്ന കാലകേയ വധത്തിലുള്ളയമകങ്ങരം രുചിരതരങ്ങളാണു്. ഇതു പോലെ തന്നെ

"വിധുരാ വിരഭൂൽ പുരോഭുവി
ദ്രുപദേന്ദ്രാത്മ ഭവാചകോരികാം
സ്മിതചന്ദ്രികയാ പ്രഹർഷയൻ
ചല ദൃക് ചഞ്ചുപുടാം തമോപഹഃ"

എന്ന കൃമ്മീരവധത്തിലേ ശ്ലോകവും,

"സുലളിത പദവിന്യാസാ
രുചിരാലങ്കാര ശാലിനീ മധുരാ
മൃദുലാപി ഗഹനഭാവാ
സൂക്തിരിവാവാപ സോർവ്വശീവിജയം"

എന്ന കാലകേയവധത്തിലെ ശ്ലോകവും ശ്ലിഷ്ടധർമ്മോപമയ്ക്കു് ഉദാഹരണങ്ങളാണു്.

കൊട്ടാരക്കരത്തമ്പുരാനുശേഷം കഥകളിയെ അതിൻെറ സാഹിത്യ നിലയ്ക്കു പുനരുദ്ധാരണത്തിനുദ്യമിച്ചു പരിഷ്കൃത രീതിയിൽ നിർമ്മിക്കണമെങ്കിൽ ഈ കവിയ്ക്കു കഥകളിയിൽ ഒരു പ്രത്യേക തത്പരതയും, ഈ പ്രസക്തിയുടെ ആധിക്യം നിമിത്തം തൽകലാനടനത്തിൽ പരിശീലനസാമർത്ഥ്യവും ഉണ്ടായിരിക്കണമെന്നു് ഊഹിക്കാം. ഈ ഊഹത്തെ സ്ഥിരീകരിക്കുന്നതിനായി ഒരുകഥ പറഞ്ഞു വരുന്നുണ്ടു്.

കോഴിക്കോട്ടു സാമൂതിരി സുപ്രസിദ്ധ കഥകളിനടന്മാരെ വരുത്തി ആററിൽപരം ദിവസം കാലകേയവധം അഭിനയിപ്പിച്ചു. ഈ തവണയെല്ലാം ഉർവ്വശിയുടെ ഭാഗം അഭിനയിക്കാൻ പ്രാപ്തിയുള്ള ആളുകരം ഇല്ലാഞ്ഞിട്ടു നിരാശാഭരിതനായ രാജാവും കഥകളി നടത്തിപ്പുകാരും മററു് ഉദ്യോഗസ്ഥന്മാരും വിഷാദിച്ചു. ഒടുവിൽ അവിടെ ക്ഷണിച്ചുവരുത്തിയിട്ടുള്ള ഒരു നടൻ തന്നെ ഒരു ദിവസം കൂടി അഭിനയിക്കട്ടെ എന്നു തീർച്ചപ്പെടുത്തി. അതനുസരിച്ചു അവർ വേഷമിടുന്നതിനു് ആരംഭിച്ചു.

അപ്പോരം പ്രായംചെന്ന ഒരാരം അണിയറയിൽ കയറിച്ചെന്നു താൻ ഒരു കഥകളിക്കാരനാണെന്നും മരിക്കുന്നതിനു മുൻപ് ഉർവ്വശിയുടെ വേഷം കെട്ടണമെന്നു ആശയുണ്ടെന്നും അപേക്ഷിച്ചു. അപ്രകാരം അനുവദിച്ചപ്പോരം ആ പുതിയ

നടൻ തനിക്കുള്ള വേഷത്തിന്ന് ഉപയുക്തമായ സാധനങ്ങളോടുകൂടി ഒരു ഭദ്രമായ മുറിയിൽ വേഷം കെട്ടുന്നതിനായി പ്രവേശിച്ചു.

ഉർവ്വശിയുടെ രംഗപ്രവേശത്തിനുള്ള

"സുലളിതപദവിന്യാസാ
രുചിരാലങ്കാര ശാലിനീ മധുരാ
മൃദുലാപി ഗഹനഭാവാ
സൂക്തിരിവാവാപ സോർവ്വശീവിജയം."

എന്നുള്ള ശ്ലോകം പാട്ടുകാരൻ പാടിക്കഴിഞ്ഞപ്പോൾ അരംഗത്തു "മല്ലീശരന്റെ വില്ലിനെ വെല്ലുന്ന ചില്ലിവല്ലികളോടും, ചെന്താമരദളങ്ങൾ പോലുള്ള നേത്രങ്ങളോടും, പഞ്ചമിച്ചന്ദ്രനഞ്ചുന്ന ഫാലപ്രദേശത്തോടും, കാർമേഘത്തെ തിരസ്കരിക്കുന്ന കചഭാരത്തോടും, നവവിദ്രുമംപോലുള്ള ദന്തപംക്തികളോടും, ഐരാവതമസ്തകത്തെ വെല്ലുന്ന കുചകുംഭങ്ങളോടും, വടപത്രാകാരമായ ഉദരത്തോടും" കൂടി വിലയേറിയ സാരികൾ ഉടുത്തുകെട്ടി, പ്രവേശിച്ച ആ ദിവ്യാംഗന രണ്ടു കരങ്ങളും കെട്ടിക്കൊണ്ടു നവരസങ്ങളും സ്ഫുരിപ്പിച്ചു ശൃംഗാരത്തെ സ്ഥായിയാക്കി,നിശ്ചലനായി നിൽക്കുന്ന വിജയനെ പ്രാപിച്ചു. സാമൂതിരിയുൾപ്പെടെയുള്ള രംഗവാസികൾ ആനന്ദപയോധിയിൽ ആറാടി. പ്രസ്തുതരംഗം അവസാനിച്ചപ്പോൾ കോട്ടയത്തു തമ്പുരാൻ തന്നെ വേഷപ്രച്ഛന്നനായിവന്നു തത്ഭാഗം തന്മയത്വമായി അഭിനയിച്ചതാണെന്നു മനസ്സിലാക്കിയ സാമൂതിരി ഉർവ്വശിയുടെ അടുത്തുചെന്ന് "കോട്ടയത്തെ ജ്യേഷ്ഠൻ എപ്പോഴാ ഇങ്ങോട്ടെഴുന്നെള്ളിയതു" എന്നു ചോദിച്ചതിനു "സന്ധ്യയോടുകൂടി" എന്നു മറുപടി പറഞ്ഞതായി പറഞ്ഞുവരുന്നു.

ദൃശ്യകാവ്യമായ ആട്ടക്കഥകളുടെ ജീവൻ മുഴുവനും നിൽക്കുന്നതു രംഗപ്രകടനരീതിയിലാണെന്നുള്ള തത്വം സൂക്ഷ്മമായി ഗ്രഹിച്ചിട്ടുള്ള തമ്പുരാൻ പച്ച, കത്തി, കരി, താടി, മുതലായ വേഷ വിശേഷവൈജാത്യത്തിൽ ദൃഷ്ടിവെയ്ക്കുവാൻ നിർബന്ധിതനാവുകയാൽ സാഹിത്യദൃഷ്ട്യാ കാണാവുന്ന ചിലചില്ലറ ന്യൂനതകളെ വകവച്ചിട്ടില്ല എന്നു പറയുന്നതിൽ തെററില്ല. അങ്ങനെയുള്ള ശൈഥില്യങ്ങൾ മിക്കവാറും ആട്ടക്കഥകളിൽ സുലഭമാണുതാനും. ഇതുപോലെ തന്നെ അഭിനയ വൈശിഷ്ട്യത്തിനും രസപൂരണത്തിനുമായി തമ്പുരാൻ പ്രസ്തുത കഥകളിൽ മൂലത്തിൽ നിന്നും സമുചിതമായ ചില ഭേദഗതികൾ ചെയ്തിട്ടുള്ളതും ക്ഷന്തവ്യം തന്നെ. ആകെപ്പാടെ നോക്കുന്നതായാൽ ഈ രീതിയിലുള്ള ചില്ലറ ദോഷങ്ങൾ ചന്ദ്രനിലുള്ള കളങ്കം പോലെ സഹൃദയന്മാർക്കു വലിയ വൈരസ്യഹേതുവായി തീരുകയില്ലെന്നു തീർച്ചതന്നെ.

സംസ്കൃതരൂപകങ്ങളിൽ സ്ത്രീകളുടെയും നീചപാത്രങ്ങളുടെയും ഭാഷ പ്രാകൃതമാകണമെന്നു നിയമമുണ്ട്. ഭാഷയിലെ പ്രഹസനങ്ങൾ നാടകങ്ങൾ മുതലായവയിലും നീചപാത്രങ്ങളുടെ ഭാഷ മഹാകവികൾ തന്മയത്വത്തിനായി ഗ്രാമ്യരീതിയിൽ പ്രാകൃതമാക്കുകയാണു പതിവു്. കോട്ടയത്തു തമ്പുരാൻ കാലകേയവധത്തിലും പ്രാകൃതഭാഷ ഉപയോഗിച്ചിട്ടുണ്ട് എന്ന്,

"സുമണോ രഹ പഡ്ഢിയ്യൂമം
ഭണിതം ഏതസ്സ സുണിയ സുരവണിയാ

വക്ഷം പക്ഷ്മിതവ്വം
വയണ്ണം വയണേണ വഞ്ചിയാവത്ഥം"

എന്നുള്ള ശ്ലോകം തെളിയിക്കുന്നു. എന്നാൽ ഈ പ്രാകൃതപ്രയോഗം കവിവാക്യത്തിൽ വേണ്ടിയില്ലായിരുന്നു എന്നു തോന്നുന്നു.

കോട്ടയം കൃതികളിലുള്ള

"തദനന്തരജേന നിമ്മിതം
തദിദം പാണ്ഡുഭുവാം കഥാമൃതം
സ്വദതേ സ്വദതാം ദയാലവൈ-
യ്യുദുനാഥാംഘ്രി സമപ്പിതാത്മനാം"

എന്ന മംഗള ശ്ലോകത്തിലുള്ള

"തദിദം പാണ്ഡുഭുവാം കഥാമൃതം"

എന്ന പാദത്തിൽ, തൻെറ നാലാട്ടക്കഥകളിലേയും കഥാവസ്തുക്കളെ കവിപൊതുവേ നിർദ്ദേശിച്ചിരിക്കുകയാൽ, കവി ആട്ടക്കഥകൾ നാലും ഉണ്ടാക്കിക്കഴിഞ്ഞതിനു ശേഷമായിരിക്കണം അവയ്ക്കു പ്രകാരം വന്ദനശ്ലോകങ്ങൾ രചിച്ചു ചേർത്തിട്ടുള്ളതെന്നു വിചാരിക്കാൻ ന്യായം കാണുന്നുണ്ട്. അദ്ദേഹത്തിൻെറ വന്ദനശ്ലോകങ്ങളിൽ ഗുരുത്വം പ്രമാണിച്ചു ജ്യേഷ്ഠൻെറ നാമധേയത്തെയും, സ്വവംശത്തെയും കുറിച്ചു പ്രശംസിച്ചിട്ടുണ്ടെന്നല്ലാതെ തൻെറ പേരുപോലും പറഞ്ഞുകാണുന്നില്ല.

കാലകേയവധം എഴുതിക്കൊണ്ടിരുന്ന തമ്പുരാൻ പ്രിയപത്നിയുടെ നിർബന്ധമനുസരിച്ചു നീരാട്ടിനു പോയപ്പോൾ ആ വിദുഷീരത്നം ഭർത്താവു് എഴുതിവച്ചിരുന്നതു മുഴുവൻ വായിച്ചിട്ടു് അടുത്തതായിട്ടുള്ള യുദ്ധപ്പദം എഴുതിയെന്നും, തമ്പുരാൻ വന്നു സന്തോഷിച്ചു് ആ പദം മാററാതെ കഥ പൂർത്തിയാക്കിയെന്നും ഒരു കിംവദന്തിയുണ്ടു്.

കല്യാണസൗഗന്ധികം എഴുതിക്കൊണ്ടിരുന്ന മദ്ധ്യേ തമ്പുരാനു ഹനുമാൻ പറയുന്ന പദം തോന്നാതെവരികയും, അദ്ദേഹത്തിൻെറ സഹോദരൻ വിവരം അറിഞ്ഞു് കൊടി, കുട, തഴ, വെഞ്ചാമരാദികളോടുകൂടി അകത്തേക്കു കടന്നുചെന്നു എന്നും, അപ്പോൾ തമ്പുരാൻെറ ഹൃദയത്തിൽ "ആരിഹ വരുന്നതിവനാരു മെതിരില്ലഹോ" എന്നു തോന്നി അതു മുതൽ ആ പാദങ്ങൾ മുഴുവൻ എഴുതി ത്തീർക്കുകയും ചെയ്തു എന്നും പറഞ്ഞു വരുന്നുണ്ടു്.

കാവ്യത്തിൻെറ ജീവനായ 'രസത്തിനു് ഉചിതസ്ഥാനം കല്പിച്ചു കാണികളെ വശീകരിക്കാനുള്ള ഒരു നവീനശക്തി കോട്ടയം കഥകൾക്കു നിസർഗ്ഗസിദ്ധമായിട്ടുള്ളതാണു്. ചുരുക്കിപ്പറയുന്നതായാൽ ഗാംഭീര്യം, രംഗപ്രയോഗവിശേഷത, ഗാനയോഗ്യത, അർത്ഥഭംഗി. ശബ്ദഭംഗി, അലങ്കാരവൈചിത്ര്യം, ഫലിതരസം ഇവയെല്ലാമാണു് കോട്ടയം കൃതികളുടെ പ്രത്യേക ഗുണങ്ങൾ.

പ്രശസ്തമായ ഈ നാലു ആട്ടക്കഥകൾകൂടാതെ "മോക്ഷപ്രദായക'മെന്നൊരു കിളിപ്പാട്ടുകൂടി തമ്പുരാൻ നിമ്മിച്ചതായി അറിയുന്നു. തമ്പുരാൻെറ അന്ത്യകാലം വനത്തിൽ വച്ചായിരുന്നു എന്നാണു കേൾവി.

ബകവധത്തിൽ ധമ്മപുത്രരോടുള്ള അജ്ജുനൻെറ വാക്കിൽ "കനിവൊടു കേൾക്ക മേലിൽ കാടേ നമുക്കുഗതി" എന്നു പ്രയോഗിച്ചിരിക്കുന്നതിൽ അറം വന്നുപോകയാൽ തൻെറ അന്ത്യ ദശയിൽ സ്വരാജ്യത്തുനിന്നും ശത്രുക്കളാൽ

# താന്ത്രികസാധനയിലേ പഞ്ച‘മ’കാരങ്ങൾ

ജി. പി.

ഇത്രമാത്രം തെററി വ്യാഖ്യാനിച്ചിട്ടുള്ള മററു പദങ്ങളുണ്ടോ എന്നു സംശയമാണ്. എന്തെന്നാൽ പഞ്ചമകാരങ്ങൾ എന്നു പറയുന്നത് മദ്യം, മാംസം, മത്സ്യം, മുദ്ര, മൈഥുനം ഇത്രയുമാകുന്നു. ഇതിലേ ചില വാക്കുകൾ വെറുപ്പു തോന്നിക്കുന്നവയാകുന്നു എന്നുള്ളതിനു സംശയമില്ല. എന്നാൽ കേവലം ബാഹ്യമായ അർത്ഥം ആലോചിച്ചിട്ടാണ് ഈ അബദ്ധം പറയുന്നത്. താന്ത്രികസാധനകളുടെ ഉപജ്ഞാതാക്കന്മാർ യോഗീശ്വരന്മാരായിരുന്നു എന്നുള്ളതുകൊണ്ടുതന്നെ അവയുടെ ബാഹ്യാർത്ഥത്തിന് പ്രസക്തിയില്ലെന്നു നിശ്ചയിക്കാം. എന്നാൽ ആദ്ധ്യാത്മികമായി ഇവയ്ക്ക് എന്താണർത്ഥമുള്ളത് ?

ഈ താന്ത്രികാചാരത്തിനു കൗളാചാരമെന്നും വാമാചാരമെന്നും പറയുന്നുണ്ട്. താന്ത്രികന്മാരെ കൗളികന്മാരെന്നും പറഞ്ഞുവരുന്നു. കൗളികൻ എന്നുള്ളതിന്

“അകുലം ശിവ ഇത്യുക്തം കുലം ശക്തിഃ
പ്രകീർത്തിതാ
കുലാകുലാനുസന്ധാനാൽ നിപുണാഃ
കൗലികാഃ പ്രിയേ ”
(കുലാർണവം)

അകുലം എന്നാൽ ശിവൻ എന്നും കുലം എന്നാൽ ശക്തി എന്നും അർത്ഥം. കുലാകുലങ്ങളുടെ അനുസന്ധാനംകൊണ്ട് ആണ് കൗലിക (കൗളിക)പദം ഉണ്ടായിരിക്കുന്നത്. ‘വാമാ’പദത്തിനു സ്ത്രീ എന്ന അർത്ഥം സങ്കല്പിച്ചാണു മററാരു ഭ്രമം. എന്നാൽ ആ പദത്തിനു മനോഹരം, പ്രശസ്തതരം എന്നെല്ലാംകൂടി അർത്ഥമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ഇനിയും പഞ്ചമകാരങ്ങളെപ്പററി ആലോചിക്കാം.

പ്രഥമ ‘മ’ കാരം മദ്യം

“യദുക്തം പരമംബ്രഹ്മ നിർവികാരം
നിരഞ്ജനം
തസ്മിൻ പ്രമദനം ജ്ഞാനം തന്മദ്യം
പരികീർത്തിതം.”

നിർവികാരവും നിരഞ്ജനവും ആയ പരബ്രഹ്മത്തെപ്പററിയുള്ള ആനന്ദത്തിൽനിന്നു ജനിക്കുന്ന ജ്ഞാനമാണ് ‘മദ്യം’ എന്നു പറയുന്നത്.

“വ്യോമപങ്കജ നിഷ്യന്ദ
സുധാപാനരതോ നരഃ
മധുപായി സമം പ്രോക്ത
സ്ത്വിതരേമദ്യപായിനഃ
(കുലാർണവം)

---

ഓടിക്കപ്പെട്ടിട്ടു “കനകമല” എന്ന വനാന്തരത്തിൽ വച്ചു നിര്യാതനാകുവാൻ ഇടയായി എന്നും ഐതിഹ്യമുണ്ട്. പിൽക്കാലത്തുണ്ടായ ആട്ടക്കഥകൾക്കെല്ലാം ആദർശമായിത്തീർന്നിട്ടുള്ള ഈ പ്രസിദ്ധകൃതികളുടെ കർത്താവിനെപ്പററി കൂടുതൽ വിവരമൊന്നും അറിയാൻ പാടില്ല എന്ന വസ്തുത മലയാളഭാഷാ ചരിത്രത്തിനുള്ള അപൂർണ്ണതയെ ലക്ഷ്യപ്പെടുത്തുന്ന പല സംഗതികളിൽ ഒന്നാണ്.

ബ്രഹ്മരന്ധ്രസ്ഥിതമായ സഹസ്രദളപത്മത്തിൽനിന്നും ഒഴുകുന്ന സുധയെ പാനം ചെയ്യുന്നവരാണ് ഇവിടത്തെ മദ്യപാനികൾ. മററു മദ്യംകുടിക്കുന്നവരെല്ലാം വെറും കള്ളുകുടിയന്മാരാണ്.

"ബ്രഹ്മസ്ഥാന സരോജപാത്രലസിതാ
ബ്രഹ്മാണ്ഡതൃപ്തി പ്രദാ
യാ ശുഭ്രാംശുകലാസുധാവിഗളിതാ
സാ പാനയോഗ്യാ സുരാ"
(ഭൈരവയാമളം)

ബ്രഹ്മരന്ധ്രസ്ഥിതമായ സഹസ്രാര രൂപമായ പാത്രത്തിൽ നിന്നും ബ്രഹ്മാണ്ഡതൃപ്തിപ്രദമായി ഒഴുകുന്ന ആനന്ദാമൃതമത്രേ പാനയോഗ്യമായ 'മദ്യം'.

യഥാർത്ഥ വാമാചാരികൾ വൈരാഗ്യസമ്പന്നന്മാരാണ്. മേരുതന്ത്രത്തിൽ ഇങ്ങനെ പറയുന്നു.

"തഥാ ചന്ദ്രസുരാമത്തഃ കാമാദ്യൈർ
നാഭിഭൂയതേ"

ബ്രഹ്മരന്ധ്രസ്ഥമായ ചന്ദ്രനിൽനിന്നും സ്രവിക്കുന്ന സുരയുടെ പാനത്താൽ മത്തനായ യോഗി കാമാദിശത്രുക്കളാൽ പരാജിതനാക്കപ്പെടുന്നില്ല.

ദ്വിതീയ 'മ' കാരം—മാംസം.

"പുണ്യാപുണ്യപശും ഹിത്വാ
ജ്ഞാനഖഡ്ഗേന യോഗവിത്
പരേ ലയം നയേൽ ചിത്തം
മാംസാശീസ നിഗദ്യതേ"
(കുലാർണവം)

പുണ്യപാപരൂപമായ പശുവിനെ ജ്ഞാനഖഡ്ഗം കൊണ്ടു ഹിംസിച്ചിട്ടു യോഗി മനസ്സിനെ ബ്രഹ്മത്തിൽ ലയിപ്പിക്കണം. അങ്ങനെ ചെയ്യുന്ന ആളാണു തന്ത്രശാസ്ത്രത്തിലെ മാംസാഹാരി.

"മാശബ്ദാദ്രസനാ ജ്ഞേയാ
തദംശാൻ രസനാപ്രിയാൻ
സദാ യോ ഭക്ഷയേദ് ദേവി!
സ ഏവ മാംസ സാധകഃ
(ആഗമസാരം)

മാ എന്ന ശബ്ദം രസനയെ കുറിക്കുന്നു. അതിൻെറ അംശമാണു വാക്കു്. ആ വാക്കിനെ സർവ്വദാ ഭക്ഷിക്കുന്നവൻ, അതായതു് സദാവാൿസംയമം ചെയ്യുന്നവൻ ആണു് മാംസ സാധകൻ.

അതിൽത്തന്നെ മററാരിടത്തു പറയുന്നു,

"മാംസനോതിഹിയൽ കർമ-
തന്മാംസം പരികീർത്തിതം
ന ച കാമപ്രതീകം തു
യോഗിഭിർ മാംസമുച്യതേ"

സകലകർമ്മങ്ങളും ബ്രഹ്മത്തിൽ അർപ്പണം ചെയ്യുന്നതിനാണ് മാംസമെന്നു പറയുന്നതു്. ജീവികളുടെ മാംസത്തെ യോഗികൾ മാംസമെന്നു പറയുകയില്ല.

ജീവനെ മാംസമെന്നപോലെ അജ്ഞാനം ആവരണം ചെയ്തിരിക്കുന്നു. അജ്ഞാനവും മാംസവും ഒരുപോലെയാണ്. അതുകൊണ്ടു് അജ്ഞാനത്തിൻെറ ഭക്ഷണം അഥവാ നാശനം ആണു് മാംസഭക്ഷണം എന്നു മേരുതന്ത്രത്തിൽ പറഞ്ഞിരിക്കുന്നു.

"കാമക്രോധനലോഭമോഹപശുകാം-
ശ്ഛിത്വാ വിവേകാസിനാ
മാംസം നിർവിഷയം പരാത്മസുഖദം.
ഭുഞ്ജന്തി തേഷാം ബുധാഃ"
(വൈരാഗ്യയാമളം)

കാമക്രോധലോഭമോഹങ്ങളായ പശുക്കളെ വിവേക ഖഡ്ഗംകൊണ്ടു ഛേദിച്ചിട്ടു നിർവിഷയമായി പരമാത്മസുഖദമായ മാംസത്തെ വിദ്വാന്മാർ ഭുജിക്കുന്നു.

തൃതീയ 'മ' കാരം- മത്സ്യം.

"മാനസാദീന്ദ്രിയഗണം
സംയമ്യാത്മനി യോജയേൽ
സമീനാശീ ഭവേദ്ദേവി!
ഇതരേ പ്രാണിഹിംസകാഃ
(കുലാർണവം)

മനസ്സുതുടങ്ങിയ ഇന്ദ്രിയങ്ങളെ സംയമനം ചെയ്തു് ആത്മാവിനോടു യോജിപ്പിക്കുന്ന ആളാണു് മത്സ്യഭക്ഷകൻ. മററുള്ളവർ പ്രാണിഹിംസകന്മാരാണു്. ഈ അർത്ഥം തന്നെയാണു മേരുതന്ത്രത്തിലേ

"മനസാ ചേന്ദ്രിയഗ്രാമം
സംമ്യോജ്യാത്മനി യോഗവിത്
മത്സ്യാശീ സ ഭവേദ്ദേവി!
ശേഷാധീവരവൃത്തയഃ"

എന്ന പദ്യത്തിനും ഉള്ളതു്. ആത്മസംയമമില്ലാതുള്ള മററു മത്സ്യഭക്ഷകർ ധീവരവൃത്തികൾ (മുക്കുവകർമ്മമുള്ളവർ) എന്നാണു് അതിൽ ആക്ഷേപിച്ചിരിക്കുന്നതു്. ഭൈരവയാമള തന്ത്രത്തിലേ ഒരു പദ്യത്തിൻെറ അർത്ഥം ഇങ്ങനെയാണു്. 'അഹങ്കാരം, ദംഭം, മദം, പൈശുന്യം, മത്സരം, ദ്വേഷം" ഈ ആറു ശത്രുക്കളെ വിഷയവൈരാഗ്യമാകുന്ന വലയിൽ പിടിച്ചു് സദ്വിദ്യയാകുന്ന അഗ്നിയിൽ പചിച്ചിട്ടു സദാ ഭക്ഷിക്കണം. ജലചരങ്ങളായ ജന്തുക്കളുടെ മാംസമല്ല ഭക്ഷിക്കേണ്ടതു്.

ആഗമസാരത്തിൽ ഇങ്ങനെ കാണുന്നു.

"ഗംഗായമുനയോർ മദ്ധ്യേ
മത്സ്യൗ ദ്വൗ ചരതഃ സദാ
തൗ മത്സ്യൗ ഭക്ഷയേദ് യസ്തു
സ ഭവേന്മത്സ്യസാധകഃ"

"ഗംഗായമുനകളുടെ (അതായതു് ഇഡാ പിംഗല എന്ന നാഡികളുടെ) മദ്ധ്യത്തിൽ സഞ്ചരിക്കുന്ന രണ്ടു മത്സ്യങ്ങളെ, അതായതു് ഇഡാപിംഗലാനാഡികളുടെ സംയോഗംമൂലം പ്രവാഹിതങ്ങളായ ശ്വാസപ്രശ്വാസങ്ങളെ ബന്ധിച്ചു് (പ്രാണായാമം മൂലം സംയമനം ചെയ്തു്) ഭക്ഷിക്കുന്നവൻ (കുംഭകയോഗത്തിൽ സുഷുമ്നാപഥത്തിൽക്കൂടി പ്രാണവായുവിനെ സഞ്ചരിപ്പിക്കാൻ ശക്തനായവൻ) അത്രേ യഥാർത്ഥമത്സ്യസാധകൻ.

ചതുർത്ഥ'മ'കാരം—മുദ്രാ

"സഹസ്രാരേ മഹാപത്മേ
കാർണികാ മുദ്രിതശ്ചരേത്
ആത്മാ തത്രൈവ ദേവേശി!
കേവലഃ പാരദോപമഃ
സൂൎയ്യകോടിപ്രതീകാശ
ശ്ചന്ദ്രകോടി സുശീതളഃ
അതീവ കമനീയശ്ച
മഹാകുണ്ഡലിനീയുതഃ
യസ്യ ജ്ഞാനോദയസ്തത്ര
മുദ്രാസാധക ഉച്യതേ"
(കുലാർണവം)

സഹസ്രാരമെന്നു പറയുന്ന മഹാപത്മത്തിൽ, അല്ലയോ ദേവേശ്വരി! മുദ്രിതമായ കർണികയുടെ മദ്ധ്യത്തിൽ കേവലം പാരദതുല്യനായി, സൂൎയ്യകോടി സമപ്രഭനായി ചന്ദ്രകോടി ശീതളനായി ഏററവും കമനീയനായി മഹാകുണ്ഡലിനീശക്തി സമന്വിതനായി ആത്മാവു വിരാജിക്കുന്നുണ്ടു്. ജ്ഞാനോദയം ആ ഉണ്ടായ യോഗിയെയാണു് മുദ്രാസാധകൻ എന്നു പറയുന്നതു്.

"ആത്മനേ ജായതേ മോദ-
സ്താ മുദ്രാഃ പരികീർത്തിതാഃ
താ ജ്ഞേയാ ധാരണാധ്യാന
സമാധ്യാഖ്യാസ്തു മോക്ഷദാഃ"
(മേരുതന്ത്രം)

ആത്മാവിൽനിന്നുമുണ്ടാകുന്ന ആനന്ദത്തിനെയാണു മുദ്രയെന്നു പറയുന്നതു്. മോക്ഷപ്രദമായ അതു് ധ്യാനം, ധാരണ, സമാധി മുതലായ നാമങ്ങളിൽ പ്രസിദ്ധമാണു്.

വിജയതന്ത്രത്തിൽ ഇങ്ങനെ കാണുന്നു.

സത്സംഗേന ഭവേന്മുക്തി-
രസത്സംഗേന ബന്ധനം
അസത്സംഗമുദ്രനം യത്തു
തന്മുദ്രാഃ പരികീർത്തിതാഃ''

സത്സംഗംകൊണ്ടു മുക്തിയും ആസത്സംത്സഗംകൊണ്ടു ബന്ധനവും ഉണ്ടാകുന്നു. അസംഗത്തിന്റെ ത്യാഗം തന്നെയാകുന്നു 'മുദ്ര'യെന്നു പറയുന്നതു്.

പഞ്ച'മ' കാരം—മൈഥുനം

"അപ്രബുദ്ധാ പശോഃ ശക്തിഃ
പ്രബുദ്ധാ കൗളികസ്യ ച.
ശക്തിം താം സേവയേദ് യസ്തു
സ ഭവേദ്രതിസേവകഃ

അഷ്ടപാശബദ്ധമായ സാധാരണജീവന്റെ കുണ്ഡലിനീശക്തി നിദ്രിതയായിരിക്കും. എന്നാൽ കൗളയോഗിയുടെ ശക്തി പ്രബുദ്ധമായിരിക്കും. യാതൊരുവൻ പ്രബുദ്ധമായ ആ ശക്തിയെ സേവിക്കുമോ, അവനാകുന്നു രതിസേവകൻ, അഥവാ 'മൈഥുന' സേവകൻ.

"ഇഡാപിങ്ഗലയോഃ പ്രാണാൻ-
സുഷുമ്നായാം പ്രവർത്തയേത്
സുഷുമ്നാ ശക്തിരുദ്ദിഷ്ടാ
ജീവോഽയം തു പരഃ ശിവഃ
തയോസ്തു സങ്ഗമോ ദേവൈഃ
സുരതം നാമ കീർത്തിതം
വീര്യപാതസ്യസമയേ
സുഷുമ്നാസന്നമാരുതേ
ഉൽപദ്യതേ തു യത്സൗഖ്യം
തതഃ കോടിഗുണം തു തൽ
ഏതദേവ രതം പ്രോക്ത-
മന്യത്സ്യാൽ രാസഭം മതം''

ഇഡാപിങ്ഗലനാഡികളിലെ പ്രാണവായുക്കളെ സുഷുമ്നയിങ്കൽ പ്രവർത്തിപ്പിക്കണം. സുഷുമ്നയെ ശക്തിയെന്നും പ്രാണരൂപമായ ജീവനെ ശിവനെന്നും പറയുന്നു. ഈ ശിവശക്തികളുടെ സംഗമത്തെയാണു് സുരതം (മൈഥുനം) എന്നു പറയുന്നതു്. കാമികൾക്കു സ്ത്രീസംഗമത്തിൽ (വീര്യപാതംകൊണ്ടു്) ഉണ്ടാകുന്ന സുഖത്തിന്റെ കോടിഗുണം ആനന്ദം സുഷുമ്നയിൽ പ്രാണനെ പ്രവർത്തിപ്പിക്കുന്ന യോഗിക്കു് ഉണ്ടാകുന്നു. ഇതാണു് പ്രകൃതമൈഥുനം. അല്ലാതുള്ള മൈഥുനം ഗർദ്ദഭരതം മാത്രമാണു്.

വിജയതന്ത്രത്തിലും ഈ അർത്ഥത്തെത്തന്നെ പറയുന്നു.

"കുലകുണ്ഡലിനീ ശക്തിഃ
ദേഹിനോ ദേഹധാരിണീ
തഥാ ശിവസ്യസംയോഗോ
മൈഥുനം പരികീർത്തിതം''

ദൈവയാമള തന്ത്രത്തിൽ ഇങ്ങനെ കാണുന്നു.

"യാ നാഡീ സൂക്ഷ്മരൂപാ പരമപദഗതാ
സേവനീയാ സുഷുമ്നാ
സാ കാന്താലിങ്ഗനാർഹാ ന മനുജരമണീ
സുന്ദരീ വാരയോഷിത്
കുര്യാച്ചന്ദ്രാർക്കയോഗേ യുഗപവനഗതേ
മൈഥുനം നൈവ യോനൗ
യോഗീന്ദ്രോ വിശ്വവന്ദ്യഃ സുഖമയഭവനേ
താം പരിഷ്വജ്യ നിത്യം''

പരമാനന്ദപ്രാപ്തയായി സൂക്ഷ്മരൂപയായിരിക്കുന്ന സുഷുമ്നാനാഡിയാണു് ആലിംഗ

നയോഗ്യയും സേവനീയയുമായ കാന്ത; മനുഷ്യസുന്ദരിയായ വേശ്യയല്ല. സുഷുമ്നയുടെ പരബ്രഹ്മത്തോടുകൂടിയുള്ള യോഗമാണ മൈഥുനം; സ്ത്രീ സംഭോഗമല്ല. വിശ്വവന്ദ്യനായ യോഗീന്ദ്രൻ ഈ സുഷുമ്നാഭോഗത്തിൽ തന്നെ ആനന്ദിക്കുന്നു.

ഇങ്ങനെ പഞ്ച 'മ' കാരങ്ങൾക്ക് ആദ്ധ്യാത്മികമായ അർത്ഥമാണുള്ളതെന്നും കേവലം ബാഹ്യമല്ലെന്നും വ്യക്തമായല്ലോ. ബാഹ്യാർത്ഥംമാത്രം ധരിച്ചു പഞ്ച 'മ' കാരങ്ങളെ ശീലിച്ചിട്ട് ചിലസാധകന്മാർ എത്രയും അധഃപതിച്ചുപോയിട്ടുണ്ട്. ഏതാദൃശന്മാരായ താമസികസാധകന്മാരുടെ ആചാരങ്ങളെ കണ്ടിട്ടാണ് ജനങ്ങൾ വാമാചരത്തെ അവജ്ഞയോടുകൂടി നോക്കുന്നത്. വാമാചാരം പഞ്ച 'മ'കാരങ്ങൾ എന്നെല്ലാം കേൾക്കുമ്പോൾ ആളുകൾക്കു ജുഗുപ്സയുണ്ടാകുന്നതിനു കാരണം അതാണ്. ഭൗതികഭോഗാസക്തന് ഒരിക്കലും വാമാചാരത്തിൽ മുമ്പോട്ടുപോകാൻ സാധിക്കയില്ല. യോഗസിദ്ധനായ ഒരു സാത്വിക ഗുരുവിൻെറ നിർദ്ദേശപ്രകാരം വേണം സാധകൻ പഞ്ച'മ'കാരങ്ങൾ ശീലിക്കേണ്ടതു്. അങ്ങനെയുള്ളവർക്കു മാത്രമേ പരമാനന്ദപ്രാപ്തിയുണ്ടാകുകയുള്ളൂ. മേരുതന്ത്രത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

''പരദ്രവ്യേഷു യോഽന്ധശ്ച
പരസ്ത്രീഷു നപുംസകഃ
പരാപവാദേ യോ മൂകഃ
സർവ്വദാ വിജിതേന്ദ്രിയഃ
തസ്യൈവ ബ്രാഹ്മണസ്യാത്ര
വാമേ സ്യാദധികാരിതാ''

യാതൊരുവൻ പരദ്രവ്യങ്ങളിൽ അന്ധനും, പരസ്ത്രീകളിൽ നപുംസകനും, പരാപവാദത്തിങ്കൽ മൂകനും, സർവ്വദാ ഇന്ദ്രിയങ്ങളെ ജയിച്ചവനും ആണോ ആ ബ്രാഹ്മണന്നു മാത്രമേ വാമാചാരത്തിൽ അധികാരമുള്ളൂ.

പുരശ്ചര്യാർണ്ണവത്തിൽ ഈ വിധം കാണുന്നു.

''അയം സർവ്വോത്തമോ ധർമ്മഃ
ശിവോക്തഃ സർവ്വസിദ്ധിദഃ
ജിതേന്ദ്രിയസ്യ സുലഭോ
നാന്യസ്യാനന്തജന്മഭിഃ''

ശിവനാൽ ഉപദേശിക്കപ്പെട്ടതും സർവ്വസിദ്ധിപ്രദവും സർവ്വോത്തമവുമായ ഈ ധർമ്മം ജിതേന്ദ്രിയന്നു സുലഭമാണ്. അല്ലാത്തവർക്ക് അനന്തജന്മങ്ങൾകൊണ്ടും അപ്രാപ്യംതന്നെ.

തന്ത്രോപദേഷ്ടാക്കളായ മഹർഷികളും വാമാചാരത്തിൻെറ ബാഹ്യാർത്ഥത്തിൽ ഭ്രമിച്ചു ജനങ്ങൾ അധഃപതിച്ചേക്കുമെന്ന് അറിയുന്നുണ്ട്. അതുകൊണ്ട് ഭാവചൂഡാമണിയിൽ ഇങ്ങനെ ഉപദേശിക്കുന്നു.

''തന്ത്രാണാമതിഗൂഢത്വാൽ
തദ്ഭാവോഽപ്യതിഗോപിതഃ
ബ്രാഹ്മണോ വേദശാസ്ത്രാർത്ഥ
തത്വജ്ഞോ ബുദ്ധിമാൻ വശീ
ഗൂഢതന്ത്രാർത്ഥ ഭാവസ്യ
നിർമ്മഥ്യോദ്ധരണേ ക്ഷമഃ
വാമമാർഗ്ഗേഽധികാരീ സ്യാ
ദിതരോ ദുഃഖഭാഗ്ഭവേൽ''

തന്ത്രങ്ങൾ ഏററവും രഹസ്യങ്ങളായതുകൊണ്ട് അവയുടെ ഭാവവും എത്രയും ഗോപനം ചെയ്യപ്പെട്ടിരിക്കുന്നു. വേദശാസ്ത്രാർത്ഥതത്വജ്ഞനും ബുദ്ധിമാനും ജിതേന്ദ്രിയനുമായ ബ്രാഹ്മണൻ മാത്രമാണ് തന്ത്രങ്ങളെ നിർമ്മഥനം ചെയ്ത് അവയുടെ ഗൂഢാർത്ഥഭാവങ്ങളെ ഉദ്ധരിക്കാൻ സമർത്ഥൻ.

# ഉത്തര രാമ ചരിതം

## ഒരു വിമശ്ശം

പി. ശേഷാദ്രിഅയ്യർ ബി. എ. എം. എൽ.

"ഉത്തരേ രാമചരിതേ ഭവഭൂതി
വ്ശിഷ്യതേ "

എന്നുള്ള വിഖ്യാതമായ ശ്ലോകാദ്ധം ഉത്തരരാമചരിതത്തിൻെറ പ്രശസ്തിയെ ഉദ്ഘോഷണം ചെയ്യുന്നുണ്ട്. ഇതിലെ ഇതിവൃത്താം രാമായണത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്. വാല്മീകിരാമായണത്തിൽ സീതാപരിത്യാഗം സീതയുടെ. വാല്മീക്യാശ്രമവാസം, സീതയുടെ പുനഃസമാഗമം, പെട്ടെന്നുള്ള സീതയുടെ ഭൂഗർഭപ്രവേശം ഇത്രയുമാണ് വണ്ണിച്ചിട്ടുള്ളതു്. എന്നാൽ പ്രസ്തുതനാടകത്തിൽ സീതയുടെ രസാതലവാസം, ലവനും ചന്ദ്രകേതുവുമായുള്ള യുദ്ധം, ശ്രീരാമനുമായുള്ള പുനഃസമാഗമം മുതലായവ ഭവഭൂതിയുടെ സ്വകപോലകല്പിതങ്ങളായ രംഗങ്ങളാണ്. ഇങ്ങനെ ഭിന്നമായ പന്ഥാവിൽക്കൂടെ സഞ്ചരിച്ച് തൻെറ ഭാവനാശക്തിയേയും രസജ്ഞതയേയും ഭവഭൂതി വിശദമാക്കുന്നു.

ചിത്രദശ്നനം എന്ന പ്രഥമാങ്കത്തോടുകൂടി കഥ ആരംഭിക്കുന്നു. ഈ ചിത്രദശ്നനം കവിയുടെ കലാകൗശലത്തിൻെറ ഒരു നിദശ്നനമാണ്. ഇതിൽ സീതാരാമന്മാരുടെ പൂവ്വവൃത്താന്തമാണ് പ്രദശിപ്പിച്ചിരിക്കുന്നതു്. പൂവ്വകഥാഭാഗത്തെ സംക്ഷിപ്തമായി പറയുക എന്നതാണ് കവിയുടെ ഉദ്ദേശ്യം. സീതാരാമന്മാരുടെ നിസ്സീമവും അലൗകികവും സുദൃഢവുമായ പ്രണയത്തെ പ്രദശിപ്പിക്കുക എന്നതാണ് ഇവിടത്തെ ആവശ്യം. അതു നേരത്തേ ഗ്രഹിച്ചില്ലെങ്കിൽ സീതാനിവ്വാസത്തിൻെറ ഭയങ്കരത സുഗ്രാഹ്യമാകയില്ല. സീതയുടെ നിവ്വാസം സാമാന്യമായ ഒരു ഭായ്യാവിയോഗമല്ല. അപ്രകാരം ഒരു വിയോഗം സാധാരണ ജനങ്ങൾക്കു ക്ലേശകരവും മമ്മഭേദകവുമാണ്. ബാല്യത്തിൽ ക്രീഡാസഖിയും കൗമാരത്തിൽ ജീവനസുഖദായിനിയും യൗവ്വനത്തിൽ സൗന്ദയ്യാദശസ്വരൂപിണിയും വാദ്ധക്യത്തിൽ

---

തന്ത്രങ്ങളിൽ മദ്യപാനാദികൾ ചെയ്യുന്നവനു ഭയങ്കരമായ ശിക്ഷ വിധിക്കുന്നുണ്ട്. എന്നുതന്നെയല്ല, മദ്യപാനാദികൾ ചെയ്യുന്നവരെല്ലാം സിദ്ധന്മാരാകുമെങ്കിൽ ദിവസവും അപ്രകാരം ചെയ്തുകൊണ്ടിരിക്കുന്ന പാമരന്മാർ എന്തുകൊണ്ട് സദ്ധിയെ പ്രാപിക്കുന്നില്ല എന്നുകൂടി താന്ത്രിസിദ്ധന്മാർ ചോദിക്കുന്നു.

പലരുടെയും വഴിപിഴച്ച ആചാരങ്ങൾ നിമിത്തം വാമാചാരം അധഃപതിച്ചിരിക്കുന്നു. അതിൻെറ വാസ്തവികമായ അത്ഥം വാമാചാരികൾ എന്ന് അഭിമാനിക്കുന്നവർ കൂടി മറന്നുപോയിരിക്കുന്നു. അതുകൊണ്ടാണ് വാമാചാരാന്തർഗതമായ പഞ്ചമകാരങ്ങളെപ്പററി അല്പമൊന്നുപന്യസിച്ചതു്.

ജീവിതാവലംബിനിയും ആയ വല്ലഭയെ ഗുണാപകഷം പറഞ്ഞു എന്നു കേട്ടു ആക്ക് ത്യജിക്കാൻ സാധിക്കും? ഗൃഹത്തിൽ ദാസിയും ശയനത്തിൽ അപ്സരസ്സും വിപത്തിൽ ബന്ധുവും രോഗത്തിന് ഔഷധവും കാര്യങ്ങളിൽ മന്ത്രിയും ക്രീഡകളിൽ സഖിയും വിദ്യയിൽ ശിഷ്യയും ധമ്മത്തിൽ ഗുരുവും ആയ പ്രിയപത്നിയെ കേവലം ജനാപവാദശങ്കനിമിത്തം ആക്കുപേക്ഷിക്കാൻ സാധിക്കും? അതു ചെയ്യുന്നതോ - രാമനെപ്പോലെ സദ്ഗുണസമ്പന്നനായ ഒരു മഹാപുരുഷൻ. അദ്ദേഹം പ്രിയയുടെ സ്പശമാത്രത്തിൽ തന്നെ അസ്ഥിരചിത്തനായിട്ട് ഇപ്രകാരം പറയുന്നു.

"ഹാ! ഹാ! മേ നിശ്ചയിപ്പാൻ പണിയിതു
 സുഖമോ ദുഃഖമോ നിദ്രതാനോ
മോഹം താനോ മദംവാ സുമുഖി വിഷ
 മതിൻ വ്യാപ്തിയോ എന്നുമിപ്പോൾ
ദേഹസ്പശങ്ങൾ തോറും തരുണി മമ
 വികാരത്തിനാലിന്ദ്രിയൌഘം
മോഹിക്കുന്നു മനസ്സിൽ കളമൊഴി
 തെളിവും മൂടലും ചേത്തിടുന്നു."

സീതയുടെ വചനങ്ങൾ അദ്ദേഹത്തിന് അമൃതവഷമാണ്.

"പുത്തൻതേന്മൊഴി നിന്റെയീസുവ-
 ചനം വാടീട്ടമെൻ ജീവനാം
നൽതാരിന്നുവികാസവും പ്രിയതമേ
 നല്കുന്നിതാനന്ദവും
അത്യന്തം സകലേന്ദ്രിയത്തിനുമഹോ
 മോഹം വളക്കുന്നു മേ
ചിത്തത്തിന്നുരസായനം പുന്നരിതെൻ
 കണ്ണത്തിനോത്താൽ സുധാ."

ശ്രീരാമന്റെ ബാഹുവാകട്ടെ സീതയുടെ ചിരകാലികമായ ഉപധാനമാണ്.

"കരംപിടിച്ചനാൾമുതൽ
 ഗൃഹത്തിലും വനത്തിലും
വരാംഗി ശൈശവത്തിലും
 തഥൈവ യൗവ്വനത്തിലും
പരം നിനക്കുറങ്ങുവാൻ
 മൃദൂപധാനമോക്ക മ-
റ്റൊരാരംബുജാക്ഷിയെ തൊടാത്ത
 രാമബാഹുവല്ലയോ."

ഇപ്രകാരമുള്ള സീതാദേവി മാതൃകാധമ്മപത്നിക്ക് മകുടോദാഹരണമാണ്.

"എന്നില്ലത്തിന്നുലക്ഷ്മീ സ്വയമിവൾ
 നയനങ്ങൾക്കു പീയൂഷധാരാ
തന്നംഗസ്പശമോയെൻ തനുവിനു
 ബഹുവാം ചന്ദനച്ചാറുതന്നെ
എന്നല്ലിക്കൈഗളത്തിന്നതി
 ശിശിരമതാം ചാരുഹാരം........."

ഈ രൂപത്തിലാണ് ശ്രീരാമൻ തന്റെ സഹധമ്മചാരിണിയെ കാണുന്നതു്. ഇങ്ങനെയുള്ള സഹധമ്മിണിയുടെ നിവ്വാസം എത്ര ഭയങ്കരം! എത്ര മമ്മഭേദകം!!

മൂന്നാമങ്കത്തിലെ വിരഹതാപത്തിന്റെ അസഹ്യത പ്രസ്പഷ്ടമാക്കാനാണ് കവി ഒന്നാമങ്കത്തിൽ പരിശുദ്ധപ്രണയത്തെ വിശേഷരീതിയൽ ചിത്രണം ചെയ്തിരിക്കുന്നതു്. ആ മനോമോഹിനിയുടെ അവസ്ഥയെപ്പററി നമുക്കു ചിന്തിക്കാം. ബന്ധുവിയോഗഖിന്നയും ഗഭിണിയുമായ സീതയുടെ വിനോദത്തിനുവേണ്ടി ചിത്രം ആനയിക്കപ്പെടുന്നു. സീതയുടെ അഗ്നിശുദ്ധിവരെയുള്ള ഘട്ടം പ്രദശിപ്പിക്കുന്നു. ഈ ചിത്രദശനം ആദ്യന്തം സ്നേഹപരിപൂണ്ണമാണ്. അഗ്നിശുദ്ധി എന്നു കേൾക്കുമ്പോൾതന്നെ സീതയുടെ അപമാനത്തെയും പീഡകളേയും സ്മരിച്ച് ശ്രീരാമൻ പശ്ചാത്തപിക്കുന്നു. അപ്പോൾ

സീത സമാധാനപ്പെടുത്തുന്നുണ്ട്. "ഇരിക്കട്ടെ ആര്യപുത്ര, ഇരിക്കട്ടെ, വരിക, നമുക്ക് ആര്യപുത്രൻെറ ചരിതം കാണാം". ഈ വാക്കുകളിൽ എത്രമാത്രം പ്രേമം ഉൾക്കൊള്ളുന്നു എന്നു നോക്കുക. മിഥിലാവൃത്താന്തസമയത്ത് സീതാദേവി രാമൻെറ ചിത്രം കണ്ടിട്ട് "അഹോ പ്രഫുല്ലമായ നവനീലോല്പലം പോലെ ശ്യാമളവും സ്നിഗ്ദ്ധകോമളവും ശോഭാവിശിഷ്ടവുമായ ദേഹസൗഭാഗ്യം! വിസ്മയസ്മിതനായ താതനാൽ ദൃശ്യമാനനായി, അനാദരേണ ശങ്കരധനുസ്സു ഭഞ്ജിച്ചുകൊണ്ട് ശിഖണ്ഡമുക്തമായ മുഖമണ്ഡലത്തോടുകൂടി ആര്യപുത്രൻ എത്രസുന്ദരനായി ആലിഖിതനായിരിക്കുന്നു".

സീതയുടെ മധുരരൂപത്തെ സ്മരിച്ചുകൊണ്ട് ശ്രീരാമൻ പറയുകയാണ്.

"വീണിട്ടൊട്ടിടവിട്ടുമായിടകളിൽ
സ്വല്പം മുളച്ചും മിഴി-
ക്കാനന്ദത്തെവളൎത്ത ദന്തനിരയാൽ
ശോഭിച്ചവക്ത്രാബ്ജവും
താനേ ചെന്നവിലാസഭംഗിമൃദുതാ
ലാവണ്യവും പൂണ്ടുകൊ-
ണ്ടാനന്ദാതിശയത്തെയെൻെറ
തനുവിന്നംഗങ്ങളാൽ നൽകിനാൾ".

ഉടൻ ഗോദാവരീതീരത്തെപ്പററിയുള്ള
സ്മരണ ഉണ്ടാകുന്നു.

"നാമോരോഭുജവല്ലികൊണ്ടു
ദൃഢമായാലിംഗനംചെയ്തതി-
പ്രേമത്തോടുകവിൾത്തടം കവിളതിൽ
ചേൎത്തുംത്രയും മന്ദമായ്
സാമോദം ക്രമമെന്നിയേ പലതു
മന്നൊട്ടൊട്ടുചൊല്ലും വിധൌ
യാമംപോയതറിഞ്ഞിടാത്തവിധമായ്
ത്തന്നേ കഴിഞ്ഞു നിശാ."

യമുനാതടത്തിലെ ശ്യാമവടത്തെസ്മരിച്ചുകൊണ്ടു പറയുന്നഭാഗം നോക്കുക.

"ഒട്ടല്ലാതെ തളൎന്നലഞ്ഞുഗമനാ
കൊണ്ടെങ്കിലും രമ്യമായ്
കെട്ടിച്ചേൎത്തുപുണൎന്നു മൎദ്ദനസുഖം
പാരം ലഭിച്ചുള്ളതായ്
പെട്ടിച്ചുള്ള ബിസാംകണക്കബലമായ
ങ്കത്തെയെല്ലാമെട്ടു-
ത്തിട്ടെൻമാറതിലന്നുറങ്ങിയതി
ട്ടിക്കിൽ വച്ചല്ലയോ."

നിദ്രയിൽ നിന്നുണൎന്നപ്പോൾ രാമനെ കാണാഞ്ഞിട്ട് കൃത്രിമകോപം നടിച്ചുകൊണ്ട് സീതപറയുകയാണ്. "ആട്ടേ ഞാൻ അദ്ദേഹത്തോടു കോപിച്ചേയ്ക്കാം അദ്ദേഹത്തെ കാണുമ്പോൾ എനിക്കു അതിനു ശക്തിയുണ്ടെങ്കിൽ" ഈ വാക്കുകളിൽ എത്ര ഗാഢവും നിൎമ്മലവും സുന്ദരവുമായ പ്രേമമാണ് നാം കാണുന്നത്. കവിതാകൗശലനിദൎശനമായ ചിത്രദൎശനം ഈ നിൎമ്മലപ്രേമത്തെ അനന്തസുന്ദരമാക്കിത്തീൎക്കുന്നു.

ചിത്രദൎശനാവസാനത്തിൽ സീത ഉറങ്ങിപ്പോകുന്നു. തദവസരത്തിൽ ദുൎമ്മുഖൻ വന്നു് സീതാപവാദവൃത്താന്തം രാമനെ അറിയിക്കുന്നു. സീതയെ ഉപേക്ഷിക്കണമെന്നു് ശ്രീരാമൻ നിൎദ്ദയം നിശ്ചയിക്കയും ചെയ്യുന്നു.

ഒന്നാമങ്കത്തിനും രണ്ടാമങ്കത്തിനും ഇടയിൽ പന്ത്രണ്ടു വത്സരങ്ങൾ കഴിയുന്നു. ഈ ദ്വാദശവൎഷങ്ങൾക്കിടയിൽ സീത രണ്ടു സന്താനങ്ങളെ പ്രസവിക്കുകയും കുമാരന്മാർ വാല്മീകിയുടെ ആശ്രമത്തിൽ പാലിക്കപ്പെടുകയും, വാല്മീകിയുടെ ശിക്ഷണത്തിനു വിധേയരായി വിദ്യാസമ്പന്നരാകയും ചെയ്യുന്നു. ശ്രീരാമൻെറ വരദാനം നിമിത്തം ദിവ്യാസ്ത്രങ്ങൾ അവരെ

സ്വയം പ്രാപിച്ചിട്ടുണ്ട്. ലക്ഷ്മണ പുത്രനായ ചന്ദ്രകേതു യജ്ഞാശ്വത്തെ രക്ഷിച്ചുകൊണ്ട് സഞ്ചരിക്കുന്നു. ഇതിനിടയിൽ ഒരു ദിവസം ദൈവാദേശത്താൽ ശംബൂകൻ എന്ന ഒരു ശൂദ്രതാപസൻ ഘോരമായ തപസ്സാചരിക്കുന്നു എന്നും തന്മൂലം രാജ്യത്തിൽ അകാലമരണം സംഭവിക്കുന്നു എന്നും ശ്രീരാമൻ അറിയുന്നു. ആ ക്ഷുദ്രതാപസനെ വധിക്കുവാനായി ശ്രീരാമൻ സായുധനായി ശംബൂകൻ തപസ്സുചെയ്യുന്ന സ്ഥലമായ പഞ്ചവടിയിൽ വന്നുചേരുന്നതാണ് അടുത്ത ഘട്ടം. ദ്വിതീയാങ്കവിഷ്കംഭത്തിൽ മുനിപത്നി ആത്രേയിയും വനദേവത വാസന്തിയും തമ്മിലുള്ള സംഭാഷണത്തിൽ നിന്നും പ്രസ്തുതവിവരങ്ങൾ നമുക്കു മനസ്സിലാകുന്നു.

ഭവഭൂതിയുടെ വിഷ്കംഭങ്ങളെല്ലാം തന്നെ അത്യന്തം രമണീയങ്ങളായിട്ടുണ്ട്. ഒരിടത്തു വിദുഷിയായ ഋഷിപത്നി, മററൊരിടത്തു പ്രേമസ്വരൂപിണിയായ വനദേവത ഇനിയൊരിടത്തു തമസാമുരളാനദികൾ, പിന്നെയൊരിടത്തു് വിദ്യാധരവിദ്യാധരികൾ ഇങ്ങനെ സവ്വത്ര സൗന്ദര്യ സമ്പൂർണ്ണമായ സൃഷ്ടികൾമൂലം വിഷ്കംഭങ്ങൾ അത്യന്തം മനോഹരങ്ങളായിത്തീന്നിട്ടുണ്ട്. ദ്വിതീയാങ്കത്തിന്റെ ആരംഭംതന്നെ അതീവ സുന്ദരമാണ്. അധ്വഗവേഷയായ താപസി പറയുന്നു "അയേ ഈ വനദേവത ഫലകുസുമപല്ലവാർഘ്യംകൊണ്ട് എന്നെ സൽകരിക്കുന്നല്ലോ".

വിദ്യാപ്രദാനത്തെ ഉദ്ഘോഷിക്കുന്ന ആത്രേയിയുടെ വചസ്സ് എത്ര സുന്ദരമാണെന്നു നോക്കുക.

"തുല്യം ചൊല്ലിക്കൊടുക്കുന്നിതു ഗുരു
ജഡനും പ്രാജ്ഞനും വിദ്യയെത്താ-
നില്ലാതാക്കില്ലെവനും ഗ്രഹണ
പടുതയെത്താൻ കൊടുക്കാറുമില്ല
തെല്ലും മൺകട്ടബിംബത്തിനെ വിമല
മണിക്കൊപ്പമായുൾഗ്രഹിക്കു-
ന്നില്ലൗവ്വണ്ണം ഫലം കൊണ്ടവരിരുവരു
മായേററവും ഭേദമുണ്ടാം".

ശ്രീരാമചന്ദ്രൻ ശംബൂകനെ അന്വേഷിച്ചന്വേഷിച്ച് പഞ്ചവടീവനത്തിൽ എത്തുകയും ഖഡ്ഗാഘാതം ഏല്പിച്ചു ശംബൂകനെ നിഗ്രഹിക്കയും ചെയ്യുന്നു. ശാപമുക്തനായി ദിവ്യരൂപം ധരിച്ച ശംബൂകൻ രാമനെ നമസ്കരിച്ചശേഷം പൂവ്വപരിചിതങ്ങളായ ജനസ്ഥാനാദി സ്ഥാനങ്ങളെ കാണിച്ചുകൊടുക്കുന്നു. ഇരുവരുടേയും കഥോപകഥനങ്ങളിലുള്ള വനവണ്ണന അത്യന്തം മനോജ്ഞവും പ്രകൃതിരാമണീയകത്തെ സവിശേഷം ചിത്രീകരിക്കുന്നതും ആകുന്നു. ഉദാഹരണാത്ഥം ഏതാനും ശ്ലോകങ്ങൾ താഴെ ഉദ്ധരിക്കാം.

"ക്ഷോണീധ്രം തീത്ഥഗത്താശ്രമനദി
കൾ കൊടും കാടുമൾചേന്നുമുന്നിൽ
കാണുന്നുമുന്നമെന്നാൽ ചിരപരി
ചതമാം ദണ്ഡകാരണ്യഭാഗം
ചേണാന്നാശ്യാമമായിട്ടൊരുദിശി
വെളിവായ് ഭീമമായ്മററൊരേടം
വീണീടുന്നു മുഴങ്ങിഗ്ഗിരിനദികളു
മിക്കാട്ടിലോരോസ്ഥലത്തിൽ".

"കേൾക്കുന്നുണ്ടുഗ്രജന്തു ധ്വനിയവിടെ
യനങ്ങാതെ നിശ്ശബ്ദമായി-
ട്ടിക്കെല്ലാം സുപ്തസപ്പശ്വസിത വിഷ
മണഞ്ഞഗ്നികത്തുന്നു തത്ര,

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

ഇക്കണ്ടിൽ തെല്ലുമില്ലേ ജലലവമിവിടെ
ദ്രാഹമോടോന്തശേഷം
നക്കുന്നുണ്ടിപ്പെരുമ്പാമ്പിനുടെ തനുവിയ-
ന്നൂഷ്മാവിച്ചുള്ള വെള്ളം."

"വാനീരത്തിൽ മദിച്ചു പക്ഷികളിരിക്കു-
മ്പോൾ കൊഴിഞ്ഞുള്ള നൽ-
സൂനംകൊണ്ടു സുഗന്ധമാർന്നതി തണുപ്പു
ള്ള സ്വച്ഛവെള്ളത്തോടും
താനേകായ്ക്കൾ പഴുത്തു നീലനിറമാം
ജംബൂവനേ മുട്ടിവൻ-
ധ്വാനത്തോടൊഴുകുന്ന ചോലകളിതാ
നാനാവഴിക്കീവനേ."

"പൊന്തുന്ന പൊത്തിൽവാഴും കരടികൾ
മദമാർന്നേററമാസ്യാംബുലേശം
ചിന്തുംവണ്ണം മുഴക്കും ധ്വനിയെതിർ
നിനദംകൊണ്ടു ദീർഘിച്ചു മേന്മേൽ
ഇന്ദ്രക്കൊമ്പാന പൊട്ടിച്ചിഹ വിതറി
യതിൽ പാലൊലിച്ചുത്ഭവിക്കും
ഗന്ധംവ്യാപിച്ചിടുന്നുണ്ടതിസുരഭിയ
തായ് ശീതമായ് രൂക്ഷമായും."

"ദന്തീന്ദ്രൻ ഗണ്ഡമൂക്കോട്ടരസ്സിമദജലം
ചേർന്നവൃക്ഷങ്ങളോടും
പാദപന്മാരുള്ളിൽ വാഴും മൃദുപവനനി
ളക്കുന്ന കുഞ്ഞുങ്ങളോടും
അന്തർമ്മോദാൽ കളിക്കും കിടിപകുതി
ചവച്ചുള്ള മുത്തങ്ങ നീരിൻ
ഗന്ധത്തോടും വിളങ്ങും വനമിതു കുതുകം
നൽകയില്ലാക്കു തന്നെ."

"ഇക്കാർ മേഘങ്ങൾ തിങ്ങിക്കൊടുമുടി
കളിരുണ്ടിട്ടിതാ തെല്ലുതെക്കായ്
നിൽക്കുന്നു വീണ ഗോദാവരി ദരിയിൽ
മുഴങ്ങീടുമപ്പർവ്വതങ്ങൾ
ഊക്കോടും തമ്മിൽ മുട്ടിത്തിരനിര
ചിതറിക്കൊണ്ടു കുണ്ടുള്ളതാമി
ട്ടിക്കിൽ പുണ്യങ്ങളായിപ്പുഴകളു മതി
ഘോഷേണ ചേരുന്നുഘോഷം."

തൃതീയാങ്കത്തിലെ വിഷ്കംഭവും അതീവ രമണീയംതന്നെയാണ്. ഗോദാവരീസമ്മിളിതയായ തമസാ, മുരളാ എന്ന രണ്ടു നദികൾ രൂപം ധരിച്ചു ശ്രീരാമൻേറയും സീതയുടേയും വൃത്താന്തങ്ങളെ അറിയിക്കുന്നു. ശ്രീരാമൻ സീതയെ ഉപേക്ഷിച്ചിട്ട് ഇപ്പോൾ പന്ത്രണ്ടുവഷം കഴിഞ്ഞിരിക്കുന്നു. ആദ്യത്തെ വിരഹം ദുഃഖഭ്രയിഷ്ഠമായിരുന്നു. കാലക്രമത്തിൽ വിരഹദുഃഖം കുറയുകയാണ് ലോകസ്വഭാവം. എന്നാൽ ശ്രീരാമൻെറ കാര്യത്തിൽ അനുഭവം നേരെ മറിച്ചായിരുന്നു. അദ്ദേഹത്തിൻെറ അനുഭവമാകട്ടെ;

"ഉരുഗാംഭീര്യാകൊണ്ടുഴൽ പുറമേ
കാട്ടാതകത്തൊതുക്കുകയാൽ
ഒരു പുടപാകംപോലെ പരിതാപം
ഹൃദി നിറഞ്ഞിരിക്കുന്നു."

ഇങ്ങനെ സന്താപത്താൽ ദഗ്ദ്ധഹൃദയനായി, പരിക്ഷീണശരീരനായി ശ്രീരാമൻ രാജ്യകാര്യങ്ങളെ അനുഷ്ഠിച്ചുപോന്നു. ഇപ്പോൾ പഞ്ചവടിയിൽ എത്തിയിരിക്കുന്ന അദ്ദേഹത്തിന് ധൈര്യാവലംബം യാതൊന്നുമില്ല. പൂർവ്വസ്മൃതി അദ്ദേഹത്തെ കൂടുതൽ പീഡിപ്പിക്കുന്നു. ദ്വാദശവത്സരങ്ങളായി തടഞ്ഞുനിറുത്തിയിരുന്ന ശോകപ്രവാഹം ഇതാ ഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെടുന്നു. മുരള ഗോദാവരിയെ വിളിച്ചുപറയുകയാണ്. "ഭഗവതി ഗോദാവരി! ഇടവിടാതെ മേൽക്കുമേൽ വദ്ധിച്ചുവരുന്ന ദീർഘവ്യസനത്താൽ ഇപ്പോൾ ഏററവും ക്ഷീണിച്ചിരിക്കുന്നു രാമഭദ്രൻ. അതുകൊണ്ടു ഭവതി:-

"പാരം നീരകണങ്ങൾ ചേർന്നു വളരെ
ശ്ശീതങ്ങളായ് ത്താമര-
ത്താരിന്നല്ലിയിലുള്ള നന്മണ മണിഞ്ഞു-
ള്ളോരുവായുക്കളെ

സൈ്വരം നീ തിരകൊണ്ടിളക്കി മൃദുവായ്
രാമന്നു മോഹം വരും
നേരത്തൊക്കെയയച്ചു ജീവനസുഖം നൽ-
കേണമെന്നിങ്ങനെ''
നിർദ്ദേശിക്കുന്നു.

രഘുകുല ദേവതയായ ഭാഗീരഥി ഈ ശോകാതപത്തിൽനിന്നും ശ്രീരാമനെ രക്ഷിക്കുന്നതിന് സർവ്വസന്താപഹാരിണിയായ ഒരു ഛായയെ ജനസ്ഥാനത്തിലയച്ചിരിക്കുന്നു. ഈ ഛായയെ അടിസ്ഥാനമാക്കി തൃതീയാങ്കത്തെ 'ഛായ' എന്നാണു കവി നാമകരണം ചെയ്തിരിക്കുന്നത്. ഈ ഛായ ബഹുകാല വിസ്മൃതയും പാതാള പ്രവിഷ്ടയും ഹതഭാഗ്യയും രാമമോഹിനിയുമായ സീതയുടെ ഛായയാണ്.

സീത ലവകുശന്മാരെ പ്രസവിച്ചു ഉടൻ ഭാഗീരഥിയും ഭൂമീദേവിയും കൂടി കുമാരന്മാരെ വാല്മീക്യാശ്രമത്തിൽ ആക്കിയിട്ട് സീതയെ പാതാളത്തിൽ താമസിപ്പിക്കുന്നു. കുശലവന്മാരുടെ ജന്മദിനം കൊണ്ടാടുന്നതിന് പതികുല കൂടസ്ഥനായ സൂര്യദേവന് സ്വഹസ്തരചിതമായ കുസുമാഞ്ജലി നൽകി ആരാധിക്കാൻ സീതയെ ഭാഗീരഥി ജനസ്ഥാനത്തു കൊണ്ടുവന്നിരിക്കുന്നു. ഛായാരൂപിണിയായ സീതയ്ക്കു് സകലരേയും കാണാം, എന്നാൽ സീതയെ ആർക്കും കാണാൻ സാധിക്കയില്ല. രാമൻ ജനസ്ഥാനത്തിലുണ്ടെന്നുള്ള വിവരം സീതയ്ക്കു അജ്ഞാതമാണ്. ജനസ്ഥാനത്തോടു സീതാദേവിക്ക് അതിയായ പ്രേമമാണുള്ളത്. രാമനോടുകൂടി ഈ വനത്തിൽ മുമ്പു വസിച്ചിരുന്ന കാലത്തു വനദേവതയായ വാസന്തിയുടെ സഖിയായിത്തീർന്നിരുന്നു. അന്ന് സല്ലകീപല്ലവങ്ങൾ നൽകി ഒരു ആനക്കുട്ടിയെ പുത്രനേപോലെ വളർത്തി. ഇപ്പോഴും അതു ജനസ്ഥാനം വിട്ടുപോയിട്ടില്ല. ഈ സമയത്തും അതു വധുവിനോടുകൂടി ജലപാനം ചെയ്യുകയായിരുന്നു. പെട്ടെന്നൊരു മത്തഗജേന്ദ്രൻ അതിനെ ആക്രമിച്ചതു സീത കണ്ടില്ല. വാസന്തികണ്ടു് സീതയോടുവിളിച്ചുപറയുന്നു. സീതയ്ക്കു് പെട്ടെന്നൊരു വിഭ്രാന്തിയുണ്ടായി ''ആര്യപുത്ര! എന്റെ പുത്രനെ രക്ഷിക്കുക'' എന്നു വിളിച്ചുപറയുന്നു. കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി ഉച്ചരിക്കാത്ത ''ആര്യപുത്രൻ'' എന്ന വാക്കു് ഉച്ചരിച്ചതിന്ന് അവസരത്തിൽതന്നെ സീത മൂർച്ഛിക്കുന്നു. എന്നാൽ ശ്രീരാമന്റെ കണ്ഠസ്വരം കേട്ടതോടുകൂടി സീതയുടെ മോഹാലസ്യം നീങ്ങി. എങ്കിലും കാണുവാനുള്ള ഉൽകണ്ഠ അത്രത്തോളം പ്രത്യക്ഷപ്പെട്ടില്ല. ''ഭാഗ്യത്താൽ ആ രാജാവ് രാജധർമ്മാനുഷ്ഠാനത്തിൽ ന്യൂനത വരുത്തുന്നില്ല'' എന്നുള്ള സമാധാനത്താൽ മനം മയങ്ങി പൂർവ്വകഥകൾ മറന്ന് ശ്രീരാമന്റെ കോമളാകൃതി ദർശിച്ചു ആനന്ദമടയുന്നു. ശ്രീരാമൻ വിരഹസന്തപ്തനായി മൂർച്ഛിക്കുന്നു. പരിതഃസ്ഥിതികൾ മറന്ന് സീത ശ്രീരാമനെ സ്പർശിച്ചു മോഹമകററുന്നു. അനിതരസാധാരണമായ ഒരു രാഗമാണ് അവിടെ ദൃശ്യമാകുന്നതു്. പരിസരങ്ങളുടെ മനോഹരത ഒരിടത്തു്, ഹൃദയസ്ഥിതികളുടെ വൈരുദ്ധ്യം മററൊരിടത്തു്. ഇവ കൂട്ടിയിണക്കി അത്യന്തം മനോഹരമായ രംഗസൃഷ്ടിയിൽ ഭവഭൂതി വിജയിക്കുന്നു. ഗിരിഗഹ്വരഗതമായ ഗോദാവരീനിർഝരിയുടെ ഗദ്ഗദനിനാദം- പരസ്പര പ്രതിഘാതസങ്കുലോത്തുംഗതരംഗിതമായ സരിത്സംഗമം ദക്ഷിണഭാഗത്തു ശ്യാമളവർണ്ണമായ അനന്തകാനനശ്രേണി- രാമ

ണീയങ്ങളായ ഈ ഭൂവിഭാഗങ്ങൾ ഇരുവരുടേയും മനസ്സിനെ ഹഠാദാകർഷിച്ചു. പൂർവ്വസ്മരണകൾ ഇരുവരേയും ആവേശിക്കുന്നു. ഒരിടത്തു് കദളീവനമദ്ധ്യവർത്തിയായ ശിലാതലത്തിൽ പൂർവ്വപ്രവാസകാലത്തു രാമൻ സീതയുടെ മടിയിൽ തലവച്ചു ശയിച്ചിരുന്നു. ഈ സ്ഥലത്തു വച്ചാണു് സീത ഹരിണക പോതങ്ങളെ തൃണാങ്കുരങ്ങൾ നൽകി വളർത്തിവന്നതു്. അവിടെ അല്പം ഇരുന്നു വിശ്രമിക്കാൻ ശ്രീരാമനോടു വാസന്തി പറയുന്നു. ശ്രീരാമനു് ഇരിക്കുന്നതിനു് ക്ഷമയുണ്ടാകുന്നില്ല. മുമ്പു പഞ്ചവടീവാസകാലത്തു് സീത ഒരു മയൂരശിശുവിനെ വളർത്തിയിരുന്നു. ഒരു കദംബവൃക്ഷത്തെ സ്വഹസ്തം കൊണ്ടു നട്ടുനനച്ചു് പോഷിപ്പിച്ചിരുന്നു. ആ കദംബവൃക്ഷത്തിന്റെ ഒന്നു രണ്ടു കുസുമങ്ങൾ ശ്രീരാമനു ദൃശ്യമായി. അന്നത്തെ മയൂരശിശു ഇന്നു് വധൂസമേതനായി ആ കദംബവൃക്ഷത്തിൽ നൃത്തം ചെയ്തുല്ലസിക്കുന്നു. പൂർവ്വകാലത്തു സീത മയൂരത്തെ നർത്തനവിദ്യ അഭ്യസിപ്പിക്കുന്നതും നൃത്തം കണ്ടു രസിക്കുന്നതിനു് സീതയുടെ കോമള ദൃഷ്ടികൾ പല്ലവങ്ങളുടെ ഇടയിൽ ഭ്രമണം ചെയ്യുന്നതും ശ്രീരാമനു് ഓർമ്മവന്നു. വാസന്തിയുടെ കുമാരലക്ഷ്മണനെപ്പററിയുള്ള കുശലങ്ങളും ദേവിയെ ഉപേക്ഷിച്ച കഠിനകൃത്യത്തെക്കുറിച്ചുള്ള സൂചനയും ശ്രീരാമനു് അസഹ്യമായിത്തോന്നി. വാസന്തി കരഞ്ഞുകൊണ്ടു "ദേവ! അങ്ങു് എത്രമാത്രം കഠിനഹൃദയനാണു്.

നിലാവൽ കണ്ണിന്നു നീ താൻ മമ
തനുവിന്നു നീ നല്ല പീയൂഷമാമെൻ
ജീവൻ നീതാൻ ദ്വിതീയം മമ
ഹൃദയമതാകുന്നു നീ സുന്ദരാംഗി.

ഏവം നീ ഇഷ്ടവാക്യം പലതു-
മനുസരിച്ചോതിയൊന്നിച്ചു വാണോ
പാവത്തെത്തന്നെ-കഷ്ടംശിവശിവ
യിനിഞാനെന്തിനോതുന്നു ശേഷം"

ഇത്യാദി പറഞ്ഞു മൂർച്ഛിക്കുകയും അനന്തരം ശ്രീരാമന്റെ കഠിനഹൃദയത്തെപ്പററി,

"അതികഠിന യശസ്സിന്നല്ലയോ
മോഹമങ്ങേ-
യ്ക്കിതിലുമധികമായിട്ടെന്തു
ദുഷ്കീർത്തിയുള്ളു,
സ്ഥിതിയവളുടെ എന്തായ്ത്തീർന്നു
ഹാഹന്തകാട്ടിൽ
ക്ഷിതിരമണ ഭവാനെന്തോർത്തീ-
ട്ടുന്നു കഥിക്ക"

എന്നു വീണ്ടും ശ്രീരാമനെ കുററപ്പെടുത്തുകയും ചെയ്യുന്നു. ശ്രീരാമൻ ഹൃദയവേദനയാലും അപരാധ ചിന്തയാലും ശോകസാഗരത്തിൽ മുങ്ങി. പ്രജാരഞ്ജനരൂപമായ കുലധർമ്മത്തെ രക്ഷിക്കാൻവേണ്ടിയാണു് മർമ്മഭേദകമെങ്കിലും സീതാപരിത്യാഗത്തിനു് താനുദ്യമിച്ചതു്. എന്നാൽ സീതാപരിത്യാഗം ഭയങ്കരമായ ദുഷ്കീർത്തിക്കു കാരണമായി. വനമദ്ധ്യത്തിൽ സീതയ്ക്കു് എന്തു സംഭവിച്ചു എന്നുള്ളതു് അജ്ഞാതമാണു്. അതിനെക്കാൾ ഗുരുതരമായ ഒരപരാധം ചെയ്യാനില്ല. ശ്രീരാമന്റെ ഹൃദയം തകർന്നു. "അയ്യോ! പ്രിയേ! ജാനകീ!" എന്നിങ്ങനെ വനമദ്ധ്യത്തുനിന്നു നിലവിളി കൂട്ടി. ശ്രീരാമന്റെ ദുസ്സഹമായ സങ്കടം കണ്ടു് വാസന്തി അദ്ദേഹത്തെ ജനസ്ഥാനത്തുനിന്നും അന്യസ്ഥലങ്ങളിലേക്കു് ആകർഷിക്കുന്നു. അവിടെയും വാസന്തിയുടെ അസഹിഷ്ണുത വിട്ടുമാറുന്നില്ല. വീണ്ടും പറയുന്നു—

"അന്നങ്ങിക്കുഞ്ജമദ്ധ്യേ പ്രിയയുടെ
വരവും നോക്കി വാണുകളിക്ക-
ന്നന്നത്തെക്കണ്ടു ഗോദവരിയിലവൾ
വിളംബിച്ചുപോയല്പനേരം
പിന്നെപ്പോഴും വിധൗ തേ വിരസത-
യുളവായ് വന്നു വോയെന്നു ശങ്കി
ച്ചൊന്നഞ്ചി പത്മമൊട്ടിൻ വടിവി
ലവൾ കരംക്രൂപ്പിനാൾ ഭംഗിയോടും"

ഇതുകേട്ട ശ്രീരാമൻ നാലുഭാഗത്തും സീതയെ ആരായുന്നു. "ഭവതിക്ക് എൻെറ മേൽ ദയതോന്നുന്നില്ലയോ ഹൃദയം പിളരുന്നതുപോലെയും സന്ധികൾ വേർപെടുന്നതുപോലെയും ഭുവനം ശൂന്യമായിത്തീരുന്നതുപോലെയും തോന്നുന്നു." ഛായാരൂപിണിയായ സീത ഈ സമയത്തെല്ലാം തമസയുടെ അടുത്തുതന്നെയുണ്ട്. വാസന്തി രാമനെ പീഡിപ്പിക്കുന്നതു കണ്ട് സീത മറയ്ക്കു് അവളെ നിന്ദിക്കുന്നുമുണ്ട്. പ്രസ്തുത രംഗത്തിൽ കരുണ രസത്തിൻെറ പാരമ്യത്തെ മേൽപറഞ്ഞ സംഭവങ്ങളെകൊണ്ട് ഭവഭൂതി പ്രസ്ഫുടമാക്കുന്നു. മൂർച്ഛയിൽനിന്നും ഉദ്ബുദ്ധനായ ശ്രീരാമന്ന് സീതാസ്പർശം ഏററ എന്ന് തോന്നി. എന്നാൽ സീത അദൃശ്യയാണ്. അസമാധാനചിത്തനായി രംഗംവെടിയുന്ന ശ്രീരാമനിൽ നിന്നും അശ്വമേധത്തിനായി സീതയുടെ ഒരു പ്രതിമ സ്വർണ്ണം കൊണ്ടുണ്ടാക്കി എന്നുള്ള വാർത്ത കേട്ടമാത്രയിൽ സീതയ്ക്കു പരിഭവം മുഴവൻ നശിക്കുന്നു. ഇപ്രകാരം തൃതീയാങ്കം അവസാനിക്കുന്നു.

അടുത്ത രംഗത്തിൽ വാല്മീകി പുതുതായി ഒരു നാടകം നിർമ്മിച്ചവിവരം പ്രഖ്യാപിതമാകുന്നു. അതു അഭിനയിച്ചുകാണുവാൻ പലരും ക്ഷണിക്കപ്പെട്ടിട്ടുണ്ട്. വസിഷ്ഠൻ, അരുന്ധതി, ജനകൻ, കൗസല്യ മുതലായവർ വാല്മീകിയാശ്രമത്തിൽ വന്നുചേരുന്നു. ലവൻെറ അത്ഭുത കാന്തിയും രാമനോടുള്ള സാദൃശ്യവും കണ്ട് കൗസല്യ ഔത്സുക്യത്തോടുകൂടി ആ ബാലനോടു സംസാരിക്കുന്നു.

ചന്ദ്രകേതു യാഗാശ്വത്തെ പിൻതുടൎന്ന് വാല്മീകിയാശ്രമത്തിനടുത്തു എത്തിയിട്ടുണ്ട്. മുമ്പിൽവന്ന സൈന്യവുമായി ലവൻകൂട്ടിമുട്ടുകയും അശ്വത്തെപിടിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു. പരസ്പരം ശത്രുതയിലാണെങ്കിലും ചന്ദ്രകേതുവും ലവനുമായി സംഭാഷണം ആരംഭിക്കുന്നു. ഈ സംഭാഷണത്തിൻെറ സൗജന്യഭാവവും സദ്വ്യവഹാരങ്ങളും ഭാരതീയസംസ്കാരത്തിൻെറ ഉത്തമ മാതൃകയ്ക്കു മകുടോദാഹരണമാണ്. സംഭാഷണം ക്രമേണ പരസ്പരവിരോധത്തിൽ കലാശിക്കുകയും ലവനും ചന്ദ്രകേതുവുമായി യുദ്ധത്തിൽ ഏർപ്പെടാൻ ഇടയാക്കുകയും ചെയ്യുന്നു. ലവൻെറ വീര്യപരാക്രമങ്ങളെ കവി സവിശേഷം വർണ്ണിക്കുന്നു.

"കുട്ടിക്കേസരികുംഭികുംഭപടലം
ഗർവ്വേണ താടിച്ചുടൻ
പൊട്ടിക്കുന്നളവംബരത്തി
ലിടി കേട്ടൊന്നങ്ങുനോക്കും വിധം."

ആണ് ലവൻെറ പുറപ്പാട്. ചന്ദ്രകേതുവും കുറയ്ക്കുന്നില്ല.

"സൈ്വരം ചാപമെടുത്തു ഭംഗിയിലഹങ്കാരത്തിനാൽ നോക്കിയെൻ
നേരിട്ടും ഭടരാത്തു പിന്നിലണയും
നേരത്തിലങ്ങോട്ടുമായ്
പാരാതോടിനടക്കുമിശ്ശിശുനാ
സീരൻെറ വില്ലുള്ളതായ്
ഘോരക്കാററതിലങ്ങുമിങ്ങു മിളകും
കാറോടുനേരാകുമേ."

എന്നുള്ള ചന്ദ്രകേതുവിൻെറ നിസ്സാര വാക്കുകൾ ഒന്നും തന്നെ ബാലനെ ക്ഷീണിപ്പിക്കുന്നില്ല. ബാലൻെറ നേക്കു പാഞ്ഞുകേറുന്ന ഭടന്മാരെ ചന്ദ്രകേതു നിവാരണം ചെയ്യുന്നതും ബാലനു രസിക്കുന്നില്ല. "ഏയ് എൻെറ മേൽ ഇത്ര ദയയുണ്ടോ?" എന്നു ഹാസ്യമായി പറഞ്ഞിട്ടു സധൈര്യം പോരാടുന്നു. ഇതു പോലുള്ള ഒരു രംഗം നാടകലോകത്തിൽ അപൂർവ്വമാണ്. ഭാരതീയ നാടകങ്ങളിലോ മററു സംസ്കൃതകൃതികളിലോ ഒന്നിലും തന്നെ ഇത്തരം രംഗങ്ങൾ ഉണ്ടായിട്ടുള്ളതായി അറിവില്ല. ലവൻെറ ജൃംഭകാസ്ത്രപ്രയോഗം അല്പം അസ്വാഭാവികമായി തോന്നാമെങ്കിലും അതിലെ വർണ്ണനാചാതുര്യം ശ്രദ്ധേയമാണ്:

"തിങ്ങിപ്പാതാളമദ്ധ്യേ നിറയുമിരുളിനും
　　തപ്തമായ് ദീപ്തിമേന്മേൽ
പൊങ്ങിടും പിച്ചളയ്ക്കും സദൃശനിറ
　　മിയന്നീടുമീജൃംഭകാസ്ത്രം
തിങ്ങുന്നു ഘോര ഘോര പ്രളയ
　　പവനനേററാശു പൊട്ടിത്തെറിക്കും
മിന്നൽകാർചേർന്ന വിന്ധ്യക്കൊടുമുടി
　　നിരപോലന്തരീക്ഷത്തിലെങ്ങും"

ലവന് ശ്രീരാമനുമായുള്ള രൂപസാദൃശ്യം കണ്ടു് സുമന്ത്രർക്കു് സംശയം ജനിക്കുന്നു. പക്ഷേ സീതയെപ്പററി യാതൊരറിവുമില്ല. അതു കൊണ്ടു്

"മൂന്നം നശിപ്പിച്ചൊരു വല്ലിയിങ്കൽ
പിന്നെ പ്രസൂനം കഥമൽഭവിക്കും"

എന്നു സമാധാനപ്പെടുന്നു.

ആറാമങ്കത്തിൻെറ വിഷ്കംഭം യുദ്ധവർണ്ണനയാണ്. വിദ്യാധരദമ്പതികൾ ആകാശമാർഗ്ഗത്തിൽ സ്ഥിതിചെയ്തുകൊണ്ടു് ലവൻെറയും ചന്ദ്രകേതുവിൻെറയും യുദ്ധം കാണുന്നതായിട്ടാണ് വർണ്ണിക്കപ്പെട്ടുന്നതു്. ഓജോഗുണപ്രധാനമായ പ്രസ്തുതഘട്ടം വർണ്ണ്യവിഷയത്തിനു് അനുഗുണമാംവിധം സംഘടിപ്പിച്ചിരിക്കുന്നതിൽ ഭവഭൂതിപ്രദർശിപ്പിച്ചിട്ടുള്ള പാടവം അന്യാദൃശമാണ്. ആഗ്നേയാസ്ത്രപ്രയോഗം വർണ്ണിക്കുന്നഘട്ടം ഇതിനുദാഹരമാണ്.

"ത്വഷ്ടാവു തൻെറ തിരിയുന്നൊരു
　　യന്ത്രമദ്ധ്യേ
പെട്ടാശു ചുററുമരുണ പ്രഭ
　　യൊത്ത കാന്ത്യാ
ചുട്ടീടുവാൻ ഝടിതി
　　വിഷ്ടപ മഷ്ടമൂർത്തി
പെട്ടെന്നുതൻ നിടിലദൃഷ്ടി
　　തുറന്നിരിക്കാം."

അതു പോലെ വരുണാസ്ത്രപ്രയോഗം വർണ്ണിക്കുന്ന ഘട്ടം നോക്കുക. "വലിയ കൊടുങ്കാററുകൊണ്ടിളകി അതിഗംഭീരമായി ഘോഷിക്കുന്ന മേഘങ്ങൾ നിമിത്തം വർദ്ധിച്ചിരിക്കുന്ന ക്രൂരിരിട്ടുകൊണ്ടു് നിബിഡമായി ബന്ധിക്കപ്പെട്ടിരിക്കുന്ന പ്രാണിജാലം ലോകത്തെയെല്ലാം ഒന്നിച്ചു ഭക്ഷിപ്പാനായി തുറന്നിരിക്കുന്ന ഭയങ്കരമായ സംഹാരരുദ്രൻെറ കണ്ഠത്തിനുള്ളിലകപ്പെട്ടുഴലുന്ന പോലെയും പ്രളയകാലത്തിൽ യോഗനിദ്രകൊണ്ടു് സകല ഭുവരങ്ങളേയും ബന്ധിച്ച മഹാവിഷ്ണുവിൻെറ ഉദരത്തിലകപ്പെട്ട പോലെയും വല്ലാതെ വിറയ്ക്കുന്നു."

യുദ്ധമദ്ധ്യേ ശ്രീരാമൻ വന്നുചേർന്ന് ഇരുവരേയും യുദ്ധത്തിൽനിന്നും പിൻതിരിപ്പിക്കുന്നു. ആഗതനായ മഹാപുരുഷൻ ശ്രീരാമചന്ദ്രനാണെന്നറിയുമ്പോൾ ലവൻ

വിനയാനമ്രനാകുന്നു. കുശൻ യുദ്ധവാർത്ത കേട്ട് കോപാക്രാന്തനായി അവിടെ വരുന്നുവെങ്കിലും ലവന്റെ വാക്കു കേട്ടു ശാന്തനാകുന്നു. ഇരുവരെയും ശ്രീരാമൻ ആലിംഗനം ചെയ്ത് പിതൃനിർവിശേഷമായ വാത്സല്യത്തോടുകൂടി കുശലപ്രശ്നം നടത്തിയശേഷം എല്ലാവരും ഒത്തൊരുമിച്ച് വാല്മീക്യാശ്രമത്തിൽ നാടകസന്ദർശനാർത്ഥം പുറപ്പെടുന്നു. സദസ്സിൽ അഭിവന്ദ്യരായ ദേവർഷിഗണങ്ങൾ മാത്രമല്ല, ബ്രാഹ്മണർ ക്ഷത്രിയർ തുടങ്ങിയുള്ള പൗരാവലിയും സന്ദർശനാർത്ഥം എത്തിയിട്ടുണ്ട്. അഭിനയം ആരംഭിക്കുന്നു. സീതാനിർവാസവൃത്താന്തമാണ് നാടകത്തിലെ പ്രഥമാംശം. സീതാ പരിത്യാഗം, സീതയുടെ കാതരത, ഗംഗാപ്രവാഹത്തിൽ ദേഹസമർപ്പണം, ലവകുശന്മാരുടെ ജനനം, ഗംഗയുടേയും ഭൂമിദേവിയുടേയും സഹായസഹകരണങ്ങൾ, ഇത്രയും അഭിനയിച്ചപ്പോഴേയ്ക്കും ശ്രീരാമൻ മൂർച്ഛിക്കുന്നു. അഭിനയം അവസാനിപ്പിക്കണേ എന്ന് ലക്ഷ്മണന്റെ അപേക്ഷ. പെട്ടെന്ന് അന്തരീക്ഷത്തിനൊരു മാററം. ദേവർഷികൾ ആകാശത്തിൽ വന്നു നിറയുന്നു. ഗംഗാഹ്രദം മഥിക്കപ്പെടുന്നു. ജലമദ്ധ്യത്തിൽനിന്നും അത്ഭുതകരമാംവണ്ണം ആവിർഭവിക്കുന്ന സീത, ശ്രീരാമനെ സ്പർശിച്ച് സചേതനനാക്കുന്നു. തുടർന്നുണ്ടാകുന്ന സംഭവങ്ങൾ അവർണ്ണനീയമാണ്. സർവ്വലോകവാസികളുടെ മുമ്പിൽ വച്ച് ദേവകൾ സീതയുടെ സതീത്വത്തെ അനുമോദിക്കുന്നു. അനന്തരം സപുത്രകളത്രനായി ശ്രീരാമൻ അയോദ്ധ്യയിലേക്ക് ഉത്സാഹപൂർവ്വം പുറപ്പെടുന്നു. ഇങ്ങനെ ഏഴാമങ്കം അവസാനിക്കുന്നു.

സംസ്കൃതനാടകകർത്താക്കളിൽ അഗ്രിമസ്ഥാനം വഹിക്കുന്ന കാളിദാസന്റെ വർണ്ണനാശക്തി സുപ്രസിദ്ധമാണ്. എന്നാൽ വർണ്ണനാശക്തിയിൽ ഭവഭൂതിയും ഒട്ടും പിന്നോക്കമല്ല. അതുല്യമായ ഉപമാപ്രയോഗംകൊണ്ട് അത്യന്തം മനോജ്ഞമാണ് കാളിദാസന്റെ രചന. ഭവഭൂതിയെ സംബന്ധിച്ച് ഉപമാപ്രയോഗം വിരളമാണ്. എന്നാൽ വർണ്ണ്യവിഷയം ഭവഭൂതിയുടെ തൂലികാഗ്രത്തിൽക്കൂടി ഒരു നവതേജസ്സോടുകൂടിയാണ് ബഹിർഗമിക്കുന്നത്. കാളിദാസൻ സുന്ദരവസ്തുക്കളെ ഓരോന്നായി ശേഖരിച്ച് ഏകത്ര സമ്മിളിതമാക്കുന്നു. ആ സുന്ദരസാമഗ്രികളിൽ കവിതാകൗശലത്തിന്റെ മാധുര്യം നിറയ്ക്കുന്നു. തദുപരി ഉപമകളെക്കൊണ്ട് അതീവസുന്ദരതരമാക്കുന്നു. മാധുര്യഗുണം പോലെ ഓരോ ഗുണപ്രകാശനത്തിൽ കാളിദാസനു മുൻഗണനയില്ല. ഭവഭൂതി നേരേ മറിച്ചാണ്. മധുരസാമഗ്രികളെ ഒരിടത്തു ശേഖരിക്കണമെന്നു മോഹമില്ല. വർണ്ണ്യവസ്തുക്കളുടെ പ്രധാനാംശം സമാഹരിച്ച് ചിത്രണം ചെയ്യുന്നതിലാണ് വൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചുകാണുന്നത്. ചിത്രം കൂടുതൽ സമുജ്ജ്വലവും സമാകർഷകവും ആകണമെന്നുള്ളതാണ് ഭവഭൂതിയുടെ പ്രധാന ഉദ്ദേശ്യം. മധുരഭാവത്തിൽ കാളിദാസനും ഉൽക്കടഭാവത്തിൽ ഭവഭൂതിയും അദ്വിതീയരാണ്. ഭവഭൂതിയുടെ ഉൽക്കടമായ വർണ്ണനാശക്തി രണ്ടും മൂന്നും അങ്കങ്ങളിൽ ജനസ്ഥാനപഞ്ചവടികളെ വർണ്ണിക്കുന്നതിലും ആറാമങ്കത്തിൽ കുമാരന്മാരുടെ യുദ്ധം വർണ്ണിക്കുന്നതിലും ആണ് സവിശേഷം പ്രകാശിക്കുന്നത്.

ഭവഭൂതിയുടെ ശ്രീരാമൻ രാമായണത്തിലെ നായകനെ അപേക്ഷിച്ച് അപ

രാധത്തിനു വിധേയനാണെന്നു വരുത്തിയിട്ടുണ്ട്. സാമ്രാജ്യപാലനം ഏകവ്രതമായി കരുതുന്ന രാജാക്കന്മാൎക്ക് പ്രജാരഞ്ജനം തന്നെയാണ് പരമമായ ധൎമ്മം. ഗ്രീക്കുകാരുടേയും റോമൻകാരുടേയും ചരിത്രങ്ങളിൽ ഇതിനുദാഹരണങ്ങൾ കാണുന്നുണ്ട്. പ്രജാഹിതത്തിനുവേണ്ടി ആത്മബലി കഴിക്കുന്ന രാജാവ് ഉത്തമനാണ് എന്ന് അവർ വിശ്വസിച്ചിരുന്നു. ബ്രൂട്ടസ്സ് സ്വപുത്രനു വധശിക്ഷവിധിച്ചതും ഈ ഉദ്ദേശത്തെ മുൻനിറുത്തിയാണ്. പ്രജകളുടെ പ്രിയത്തിനായികൊണ്ട് ഹിതവും അഹിതവുമായ കാൎയ്യങ്ങൾ അനുഷ്ഠിക്കുന്ന രാജാവിന്റെ രഞ്ജന പ്രവൃത്തി എല്ലായ്പോഴും ഗുണപ്രദമായിരിക്കണമെന്നില്ല. നെപ്പോളിയന്റെ യുദ്ധോദ്യമം ഇതിനുദാഹരണമാണ്. റോബസ് പീയർ, ഡാന്റോ എന്നിവർ ചെയ്ത പ്രജാവധങ്ങൾ അതിനീചങ്ങളായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഭവഭൂതിയുടെ ശ്രീരാമൻ പ്രജാരഞ്ജനകൎമ്മത്തിനു വശീഭൂതനായി സീതയെ ഉപേക്ഷിക്കുന്നു. പ്രജാരഞ്ജനം രാജാക്കന്മാരുടെ കൎത്തവ്യവും വിശേഷിച്ചു ഇക്ഷ്വാകുവംശജന്മാരുടെ കുലധൎമ്മവുമാണ്. അതുകൊണ്ടുതന്നെയാണ് അക്കാൎയ്യത്തിൽ അദ്ദേഹത്തിന് ഇത്രമാത്രം വ്യഗ്രതയുണ്ടാകുവാൻ കാരണം. അഷ്ടാവക്രന്റെ മുമ്പിൽ എന്താണ് അദ്ദേഹം പ്രതിജ്ഞ ചെയ്യുന്നത്.

"ജനമോദത്തിനു വേണ്ടി കനിവു
സുഖം സ്നേഹമോക്കിലതുമല്ല
ജനകാത്മജയെപ്പോലും മനമതി
ലഴലില്ലിനിക്കുപേക്ഷിപ്പാൻ"

അനന്തരം ദുൎമ്മുഖനിൽ നിന്നും സീതാപവാദം കേട്ട മാത്രയിൽ

"എന്തെങ്കിലും ചെയ്തു മഹാജനങ്ങളിൽ
സംതൃപ്തി നല്കുന്നിതു സജ്ജനവ്രതം"

എന്ന തത്വത്തെ മുറുകെപ്പിടിക്കുന്നു. കുലധൎമ്മവും രാജധൎമ്മവും പാലിക്കുന്നതിനുവേണ്ടി പവിത്രയാണെന്നറിഞ്ഞിട്ടും പ്രിയപത്നിയെ ഉപേക്ഷിക്കുന്നു. രാമായണത്തിലെ രാമചന്ദ്രൻ വ്യത്യസ്തനാണ്. അദ്ദേഹവും സീത പവിത്രയാണെന്നറിഞ്ഞിട്ടുണ്ട്.

"അന്തരാത്മാ ച മേ വേത്തി
സീതാം ശുദ്ധാം യശസ്വിനീം"
(രാമാ.)

അദ്ദേഹം രാജകുലത്തിന് സംഭവിച്ച ദുഷ്കീൎത്തിശങ്കയ്ക്കു വശംവദനായിട്ടാണ് പതിവ്രതയായ സീതയെ പരിത്യജിക്കുന്നത്. ലോകാരാധനത്തിനു മാത്രം വേണ്ടിയല്ല.

ഭവഭൂതിയുടെ രാമചന്ദ്രൻ കോമളപ്രകൃതിയാണ്. അതു പക്ഷേ ചരിത്രപരമായ സമയവ്യത്യാസംകൊണ്ട് സംഭവിച്ചതായിരിക്കാം. രാമായണം അതിപ്രാചീനമായ ഒരു കൃതിയാണ്. അന്നു ആൎയ്യസമുദായം വീരയോദ്ധാക്കളാൽ പരിപാലിക്കപ്പെട്ടിരുന്നു. അതു തന്നെയാണ് രാമായണത്തിലെ ശ്രീരാമൻ "മഹാവീരൻ" ആയിക്കാണുന്നതു്. ഭവഭൂതിയുടെ കാലത്തു ഭാരതചരിത്രം വ്യത്യസ്തമായിരുന്നു. ഭോഗാകാംക്ഷയും അലസതയുംമൂലം അക്കാലത്തെ ചരിത്രപുരുഷന്മാർ കോമളപ്രകൃതികളായിരുന്നു. അതാണു ഭവഭൂതിയുടെ രാമചന്ദ്രൻ കോമളപ്രകൃതി എന്നു തോന്നാൻ കാരണം. ദണ്ഡകാരണ്യത്തിൽവച്ച് അദ്ദേഹം പ്രദൎശിപ്പിക്കുന്ന അധൈൎയ്യം കണ്ടാൽ കേവലം നിസ്സാരനാണെന്നു അവജ്ഞ തോന്നിപ്പോകും.

സീതാപവാദം ശ്രവിച്ചപ്പോൾ ഭവഭൂതിയുടെ രാമചന്ദ്രൻ കേവലം ബാലനെപ്പോലെ കേഴുന്നതും ഇതിനുദാഹരണമാണ്. രാമായണത്തിലെ രാമചന്ദ്രൻ സഭാമദ്ധ്യത്തിൽ വെച്ച് സീതാപവാദം ശ്രവിക്കുമ്പോൾ "എല്ലാവരും ഇങ്ങനെ തന്നെ പറയുന്നുണ്ടോ?" എന്നു സധൈര്യം ചോദിച്ചു വാസ്തവമാണെന്നു മനസ്സിലായപ്പോഴും കുലുക്കം കൂടാതെ അവിടെ നിന്നും അപ്രത്യക്ഷനാകുന്നു. എന്നിട്ട് ഭ്രാതാക്കളെ വിളിച്ച് "എനിക്കു സീത പവിത്രയാണെന്നറിയാം അതുകൊണ്ടാണ് ഞാൻ സ്വീകരിച്ചതു്. എന്നാൽ ഇപ്പോഴിതാ ലോകാപവാദം. അതുകൊണ്ടു സീതയെ ത്യജിക്കണം" എന്നുള്ള സ്ഥിരപ്രതിജ്ഞയോടുകൂടി ലക്ഷ്മണനെ വിളിച്ച് "നീ തന്നെ സീതയെ വനത്തിൽ കൊണ്ടുവിടണം." എന്നാജ്ഞാപിക്കുന്നു. പൗരാപവാദം ശ്രവിച്ച മാത്രയിൽ ബാണാഹതമായ സിംഹംപോലെ രോഷവും ദുഃഖവും നിമിത്തം ഗർജ്ജിച്ചുകൊണ്ട് എഴുന്നേൽക്കുന്നു. ഭവഭൂതിയുടെ ശ്രീരാമനാകട്ടെ കേവലം സ്ത്രീകളെപ്പോലെ വീണുരുണ്ടു കരയുകയാണ് ചെയ്യുന്നതു്.

"കുഷ്ഠിച്ചെട്ടുവയസ്സുതൊട്ടിതുവരെ
കൗതുഹലത്താൽ വള-
ർത്തിഷ്ടം പാരമദിക്കയാൽ ഹൃദയമൊന്നായുള്ള മത്കാന്തയെ
കഷ്ടം സൗനികനാലയത്തിൽ വളരും
പെൺ പക്ഷിയെപ്പോലെയീ
ദുഷ്ടൻ ഞാൻ കനിവെന്നിയേ കപടമായ്
കാലന്നുനൽകുന്നിതാ!"

ഉറങ്ങിക്കിടന്ന സീതയുടെ ശിരസ്സു പൊക്കി കൈമാററിയിട്ട്,

"വിടുക കഠിന കർമ്മംകൊണ്ടു
ചണ്ഡാളനാമെ
ന്നുടലുടനയി മുഗ്ദ്ധേ ക്രൂര
നാരുണ്ടിവണ്ണം
ചടുലമിഴിമനോജ്ഞേ
ചന്ദനഭ്രാന്തിമൂലം
കൊടിയ വിഷമരത്തെത്തന്നെ
നീയശ്രയിച്ചു."

എന്നും,

"ആതങ്കത്തെപ്പര മനുഭവിച്ചീടുവാൻ
തന്നെ ദൈവം
ചൈതന്യത്തെക്കഠിനമതിയായുള്ള
രാമന്നു നല്കി
ഖേദം നല്കുന്നിതു മമബലാൽ
പ്രാണനോ മർമ്മമെല്ലാം
ഭേദിപ്പിച്ചെൽ ഹൃദി നിഹിതമാം
വജ്രകീലംകണക്കേ"

എന്നും പലവുരു പുലമ്പി, അവസാനമായി,

"മെല്ലെസ്വപ്നഭയം നിമിത്തമിളകും
സമ്പൂർണ്ണഗർഭത്തിനാൽ
വല്ലാതങ്ങുതളർന്നു മാറിലതിവിശ്വാസാൽ
കിടന്നിങ്ങിനെ
ഇല്ലത്തിന്നൊരുശോഭയാം
പ്രിയയുറങ്ങുമ്പോളുപേക്ഷിച്ചുടൻ
കൊല്ലും വമ്പുലികൾക്കു ഹന്ത ബലിയാ
യേകുന്നിതീനിർദ്ദയൻ".

എന്നു കേണ് സീതയുടെ പാദങ്ങൾ ശിരസ്സിൽ വച്ചിട്ട് ഇതവസാനസ്പർശമാണെന്നു പറഞ്ഞു പിരിയുന്നു. ഇതു് കരുണരസത്തിന്റെ ഉച്ചനിലയായി സമ്മതിക്കാമെങ്കിലും ആര്യധർമ്മസംരക്ഷകനായ ഒരു വീരയോദ്ധാവിൽ നിന്നു ഇപ്രകാരമുള്ള വചസ്സുകൾ നിർഗ്ഗമിക്കുന്നതു സ്വാഭാവികമെന്നു വരുന്നതല്ല. ഇവിടെ ഭവഭൂതി ഒരു നാടകമാണ് നിർമ്മിക്കുന്നതു്

എന്നു നാം ഓക്കണം. നാടകത്തിൻെറ ഉദ്ദേശ്യം ഹൃദയസ്പൃശിയായിരിക്കണം എന്നുള്ളതാണ്. സംഭവങ്ങളുടെ സരസകോമളമായ വിവരണമാണ് നാടകത്തിൻെറ വിജയത്തിനു പ്രധാനഹേതു. അതുതന്നെയാണ് ശ്രീരാമൻെറ പ്രകൃതിമാററത്തിന്നുള്ള പ്രധാനകാരണവും. "ഉത്തരേ രാമചരിതേ ഭവഭൂതിർവിശിഷ്യതേ" എന്ന് ആദിയിൽ പ്രസ്താവിച്ച അഭിയുക്തവചനം ഇപ്പോൾ ഏതാണ്ട് അത്ഥവത്താണെന്ന് വന്നുകൂടുന്നു.

കവിയുടെ പ്രധാനകമ്മം സൃഷ്ടിവൈചിത്ര്യമാണ്. രചനാഗുണം എത്ര വിശേഷമായിരുന്നാലും പാത്രസൃഷ്ടിയിലുള്ള വൈദഗ്ദ്ധ്യം ഇല്ലാത്ത കവിത പ്രശംസാർഹമല്ല. കാളിദാസൻെറ ഋതുസംഹാരത്തിനും താംസൻെറ തദ്വിഷയകമായ കവിതയിലും ബാഹ്യപ്രകൃതികളുടെ ഉൽകൃഷ്ടമായ വൎണ്ണന സവിശേഷം കാണുന്നുമുണ്ട്. രണ്ടും ആദ്യവസാനം സുമധുരവും പ്രസാദയുക്തവും സ്വാഭാവിവും ആണ്. എന്നാൽ സൃഷ്ടിവൈചിത്ര്യത്തിൻെറ കുറവൊന്നു മാത്രം കൊണ്ട് ഇതിനെ പ്രധാന കാവ്യങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നില്ല. പാത്രസൃഷ്ടികൊണ്ടുമാത്രം കാവ്യം പ്രശംസാർഹമാകണമെന്നില്ല. കവിയുടെ സൃഷ്ടിസ്വാഭാവികവും സൗന്ദര്യവിശിഷ്ടവും അല്ലെങ്കിൽ അതൊരിക്കലും അഭിനന്ദനാർഹമാകുകയില്ല. അറേബ്യൻഗ്രന്ഥങ്ങളിൽ കാണുന്ന കല്പനാവൈഭവം മനോമോഹനമാണെങ്കിലും സ്വാഭാവികമല്ലാത്തതുമൂലം അവയും ഉൽകൃഷ്ടകാവ്യങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നില്ല. ഭവഭൂതിയുടെ നാടകത്തിൽ പാത്രസൃഷ്ടിയും പ്രസാദയുക്തമായ സംഘടനയും ഒരു പോലെ പരിപൂൎണ്ണമായി പ്രശോഭിക്കുന്നുണ്ടെന്നുള്ളതു് നിർവിവാദമാണ്. ഒരു കാവ്യം ഉത്തമമെന്നു പറയുന്നതിനു പ്രധാന ഹേതു എന്താണ്? ഏതൊന്നാണോ സകലരുടെ ഹൃദയങ്ങളേയും ആകർഷിക്കുന്നതു്, ഏതൊന്നിൻെറ സൃഷ്ടിയാണോ സകലരേയും ആനന്ദത്തിൽ ആറാടിക്കുന്നതു്, അതു തന്നെയാണ് സൗന്ദര്യം. ഏതാദൃശമായ സൗന്ദര്യസൃഷ്ടിയാണ് കവിയുടെ സർവ്വപ്രധാനമായ ഗുണം. ഈ അഭിനവവും സ്വഭാവാതിരിക്തവുമായ സൗന്ദര്യസൃഷ്ടിയിൽ ഭാരതീയകവികളിൽ വച്ച് വാല്മീകിയും മഹാഭാരതകത്താവും അഗ്രിമസ്ഥാനം വഹിക്കുന്നുണ്ട്. ഭവഭൂതിയും സൗന്ദര്യവസ്തുക്കളെ സൃഷ്ടിക്കുന്നതിൽ ഒട്ടും പിന്നോക്കമല്ല. സീത ഭവഭൂതിയുടെ കാലത്തുള്ള ഒരു കുലീനസ്ത്രീ തന്നെയാണ്. അതു കൊണ്ട് സാക്ഷാൽ സീതയ്ക്കു് അപകർഷം സംഭവിക്കുന്നില്ല. വാസന്തി ഒരു നൂതനസൃഷ്ടിയാണ്. അവളുടെ ചരിത്രം അതിവിശിഷ്ടമാണ്-സ്നേഹസ്വരൂപിണിയാണ്. ചന്ദ്രകേതുവിൻേയും ലവൻേറയും ചിത്രങ്ങളും പ്രശംസനീയങ്ങൾ തന്നെയാണ്. പ്രാചീനകവികളെപ്പോലെ ജഡപദാത്ഥങ്ങൾക്കു ആകൃതി കൊടുക്കുന്നതിൽ ഭവഭൂതി അത്യന്തം വൈദഗ്ദ്ധ്യം പ്രകാശിപ്പിച്ചു കാണുന്നു. തമസ, മുരള, ഗംഗ, ഭൂമി ഇവയെല്ലാം പ്രസ്തുതനാടകത്തിൽ മനുഷ്യരൂപിണികളാണ്. അവ അതിമനോഹരങ്ങളായ ചിത്രങ്ങളാണെന്നു് നാം മുമ്പു കണ്ടുകഴിഞ്ഞു.

രസോത്പാദനമാണ് കവിയുടെ മറെറാരുവിശിഷ്ടഗുണം. അലൗകികമായ ആസ്വാദനമാണ് രസം എന്ന് ആലങ്കാരികന്മാർ സിദ്ധാന്തിച്ചിട്ടുണ്ട്. രസാനു

ഭൂതി അനുഭവസാക്ഷികവും ഭേദരഹിതവും ആയതുകൊണ്ട് അതിനെ കരുണമെന്നോ രതിയെന്നോ ഉത്സാഹമെന്നോ ഉള്ള പേരുകൾ നൽകുന്നതുമൂലം ഒരു പ്രത്യേകതയ്ക്ക് അവകാശമില്ല. ഈ തത്വം അനുസരിച്ച് "കരുണമൊരു രസംതാൻ ഹേതുഭേദേന നാനാ പരിണതിയെ വഹിച്ചീടുന്നിതേ മാറി മാറി" എന്നുള്ള ഭവഭൂതിയുടെ നിർവ്വചനത്തിന് അപകർഷം പറയാൻ അവകാശമില്ല. കരുണരസം കൊണ്ട് ചിത്തവൃത്തി വിജയകരമാംവണ്ണം അദ്ദേഹം സാധിച്ചിട്ടുണ്ട്.

ഉത്തര രാമചരിതത്തിൽ ചില ദോഷങ്ങളും ഇല്ലാതില്ല. തൃതീയാങ്കത്തിലെ ചില ഭാഗങ്ങൾ അനാവശ്യമാണ് എന്നു തോന്നാൻ പല ന്യായങ്ങളും ഉണ്ട്. സീതാപരിത്യാഗത്തിനും പുനസ്സമാഗമത്തിനും ഇടയ്ക്കുള്ള കഥാഘടനയ്ക്ക് വലിയ ബന്ധമൊന്നും കൂടാതെയാണ് മൂന്നാമങ്കം കഴിഞ്ഞുകൂടുന്നതു്. ഈ അങ്കത്തെ ഉപേക്ഷിച്ചാൽ തന്നെയും നാടകത്തിന് അപകർഷം ഒന്നും വരാനില്ല. സുദീർഘമായ ഈ അങ്കപ്രവേശത്തിന് ഔചിത്യഭംഗം ഉണ്ടെന്ന് ചില വിമർശകന്മാർ അഭിപ്രായപ്പെടുന്നു. നാടകത്തെ സംബന്ധിച്ചിടത്തോളം തൃതീയാങ്കത്തിന് അനൗചിത്യം കല്പിക്കുന്ന വിമർശകന്മാർ പ്രസ്തുതഅങ്കത്തെ ഗുണസമ്പൂർണ്ണമായ ഒരുത്തമകാവ്യമെന്ന് സമ്മതിക്കാതിരിക്കയില്ല. കാവ്യാംശത്തിൽ തത്തുല്യമായ രചന ദുർല്ലഭമാണ്. ഭവഭൂതിയുടെ ന്യൂനതകളെപ്പററി പറയുന്ന ഘട്ടത്തിൽ മഹാപണ്ഡിതനായ ഈശ്വര ചന്ദ്രവിദ്യാസാഗരൻ ഇങ്ങനെ അഭിപ്രായപ്പെടുന്നു. "ഭവഭൂതിയുടെ കാവ്യങ്ങളിൽ ഇടയ്ക്കിടയ്ക്കു സംസ്കൃതങ്ങളും പ്രാകൃതങ്ങളും ദീർഘസമാസഘടിതങ്ങളായിരിക്കുന്നതു കൊണ്ട് അർത്ഥാവബോധത്തിന് ബുദ്ധിമുട്ടും രസവിച്ഛിത്തിയും സംഭവിക്കുന്നു." അർത്ഥാവബോധത്തിനു ഹാനിതട്ടുന്ന ദീർഘസമാസങ്ങൾ നാടകത്തെ അപേക്ഷിച്ച് രചനാദോഷങ്ങളാണെന്ന് ആലങ്കാരികന്മാർ സമ്മതിക്കുന്നുണ്ട്.

മേൽപറഞ്ഞ ന്യൂനതകൾ ഗുണഭൂയിഷ്ഠമായ പ്രസ്തുത നാടകത്തിനു അപകർഷം വരുത്താൻ പര്യാപ്തമല്ല എന്നുള്ളതു നിർവിവാദമാണ്.

"ഏകോ ഹി ദോഷോ ഗുണസന്നിപാതേ
നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ"

# ഉണ്ണുനീലി സന്ദേശം.

വിദ്വാൻ നാവലർ.

സന്ദേശകാവ്യങ്ങളിൽ മുന്നണിയിൽ നിൽക്കുന്നതു കാളിദാസൻെറ മേഘസന്ദേശമാണെന്നുള്ളതു് പരക്കെ സമ്മതിച്ചിട്ടുള്ള വസ്തുതയാണ്. അതിനടുത്ത പടിയിൽ നിൽക്കുന്നതു ശുകസന്ദേശമാണെന്നു പലക്കും അഭിപ്രായമുണ്ട്. ദ്രാവിഡശാഖയിൽപ്പെട്ട പലഭാഷകളിലും സന്ദേശകാവ്യങ്ങൾ ഉണ്ടായതു സംസ്കൃത സന്ദേശ കാവ്യങ്ങൾ ആവിർഭവിച്ചതിൽ പിന്നെ അവയുടെ രീതിയനുസരിച്ചുതന്നെയായിരിക്കണം. മേഘസന്ദേശത്തിലേ കാവ്യരീതിയെ അവലംബിച്ച് ഉണ്ടായ പല സന്ദേശകാവ്യങ്ങളും ദ്രാവിഡഭാഷകളിൽ കാണ്മാൻ കഴിയും. തമിഴിൽ മേഘത്തെ മാത്രമല്ല, ശുകം, ഹംസം, വണ്ട്, മയിൽ മുതലായവയെയും സന്ദേശവാഹികളായി കൽപ്പിച്ചുകാണുന്നുണ്ട്. തമിഴ് സന്ദേശകാവ്യങ്ങളിൽ മിക്കവാറും നായിക നായകനു് സന്ദേശം അയയ്ക്കുന്നതായിട്ടാണ് എഴുതിക്കാണുന്നതു്. നായകന്മാക്കു് സന്ദേശം അയയ്ക്കുന്നതു് സംസ്കൃതത്തിലും മലയാളത്തിലുമുള്ള സന്ദേശ കാവ്യങ്ങളിലാണ് അധികം കാണുന്നതു്. തൻെറ വിരഹതാപത്തെ നായിക പറഞ്ഞറിയിച്ച് നായകനെ തൻെറ വാസസ്ഥാനത്തു വന്നു ചേരുവാൻ പ്രാൎത്ഥിക്കണമെന്ന് സന്ദേശഹാരിയോട്ട് അപേക്ഷിക്കുകയും, അതിന്നു പക്ഷേ തടസ്സമുണ്ടായാൽ നായകൻ സ്വപക്ഷസ്ഥാനത്തു് അല്ലെങ്കിൽ ഭുജങ്ങളിൽ ധരിച്ചിട്ടുള്ള മാലയെ വാങ്ങിച്ചുകൊണ്ടു വരുവാൻ യാചിക്കുകയും തമിഴ് സന്ദേശകാവ്യങ്ങളിൽ പ്രാധാന്യമേറിയ സംഗതികളാണ്. നായിക സ്വച്ഛയായി സഞ്ചരിക്കാൻ അധികാരമില്ലാത്തവളാകകൊണ്ടു് അവൾക്കു് ഏതു സ്ഥലത്തുനിന്നും ഏതവസ്ഥയിലും സന്ദേശം അയയ്ക്കാവുന്നതാണ്. നായകൻ സന്ദേശം അയയ്ക്കുന്ന കാൎയ്യത്തിൽ തനിക്കു നായികയെ ചെന്നു കാണാൻ അധികാരമുള്ളതുകൊണ്ടു് അതിനു തടസ്സമായ ഏതെങ്കിലും സംഭവം അത്യാവശ്യമായിരിക്കുന്നു. മേഘസന്ദേശത്തിലേ നായകൻ കാരാഗൃഹവാസിയായതും, പ്രസ്തുത കാവ്യനായകൻ യക്ഷിയാൽ കൊണ്ടുപോകപ്പെട്ടു വീണു മൂർച്ഛിച്ചു പതിനഞ്ചുദിവസം നടക്കാൻ അശക്തനാകയും ചെയ്തതു് നായകനു് താനേ നായികയെ കാണത്തക്ക സൗകൎയ്യമുണ്ടായാൽ സന്ദേത്തിനുള്ള ആവശ്യമുണ്ടാകാൻ ഇടയില്ലാത്തതുകൊണ്ടാണ്. 'മെല്ലപ്പോരായതു പുനരധീരാക്ഷി പക്ഷം കഴിഞ്ഞേ' (2-87) എന്നുള്ള ഉത്തരസന്ദേശവാക്യം നോക്കുക. പതിനഞ്ചുദിവസംക്രുടി സഹിക്കാൻ വഹിയാത്ത വിരഹതാപത്തെ ഇതിൽ സൂചിപ്പിച്ചിരിക്കുന്നതിനാൽ വിപ്രലംഭ ശൃംഗാരത്തിൻെറ രസസാരാംശം ഇതിൽ നല്ലവണ്ണം ധ്വനിക്കുന്നുണ്ട്.

പ്രസ്തുത സന്ദേശകാവ്യത്തിലേ നായകൻ കവിതന്നെയാണെന്നു പലരും വാദിച്ചിട്ടുണ്ടെങ്കിലും അതിൽ പല അനൗചിത്യങ്ങളും കാണുന്നുണ്ട്. 'മുണ്ടെക്കൽ തങ്കമുണ്ണുനീലി' എന്നും മററും വരുന്ന പ്രസ്താവനകളിൽ ഉണ്ണുനീലി തൻെറ

ഭാൎയ്യയാണെന്നു സൂചിപ്പിച്ചുകാണുന്നില്ല. പ്രസ്തുത ആ സുന്ദരിയെ വളരെ ബഹുമാനിച്ചുംകൊണ്ടാണ് ഈ കാവ്യം തുടങ്ങിക്കാണുന്നതു്. 'ഇല്ലത്തിന്നുന്നതിം തേ വിതരതു നിതരാമാകയാലുണ്ണുനീലി' എന്നു കവി തന്റെ ഭാൎയ്യയോടുപറയുന്നതു നോക്കുമ്പോൾ, പ്രസ്തുതകാവ്യത്തെ തന്റെ ഭാൎയ്യ ഉണ്ണുനീലിക്കു കാഴ്ചവയ്ക്കുമ്പോൾ അവൾ ബഹുമാനം നൽകട്ടെ എന്നുള്ള ഭാവമാണ് ധ്വനിക്കുന്നതു്. ഉണ്ണുനീലിയെ താൻ നേരേ ചെന്നുകാണുന്നതു് അനുചിതമെന്നുവച്ചായിരിക്കാം കവി സ്വഭാൎയ്യയോടു് കാവ്യത്തെ കാഴ്ചവയ്ക്കണം എന്നു സൂചിപ്പിക്കുന്നതു്. ഇതുകൊണ്ടും കവി ഉണ്ണുനീലിയെക്കാളും താഴ്ന്നനിലയിലുള്ള ആളാണെന്നുകൂടി ഊഹിക്കാൻ ഇടയുണ്ടു്. കൂടാതെ കാവ്യോദ്ദേശ്യംകൂടി കവി 'മടവാർ നായികാം വാഴ്ത്തുവാനായി കോലിനേൻ' (പ്ര-3) എന്നു തുറന്നു പറയുന്നതുകൊണ്ടു് ഉണ്ണുനീലിയെ കാവ്യമുഖേന വാഴ്ത്തുന്നതല്ലാതെ അവളെ പ്രിയയാക്കുന്നതല്ല കവിയുടെ ഭാവം എന്നു എളുപ്പം ഗ്രഹിക്കാൻ കഴിയാവുന്നതാണ്. കവി തന്നെ നായകനാണെങ്കിൽ 'ഉണ്ണുനീലി തിരുനാൾ' എന്നും മററും നായികയെ കീൎത്തിക്കേണ്ട ആവശ്യമില്ല. 'പൂമാലക്കുഴലുണ്ണുനീലി തിരുനാൾ നിണാൾ വിളങ്ങീടുക' (പ്ര-4) എന്നു് കവി വാഴ്ത്തുകയാണു ചെയ്യുന്നതു്. 'തിരുനാൾ' എന്ന ശബ്ദം രാജാക്കന്മാൎക്കോ രാജകുടുംബജാതകൾക്കോ അല്ലാതെ മററുള്ളവൎക്കു ചൂടുവാൻ അവകാശമില്ലാത്തതാണ്. അതുകൊണ്ടു് ഉണ്ണുനീലി രാജകുടുംബസംബന്ധമുള്ളവളാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇക്കാരണം കൊണ്ടുതന്നെ മണികണ്ഠ രാജാവിന്റെ ഭാൎയ്യയാണ് ഉണ്ണുനീലി എന്നു സിദ്ധാന്തിപ്പാൻ യാതൊരു തെളിവും കാവ്യത്തിൽ ഇല്ല.

കവി തന്നെ നായകനാണെങ്കിൽ ആദിത്യവൎമ്മരാജാവിനെ സന്ദേശഹാരിയാക്കുന്നതിൽ അനൗചിത്യമുണ്ടു്. അതിനു കാരണം കവിതന്നെ. 'സ്വാൎത്ഥപ്രവൃത്തികളിലെവിടെക്കാമുകാനാം വിവേകം' എന്നു സമാധാനം പറയുന്നുണ്ടെങ്കിലും, അതിൽ രാജാക്കന്മാരെ ദൂതയയ്ക്കുന്നതിലുള്ള പൊതുവായ അനൗചിത്യം മാത്രമേ വിവക്ഷിച്ചിട്ടുള്ളു. ഉണ്ണുനീലി തിരുനാൾ എന്നതിനു യോജിക്കത്തക്കവണ്ണം, രാജസംബന്ധമുള്ള സ്ത്രീക്കു സന്ദേശം കൊണ്ടുപോകത്തക്ക യോഗ്യത രാജാക്കന്മാൎക്കേ ഉള്ളു എന്നു വിചാരിച്ചായിരിക്കണം കവി സന്ദേശഹാരിയായി ആദിത്യവൎമ്മരാജാവിനെക്കണ്ടുപിടിച്ചതു്.

കവി ഉണ്ണുനീലിയെ നല്ലവണ്ണം അറിഞ്ഞിട്ടുള്ളതുകൂടാതെ അവളുടെ ഗൃഹത്തെക്കുറിച്ചുള്ള സംഗതികളിലും പരിചയം കിട്ടീട്ടുള്ള ആളാണെന്നുള്ളതു് അവളുടെ സ്വഭാവ സൗന്ദൎയ്യാദികളെ വൎണ്ണിക്കുന്നതുകൊണ്ടും തദ്ഗൃഹലക്ഷണങ്ങളെ പ്രതിപാദിക്കുന്നതു കൊണ്ടും ഗ്രഹിക്കാവുന്നതാണ്. പക്ഷേ, ഇവയെല്ലാം, ഉണ്ണുനീലിയുടെ ഭൎത്താവു് കവി തന്നെയാണെന്നുള്ളതിലേക്കു മതിയായ രേഖകളല്ല.

കൊല്ലത്തു നാടുവാണിരുന്ന രവിവൎമ്മരാജാവിനെക്കണ്ടു സന്ദേശകാൎയ്യം പറയണമെന്നും കായംകുളത്തു ചെന്നിട്ടു കണ്ടിയൂൎക്കു തിരിച്ചുപോരണമെന്നും ചിറവാസ്വരൂപത്തിൽ മൂലകുടുംബത്തിൽ ചെന്നു വേണ്ട ചടങ്ങുകൾ ചെയ്യണമെന്നും ഇടയ്ക്കിടയ്ക്കുള്ള ദേവാലയങ്ങളിൽ ചെന്നു ഭജിച്ചുപോകണമെന്നും സന്ദേശഹാരിയോടു

പറയുന്നതു് സന്ദേശകാവ്യത്തിന്നു് അനുകൂലമാണെന്നു വിചാരിപ്പാൻ തരമില്ല. വിരഹംകൊണ്ടു പരവശരായവർ സന്ദേശം വേഗം ചെന്നെത്തി സന്ദേശം അറിയിച്ചു തിരിച്ചുപോരണമെന്നേ വിചാരിക്കയുള്ളു. 'ഉണ്ടാകേണ്ടും വിരവൊടു പുനർദർശനം' (2-61) എന്നു കവി പറയുന്നതു സന്ദേശഹാരിയെ വഴിമദ്ധ്യേ പലടത്തും താമസിക്കാൻ ഇടയാക്കിയതിനെ മറന്നായിരിക്കാൻ ഇടയില്ല; എന്നാൽ തന്റെ ഉദ്ദേശങ്ങളെയെല്ലാം പ്രസ്തുതകാവ്യത്തിൽ സൂചിപ്പിക്കണമെന്നായിരിക്കണം. നളൻ അരയന്നത്തെ ദൂതയച്ചിട്ടു ബദ്ധപ്പെടുന്നതുപോലെ നമ്മുടെ നായകൻ ബദ്ധപ്പെടുന്നതിനു തക്ക വിരഹം സംഭവിച്ചില്ലേ എന്നു തോന്നുന്നു.

ആദിത്യവർമ്മരാജാവിന്റെ കീർത്തിയെ പ്രകടിപ്പിക്കുന്നതു പ്രസ്തുത കാവ്യത്തിന്റെ പ്രഥമോദ്ദേശ്യങ്ങളിൽ ഒന്നാണെന്നു ചില ശ്ലോകങ്ങൾകൊണ്ടു് അറിയാവുന്നതാണ്.

"സ്വസ്ഥാദേശാദിഷു ചല ദൃശാം,
മാരണേ വൈരിപുംസാം
ചിത്തോന്മേഷാദിഷു ച വിദുഷാം
പാക്കിൽ നല്ലോരു മന്ത്രം
തൃപ്പാപ്പൂർമൂപ്പഴകുപൊഴിയും
വീരനാതിച്ചവർമ്മൻ
മൽപ്പാട്ടുണ്ടാം വിരുതു സഹസാ തസ്യ
മൃത്യുഞ്ജയോത്ഭുൽ (1-11.)
വ്യായാമംകൊണ്ടഴകിലുദിതാമോദ
മുച്ചൈശ്രവാവി
ന്നായാസം ചെയ്യുമലതുരഗം
നീ കരേറും ദശായാം
പ്രാണാപായം കരുതിന തുലിക്കൻ
പടക്കോപ്പിനെന്നും
ചൊൽവുണ്ടല്ലോ സുരപരിഷദാ
മപ്പൊടിച്ചാർത്തു ചെൻറു്" (1-21.)

എന്നും മററും കാവ്യമദ്ധ്യത്തിൽ പതിച്ചിട്ടുള്ള രത്നസദൃശം പ്രകാശിക്കുന്ന ഏതൽ ശ്ലോകങ്ങൾ ദൃഷ്ടവ്യങ്ങളാണു്.

സന്ദേശഹരൻ ആദിത്യവർമ്മനാകകൊണ്ടു്, കവി 'ആസ്ഥാലോകേ വിപുലമനസ്സാം' എന്ന ശുകസന്ദേശവാക്യത്തെപ്പറഞ്ഞു് അദ്ദേഹത്തിനോടു സന്ദേശം വഹിക്കണമെന്നുള്ള തന്റെ ആഗ്രഹത്തെ സൂചിപ്പിക്കമാത്രമാണു് ചെയ്തിട്ടുള്ളതു്.

'നൻറും നൻറായ് വരികതിരുവുള്ളം' (1-34) എന്ന വാക്യം രാജാക്കന്മാരോടു അഭ്യർത്ഥിക്കുന്ന രീതിയിലാണു ശോഭിക്കുന്നതു്. 'തിരുവുള്ളം' എന്ന പദംകൊണ്ടു് ഉണ്ണുനീലിയുടെ ഭർത്താവായി കല്പിച്ചതു് (അല്ലെങ്കിൽ യഥാർത്ഥമായ ഭർത്താവു്) രാജകുലജാതനായിരിക്കേണ്ട ആവശ്യമില്ലെന്നു നിർബന്ധമില്ല. ഭർത്താവു് രാജകുലശ്രേഷ്ഠനാണെങ്കിലും കവി രാജാവല്ലാത്തതുകൊണ്ടു് വണക്കം ദ്യോതിപ്പിക്കത്തക്കവണ്ണം എഴുതുന്നതിൽ ആക്ഷേപമില്ലല്ലോ. 'എൻറീവണ്ണം തൊഴുതു വിടയും കൊണ്ടെനിക്കും നിനക്കും— നൻറും നമ്മക്കുഴകൊടു ഭവാനുണ്ണുനീലക്കു മേററം' (1-48) എന്നു നായകൻ പറയുന്നതുകൊണ്ടു് ആദിത്യവർമ്മരാജാവിന്നും പ്രകൃത സന്ദേശം വഹിക്കുന്നതു സുകൃതമാണെന്നു തോന്നുന്നു.

അർത്ഥിശ്രേണിക്കഭിമതഫലം
നൽകുവാൻ പാരിജാതം
വിദ്വാൽ പത്മാകരദിനകരം
വിശ്വലോകൈകദീപം
മുററിക്കൂട്ടും പെരിയപരചക്രേഷു
ചക്രായമാണം
കററക്കാർമൽ പുരികുഴലിമാർ
മാരനെക്കാൺക പിന്നെ. (1-76)

എന്നും മററും രവിവൎമ്മ ചക്രവൎത്തിയെ രസകരങ്ങളായ കവിതകൾ കൊണ്ടു പ്രസ്തുതകാവ്യത്തിൽ കീൎത്തിച്ചു കാണുന്നുണ്ടു്. രാജാക്കന്മാരെ സ്തുതിക്കുന്നതിലും കവിയുടെ ദൃഷ്ടി നല്ലവണ്ണം പതിഞ്ഞിട്ടുണ്ടെന്നു് ഇതുകൊണ്ടു ദൃഢമാകുന്നു.

'ഉണ്ണുനീലി' എന്ന നായിക കല്പിതയാണെന്നു ചിലർ പറയുന്നുണ്ടു്. എന്നാൽ, അവളുടെ ഗൃഹത്തിൻെറ വൎണ്ണനയും അവളുടെ സൗന്ദൎയ്യവിഭവാദികളും പ്രതിപാദിക്കപ്പെടുന്ന കവിതകളെ നോക്കുമ്പോൾ ആ പക്ഷത്തിനു ബലമില്ലെന്നു തോന്നിപ്പോകും. എന്നു മാത്രമല്ല, 'ഉണ്ണുനീലിതിരുനാൾ' എന്നും മററും പറഞ്ഞു അവളെ ഒരു രാജസ്ത്രീയാക്കേണ്ട ആവശ്യവും വേണ്ടിയിരുന്നില്ല. 'മടവാർനായികാം വാഴ്ത്തുവാനായ്' 'ഇല്ലത്തിന്നുന്നതിം തേ വിതരതു' എന്നും മററും വരുന്നവാക്യങ്ങൾക്കും വലിയ പ്രയോജനമൊന്നും ഉണ്ടാകയില്ല. അതുകൊണ്ടു് ഉണ്ണുനീലി ഒരു യഥാൎത്ഥ നായികയാണെന്നുള്ളതിൽ യാതൊരു സംശയത്തിനും ഇടയില്ലാത്തതാണു്.

'യൽസത്യം തൽഭവതു പുണർതന്നാൾ പിറന്നെങ്ങൾ കാന്തൻ വന്നിട്ടിൻേറ മമ മനസി ജ ച്ചൂടൊഴിച്ചീടുമാകിൽ' (2-70) എന്നീ പാദങ്ങളിൽ ഉണ്ണുനീലിയുടെ ഭൎത്താവു് പുണർതന്നാൾ ജനിച്ചയാളാണെന്നു മനസ്സിലാകുന്നുണ്ടു്. രാജാക്കന്മാരെ മൂലം, വിശാഖം, ആയില്യം ചോതിതിരുനാൾ എന്നും മററും നക്ഷത്രംകൊണ്ടു് അറിയിക്കുന്നതല്ലാതെ മിക്കവാറും പേർ പറയുന്നതു പതിവുള്ളതല്ല. നക്ഷത്രംകൊണ്ടു വിവക്ഷിക്കുന്നതു ബഹുമാന്യതയെക്കരുതിയാണു്. പ്രസ്തുത ശ്ലോകത്തിൽ ഉണ്ണുനീലി തൻെറ ഭൎത്താവിനെ 'പുണർതന്നാൾ പിറന്നെങ്ങൾ കാന്തൻ' എന്നു പറയുന്നുണ്ടു്. ഇതുകൊണ്ടുതന്നെ പുണർതം നക്ഷത്രജാതനായ ഒരു രാജാവു് തന്നെയാണു് ഉണ്ണുനീലിയുടെ ഭൎത്താവു് എന്നു സ്പഷ്ടമാകുന്നു. രാജാവല്ലാത്ത ഒരു ഭൎത്താവാണെങ്കിൽ അയാളുടെ നക്ഷത്രംകൂടി അറിയുന്നതു വിഷമവും അസാധാരണവുമാണു്. സുപരിചയംകൊണ്ടു് അറിഞ്ഞാൽ കൂടി നക്ഷത്രനാമത്തെപ്പറയുന്നതുകൊണ്ടു മററുള്ളവരെ ധരിപ്പിക്കുന്നതു് എളുതല്ലതാനും. ഭൎത്താവിൻെറ പേരു പറക സാധാരണമല്ലാത്തതുകൊണ്ടാണു് ഇവിടെ നക്ഷത്രത്തെ സൂചിപ്പിച്ചതു് എന്നും, അതുകൊണ്ടു കാന്തൻ രാജാവായിരിക്കണമെന്നില്ലെന്നും വാദിക്കുവാനിടയുണ്ടു്. ഭൎത്താവിൻെറ പേരു പറയുന്നതു് അനുചിതമാണെങ്കിലും പേരിനുപകരം നക്ഷത്രം പറയുന്നതു സാധാരണജനങ്ങളുടെ ഇടയിൽ അസാധാരണമാകകൊണ്ടു് 'എങ്ങൾകാന്തൻ' എന്നു മാത്രം പറഞ്ഞാൻ മതിയായിരുന്നു. വേറെവല്ലവിധത്തിലും നായകനെ വിവക്ഷിക്കുന്ന പദങ്ങൾ കൊണ്ടു തന്നെ ആശയം പൂൎത്തിയാക്കാവുന്നതുമാണുതാനും. 'പുണർതന്നാളും' 'ഉണ്ണുനീലി തിരുനാളും' അവളുടെ ഗൃഹവൈഭവങ്ങളും എത്ര കണ്ടു യോജിച്ചിരിക്കുന്നു എന്നു നോക്കുക.

> 'ശയ്യോപാന്തേ സലളിതമിരുന്നു-
> ണ്ണുനീലീമിരുത്തി-
> ക്കല്പ്രാകാരേ നിജകരതലേ
> കാന്തതൻ കയ്യുമേന്തി
> അത്യാമോദാൽപ്പുളകമിളകി
> ക്കൊങ്കമേൽപ്പൊങ്ങുമാറ-
> ങ്ങസ്മദ്വാൎത്താമവളൊടറിയിപ്പിക്ക
> നീ പിന്നെ മുന്നിൽ' (2-79)
> 'വാൎത്താമാത്രം തവസുവദനേ ചൊ-
> ല്ലുവാനാഗതോ ഞാൻ' (2-83)